ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

വാല്യം 03 ഫെബ്രുവരി 2020 ലക്കം 02

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

- curiaadtly@gmail.com
www.archdioceseoftellicherry.org
www.ephphatharadio.com
0490--2342440

# ഉള്ളടക്കം


1. സർക്കുലർ - സിനഡ് ............ 05
2. കെ.സി.ബി.സി. സർക്കുലർ - തിരുബാലസഖ്യദിനം ............ 11
3. കെ.സി.ബി.സി.സർക്കുലർ - രോഗീദിനാചരണം ............ 16
4. കച്ചേരിക്കാര്യം ............ 21
5. സെമിനാരി വാർത്തകൾ ............ 25
6. വിശ്വാസപരിശീലനം ............ 26
7. കുടുംബക്കൂട്ടായ്മ ............ 33
8. ബൈബിൾ അപ്പൊസ്റ്റോലേറ്റ് ............ 38
9. ചെറുപുഷ്പ മിഷൻ ലീഗ് ............ 41
10. തിരുബാലസഖ്യം ............ 46
11. യുവജനശുശ്രൂഷ ............ 48
12. കുടുംബപ്രേഷിതത്വം ............ 51
13. വിദ്യാഭ്യാസ ഏജൻസി ............ 55
14. സാൻജോസ് അക്കാഡമി ............ 58
15. ഇൻഫാം വാർത്തകൾ ............ 62
16. എ.കെ.സി.സി. വാർത്തകൾ ............ 63
17. വിമൽജ്യോതി വാർത്തകൾ ............ 65
18. ഫ്രാൻസിസ്കൻ അല്മായ സഭ ............ 68
19. പ്രതീക്ഷ വാർത്തകൾ ............ 70
20. എ.ഡി.എസ്.യു ............ 71
21. കെസിബിസി മദ്യവിരുദ്ധ സമിതി ............ 72
22. സാമൂഹ്യസേവനവേദി ............ 75
23. ADAM ............ 79
24. ധ്യാനകേന്ദ്രങ്ങളിലൂടെ ............ 80
25. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ............ 82
26. Programme of the Archbishop Mar George Njaralakatt ............ 86
27. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ............ 87
28. Programme of the Abp. Emeritus Mar George Valiamattam ............ 89
29. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ............ 90
30. Programme of the Auxiliary Bishop Mar Joseph Pamplany ............ 93

Prot. No. 0053/2019

# സിനഡ് അനന്തര സർക്കുലർ

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിതന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കുംസമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്നഎല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ 28-ാമതു സിനഡ് സഭയുടെ ആസ്ഥാന കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ജനുവരി 10 മുതൽ 15 വരെ നടന്ന വിവരം നിങ്ങൾക്കറിയാമല്ലോ. തീക്ഷ്ണമായ പ്രാർത്ഥനയിലൂടെയും പരിത്യാഗ ത്തിലൂടെയും സിനഡിന്റെ വിജയത്തിനായി സഹായിച്ച എല്ലാവരെയും ഞാൻ നന്ദിയോടെ ഓർമ്മിക്കുന്നു. മൂന്നു ദിവസം നീണ്ട ഒരുക്ക ധ്യാനത്തിനു ശേഷമാണ് പിതാക്കന്മാർ സിനഡിലേയ്ക്ക് പ്രവേശിച്ചത്. സിനഡിന്റെ പ്രാരംഭത്തിൽ ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ചുബിഷപ്പ് ജാൻബത്തീസ്ത ദി ക്വാത്രോ സിനഡിനെ അഭിസംബോധന ചെയ്തു സംസാരിച്ചു. നമ്മുടെ സഭയിലെ 64 മെത്രാ ന്മാരിൽ 57 പേർ സിനഡിൽ സംബന്ധിച്ചു. സഭയെയും നമ്മുടെ നാടി നെയും സംബന്ധിക്കുന്ന ഒട്ടനവധി വിഷയങ്ങളിൽ സിനഡ് ക്രിയാത്മ കമായ ചർച്ചകൾ നടത്തി തീരുമാനങ്ങൾ എടുക്കുകയുണ്ടായി.

**1. കാർഷികരംഗം**

കേരളത്തിലെ കാർഷികരംഗം ഗുരുതരമായ പ്രതിസന്ധി കളിലൂടെയാണ് കടന്നു പോകുന്നത്. കാർഷികോൽപന്നങ്ങളുടെ വിലത്തകർച്ചമൂലം കർഷകകുടുംബങ്ങൾ ഉപജീവനത്തിന് വകയില്ലാതെ ഉഴലുകയാണ്. തുടർച്ചയായുണ്ടായ രണ്ട് പ്രളയങ്ങൾ കേരളത്തിലെ കർഷകരെ ദുരിതക്കയത്തിൽ ആഴ്ത്തിയിരിക്കുകയാണ്. വന്യമൃഗങ്ങൾ കർഷകരുടെ ജീവനും സ്വത്തിനും ഭീഷണിയായി മാറിയിട്ട് കാല മേറെയായി. കർഷകർ അനുവിക്കുന്ന ദുരവസ്ഥ പരിഹരി ക്കാനായി പൊതുസമൂഹവുമായി ചേർന്ന് സഭ സജീവമായി രംഗത്തിറങ്ങണമെന്ന് സിനഡ് തീരുമാനിച്ചു. കർഷകരുടെ ആവശ്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി വിവിധ കേന്ദ്രങ്ങളിൽ കർഷകരുടെ മഹാസംഗമങ്ങൾ നടത്തിയ രൂപതകളെ സിനഡ് അഭിനന്ദിച്ചു.

കർഷക പെൻഷൻ പ്രതിമാസം പതിനായിരം രൂപയായി ഉയർത്തുക, കാർഷിക കടങ്ങൾ എഴുതിതള്ളുക, വന്യമൃഗങ്ങളെ വനാതിർത്തിക്കുള്ളിൽ നിലനിർത്താൻ ആവശ്യമായ നടപടിക ളെടുക്കുക, സർക്കാർ സത്വരമായി ഇടപെടുക, കാർഷിക ഉൽപന്നങ്ങൾക്ക് ഡോ. എം.എസ്. സ്വാമിനാഥൻ കമ്മീഷൻ നിർദ്ദേശം അനുസരിച്ച് താങ്ങുവില നിശ്ചയിക്കുക, കാർഷിക ജോലികൾ ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങളാണ് കർഷകർ സർക്കാരിന് മുമ്പിൽ വയ്ക്കുന്നത്. കർഷകരുടെ തികച്ചും ന്യായമായ ഈ ആവശ്യങ്ങളോട് ഉദാരപൂർണമായ സമീപനം സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്ന് സിനഡ് പ്രത്യാശി ക്കുകയാണ്. തന്റെ ജനത്തിന്റെ ക്ലേശങ്ങൾ കാണുകയും അവരുടെ രോദനം കേൾക്കുകയും ചെയ്യുന്ന ദൈവം (പുറ 3:7) നല്ല കാലാവ സ്ഥയും സമൃദ്ധിയും നൽകി നമ്മുടെ കർഷകരെ അനുഗ്രഹിക്കാനായി നമുക്ക് പ്രാർത്ഥിക്കാം.

## 2. പൗരത്വ ഭേദഗതി നിയമം

പൗരത്വഭേദഗതി നിയമത്തക്കുറിച്ച് രാജ്യത്ത് നിലവിലുള്ള ആശങ്കകളും അസ്വസ്ഥതകളും പരിഹരിക്കാൻ തയ്യാറാകണമെന്ന് സിനഡ് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു. ഭാരതത്തിന്റെ പവിത്രമായ ഭരണഘടന അവികലമായി പരിരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പു വരുത്താൻ നിയമനിർമ്മാതാക്കൾ ശ്രദ്ധിക്കണം. ഭരണഘ ടനയുടെ അടിസ്ഥാന മൂല്യങ്ങളിലൊന്നായ മതേതരത്വം ഈ നിയമംമൂലം സംശയത്തിന്റെ ദൃഷ്ടിയിൽ നിൽക്കാൻ ഇടവരരുത്. തിരിച്ചുപോകാൻ ഇടമില്ലാത്ത വിധം രാജ്യത്തുള്ള അഭയാർഥികളെ മത പരിഗണന കൂടാതെ സ്വീകരിക്കാനും പൗരത്വം നൽകാനും സർക്കാർ തയ്യാറാകണം എന്നതാണ് സഭയുടെ നിലപാട്. പുതുതായി പൗരത്വം നല്കുന്നവരെ പുനരധിവസിപ്പിക്കുമ്പോൾ വടക്കു കിഴക്കൻ സംസ്ഥാനങ്ങളുടെ സാംസ്കാരിക പൈതൃകത്തെ കൂടി സർക്കാർ പരിഗണിക്കണം. അഭയാർത്ഥികളിൽ ചിലരെ മതാടിസ്ഥാനത്തിൽ വേർതിരിക്കാനും പൗരത്വം നിഷേധിച്ച് സ്ഥിരമായി അയാർത്ഥി ക്യാമ്പുകളിൽ പാർപ്പിക്കാനുമുള്ള നീക്കം ഉപേക്ഷിക്കണം. ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നിലപാടിൽ കൂടുതൽ വ്യക്തത ആവശ്യമാണ്. സർക്കാർ നിയമങ്ങളെ എതിർക്കാൻ അക്രമമാർഗങ്ങൾ സ്വീകരിക്കുന്നതും ജനകീയസമരങ്ങളെ ക്രൂരമായി അടിച്ചമർത്തി നിശബ്ദമാക്കാൻ ശ്രമിക്കുന്നതും ഒരു പോലെ അധാർമികമാണ്. ഭാരതം എന്ന മഹത്തായ രാജ്യത്ത് മതേതരത്വവും തുല്യനീതിയും നടപ്പിലാകുന്നുണ്ടെന്ന് ഓരോ പൗരനെയും ബോധ്യപ്പെടുത്താൻ ഭരണകൂടത്തിന് ഉത്തരവാദിത്വമുണ്ട്.

### 3. ന്യൂനപക്ഷക്ഷേമ പദ്ധതികളിലെ വിവേചനം

ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നമനത്തിനായി സർക്കാർതലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ ക്രൈസ്തവർ വിവേചനം അനുഭവിക്കുന്നതായി സിനഡ് വിലയിരുത്തി. നിയമപരമായി തന്നെ കേരള ത്തിലെ ന്യൂനപക്ഷ ക്ഷേമ വകുപ്പ് ചിലവിടുന്ന തുകയുടെ 80% ഒരു ന്യൂനപക്ഷ വിഭാഗത്തിനു മാത്രമായി സംവരണം ചെയ്തിരിക്കുകയാണ്. ശേഷിക്കുന്ന 20% ആണ് ന്യൂനപക്ഷങ്ങളിലെ മറ്റ് 5 വിഭാഗങ്ങൾക്കുമായി നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. ഈ അനീതി പരിഹരിച്ച് ജനസംഖ്യാനു പാതികമായി ന്യൂനപക്ഷ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കണം.

വിവിധ മത്സര പരീക്ഷകൾക്കുള്ള പരിശീലന കേന്ദ്രങ്ങളായി 45-ൽ പരം സെന്ററുകൾ സർക്കാർ ചിലവിൽ ന്യൂനപക്ഷ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഇവ എല്ലാ ന്യൂനപക്ഷ വിഭാഗങ്ങൾക്കും നീതിപൂർവ്വ കമായി വിഭജിച്ച് നൽകാൻ സർക്കാർ തയ്യാറാകണം. കൂടാതെ ജില്ലാതല ന്യൂനപക്ഷ കോർഡിനേഷൻ കമ്മിറ്റികളിലെ അംഗങ്ങളിൽ ക്രൈസ്തവ പ്രാതിനിധ്യം നാമമാത്രമായി ചുരുക്കിയത് നീതിപൂർവ്വമാണോ എന്ന് വിലയിരുത്തേണ്ടതും സർക്കാരാണ്.

### 4. മുന്നോക്ക വിഭാഗങ്ങളിലെ പിന്നോക്കക്കാരുടെ സംവരണം

സംവരണേതര വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് (ഇ.ഡബ്ല്യു.എസ്.) സർക്കാർ സർവീസിലും ഉന്നത വിദ്യാഭ്യാസരംഗത്തും 10 ശതമാനം സംവരണം എന്ന കേന്ദ്രനിയമം നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന മന്ത്രിസഭ കൈക്കൊണ്ട തീരുമാനത്തെ സിനഡ് സ്വാഗതം ചെയ്യുന്നു. സർക്കാർ സർവ്വീസുകളിൽ സംവരണേതര ക്രൈസ്തവ വിഭാഗങ്ങൾ പുറന്തള്ളപ്പെട്ടു കൊണ്ടിരിക്കുന്ന ഇപ്പോഴത്തെ അവസ്ഥയിൽ പ്രത്യാശയ്ക്ക് വക നൽകുന്ന നടപടിയാണിത്.

എന്നാൽ, സംവരണത്തിനു മാനദണ്ഡമായി കേന്ദ്രസർക്കാർ നിശ്ചയിച്ച ഭൂപരിധി സംസ്ഥാനസർക്കാർ പുനർനിർണ്ണയിച്ചത് അനീതിപരമാണെന്ന് സിനഡ് വിലയിരുത്തി. ഭൂപരിധി സംബന്ധിച്ച കേന്ദ്രമാനദണ്ഡമായ 5 ഏക്കറിൽ നിന്ന് 2.5 ഏക്കർ ആയി സംസ്ഥാന ഗവൺമെന്റ് കുറച്ചിരിക്കുകയാണ്. ഇതിനോടകം സാമ്പത്തിക സംവരണം നടപ്പിലാക്കിയ ഒരു സംസ്ഥാനവും കൃഷി ഭൂമിയുടെ അളവ് കേന്ദ്ര മാനദണ്ഡത്തിൽ നിന്ന് താഴ്ത്തി നിശ്ചയിച്ചിട്ടില്ല എന്നിരിക്കെ കേരളം മാത്രം ഭൂപരിധി വെട്ടിക്കുറച്ചത് സർക്കാർ പുന:പരിശോധി ക്കേണ്ടതാണ്.

കെ.എ.എസ്. ഉൾപ്പടെ പി.എസ്.സി. ഇപ്പോൾ അപേക്ഷ ക്ഷണിച്ചിരിക്കുന്ന തസ്തികകൾക്കുകൂടി ബാധകമാകത്തക്ക വിധത്തിൽ മുൻകാലപ്രാബല്യത്തോടെ സംസ്ഥാനത്ത് 10 ശതമാനം ഇ.ഡബ്ലിയു.എസ്. സംവരണം നടപ്പിൽ വരുത്തുന്നതിനുള്ള തീരുമാനം ഉണ്ടാകണമെന്ന് സിനഡ് സംസ്ഥാനസർക്കാരിനോട് ആവശ്യപ്പെടുന്നു.

## 5. ക്രൈസ്തവർക്കെതിരായ അക്രമങ്ങൾ

ആഗോള തലത്തിൽ ക്രൈസ്തവർക്കെതിരേ വർദ്ധിച്ചുവരുന്ന പീഡനങ്ങളിൽ സിനഡു പിതാക്കന്മാർ ആശങ്ക രേഖപ്പെടുത്തി. ക്രിസ്തുമസ് നാളിൽ നൈജീരിയായിൽ നടന്ന ക്രിസ്ത്യൻ കൂട്ടക്കുരുതി മനുഷ്യ മനസ്സാക്ഷിയെ നടുക്കുന്നതായിരുന്നു. പ്രണയക്കുരുക്കിൽപെട്ട് കേരള ത്തിലും ഇതര സംസ്ഥാനങ്ങളിലും ക്രിസ്ത്യൻ പെൺകുട്ടികൾ കൊല്ല പ്പെടുന്ന സാഹചര്യം ഗൗരവത്തോടെ കാണേണ്ടതാണ്.

മതസൗഹാർദ്ദത്തെയും സാമൂഹിക സമാധാനത്തെയും അപകട പ്പെടുത്തുന്ന രീതിയിൽ ദുരുദ്ദേശപരമായ മതാന്തര പ്രണയങ്ങൾ കേരളത്തിൽ വർദ്ധിച്ചു വരുന്നത് ആശങ്കാജനകമാണ്. ക്രിസ്ത്യൻ പെൺകുട്ടികളെ ലക്ഷ്യമാക്കി ആസൂത്രിതമായ തോതിൽ ഇത്തരം നീക്കങ്ങൾ നടക്കുന്നു എന്നത് വസ്തുതയാണ്. കേരളത്തിൽ നിന്ന് ഐ. എസ്. ഭീകര സംഘടനയിലേക്ക് പോലും ക്രിസ്ത്യൻ പെൺകുട്ടികൾ റിക്രൂട്ട് ചെയ്യപ്പെട്ടു എന്നത് നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്.

മതങ്ങൾ തമ്മിലുള്ള സൗഹൃദത്തെ ബാധിക്കുന്ന തരത്തിൽ ഇത്തരം പ്രണയബന്ധങ്ങളെ ആരും മനസിലാക്കരുത്. ഈ വിഷയത്തെ മതപരമായി മനസ്സിലാക്കാതെ സമൂഹത്തെ ദോഷകരമായി ബാധിക്കുന്നക്രമസമാധാന പ്രശ്നമായോ ഭീകരവാദപ്രവർത്തനമായോ മനസ്സിലാക്കി നിയമപാലകർ സത്വര നടപടി എടുക്കണമെന്ന് സിനഡ് ആവശ്യപ്പെടുന്നു. ഈ വിഷയത്തിന്റെ അപകടങ്ങളെക്കുറിച്ച് രക്ഷകർത്താക്കളെയും കുട്ടികളെയും ഒരുപോലെ ബോധവൽക്കരിക്കാൻ ഉള്ള ശ്രമങ്ങൾ ആരംഭി ക്കണമെന്നും സിനഡ് തീരുമാനിച്ചു.

## 6. ആരാധനാക്രമം

1989-ൽ നടപ്പിലാക്കിയ സീറോ മലബാർ കുർബാനക്രമത്തിന്റെ പരിഷ്കരണം സഭയുടെ ചിരകാല ആഗ്രഹമായിരുന്നു. നമ്മുടെ സഭയുടെ കുർബാനക്രമത്തിന്റെ നവീകരണത്തക്കുറിച്ച് സിനഡ് പിതാക്കന്മാർ വിശദമായ ചർച്ചകൾ നടത്തുകയുണ്ടായി. വിവിധ

രൂപതകളിൽനിന്നു ലഭിച്ച നിർദേശങ്ങളുടെ വെളിച്ചത്തിൽ സഭയുടെ കേന്ദ്ര ലിറ്റർജി കമ്മീഷനും പ്രത്യേക ആരാധനക്രമ സമിതിയും വിശദമായി പഠിച്ചു തയ്യാറാക്കിയ പരിഷ്കരിച്ച കുർബാനക്രമമാണ് സിനഡിൽ ചർച്ച ചെയ്യപ്പെട്ടത്. പ്രാർത്ഥനയിലും പരിശുദ്ധാത്മാവിന്റെ ചൈതന്യത്തിലും വിശദമായ ചർച്ചകൾക്കും ആഴമായ വിചിന്തനങ്ങൾക്കുംശേഷം നമ്മുടെ കുർബാനയുടെ പരിഷ്കരിച്ച ക്രമം സിനഡ് പിതാക്കന്മാർ ഐകകണ്ഠ്യേന അംഗീകരിച്ചു. പരിഷ്കരിച്ച കുർബാനക്രമം പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. മാർപ്പാപ്പയുടെ അംഗീകാര ത്തോടെ പരിഷ്കരിച്ച കുർബാനക്രമം നമ്മുടെ സഭയിൽ നടപ്പിൽ വരുന്നതാണ്.

വി. കുർബാനയുടെ അർപ്പണ രീതിയിലുള്ള ഏകീകരണം എന്ന ലക്ഷ്യത്തോടെ 1999 നവംബർ മാസത്തിലെ സിനഡിൽ ഐകകണ്ഠ്യേന എടുത്ത തീരുമാനമാണ് സിനഡിന്റെ ഔദ്യോഗിക നിലപാട്. വിശുദ്ധ കുർബാന അർപ്പണ രീതിയിൽ ഐക്യം ഉണ്ടാകേണ്ടതിന്റെ ആവശ്യകത സിനഡ് ഊന്നി പറയുകയും ഐക്യത്തിലേയ്ക്ക് നീങ്ങാൻ എല്ലാവരെയും ആഹ്വാനം ചെയ്യുകയും ചെയ്തു. അൾത്താരയിലെ ഒരുമയാണ് സഭയുടെ ഐക്യത്തിന്റെ അടിസ്ഥാനം എന്ന ബനഡിക്റ്റ് മാർപ്പാപ്പയുടെ ചിന്ത നമുക്ക് മാർക്ഷദർശനമാകട്ടെ. നാം ആശീർവദിക്കുന്ന പാനപാത്രവും നാം മുറിക്കുന്ന അപ്പവും നമ്മെ കർത്താവിന്റെ ശരീരമായ സഭയുടെ കൂട്ടായ്മ യിൽ ഒരുമിപ്പിക്കുകയാണ് ചെയ്യുന്നത് (1 കോറി 10:16) എന്ന സത്യം നമുക്ക് വിസ്മരിക്കാതിരിക്കാം.

## 7. നന്ദി, അഭിനന്ദനങ്ങൾ

കാഞ്ഞിരപ്പള്ളി രൂപതയുടെ അദ്ധ്യക്ഷനായി 18 വർഷക്കാലം രൂപതയെ മാതൃകാപരമായി നയിച്ച അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവ് 75 വയസ്സ് പൂർത്തിയായതിനെ തുടർന്ന് രൂപതാ ഭരണത്തിൽ നിന്ന് വിരമി ക്കുകയാണ്. പിതാവിന്റെ നിസ്തുലങ്ങളായ സേവനങ്ങളെയും ദീർഘവീ ക്ഷണത്തോടെയുള്ള നേതൃത്വത്തെയും സഭ മുഴുവനോടുമുള്ള കരുതലിനെയും ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു. കാഞ്ഞിരപ്പള്ളി രൂപതയുടെ സഹായ മെത്രാനായിരുന്ന മാർ ജോസ് പുളിക്കൽ പിതാവിനെയാണ് അഭിവന്ദ്യ മാത്യു അറയ്ക്കൽ പിതാവിന്റെ പിൻഗാമിയായി സിനഡ് തിരഞ്ഞെടുത്തിരിക്കുന്നത്. പുതിയ ദൗത്യത്തിൽ അഭിവന്ദ്യ പിതാവിനും കാഞ്ഞിരപ്പള്ളി രൂപതയ്ക്കും എല്ലാ നന്മകളും ആശംസി ക്കുന്നു. പാലക്കാട് രൂപതയുടെ സഹായ മെത്രാനായി ഫാ. പീറ്റർ കൊച്ചു

പുരയ്ക്കലിനെ സിനഡ് തിരഞ്ഞെടുത്തു. നിയുക്ത സഹായമെത്രാനും രൂപതാദ്ധ്യക്ഷനായ അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവിനും പാലക്കാട് രൂപതയ്ക്കും എല്ലാ നന്മകളും ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

2019 ആഗസ്റ്റ് മാസത്തിലെ സിനഡിന്റെ തീരുമാനപ്രകാരം മേജർ ആർച്ചുബിഷപ്പിന്റെ വികാരിയായി എറണാകുളം-അങ്കമാലി അതിരൂപതയിൽ നിയമിതനായ ആർച്ചുബിഷപ്പ് മാർ ആന്റണി കരിയിൽ അതിരൂപതയുടെ ഇപ്പോഴത്തെ അജപാലന പ്രവർത്തനങ്ങളെക്കുറിച്ച് സിനഡിനെ അറിയിച്ചു. പിതാവ് അറിയിച്ച കാര്യങ്ങളെക്കുറിച്ച് സിനഡ് വിശദമായി ചർച്ച ചെയ്തു. മാർ ആന്റണി കരിയിൽ പിതാവ് അതിരൂപതയിൽ ചെയ്യുന്ന സേവനങ്ങളെയും അദ്ദേഹത്തിന്റെ അജപാലന ശൈലിയെയും സിനഡു പിതാക്കന്മാർ അഭിനന്ദിച്ചു.

## ഉപസംഹാരം

നമ്മുടെ സഭയ്ക്ക് ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി കർത്താവിന്റെ മനസിലുണ്ട് എന്ന് നമുക്ക് തിരിച്ചറിയാം (ജെറ 29:11) നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെയും സഭയിലെ എല്ലാ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യം നമുക്ക് കൂട്ടായിരിക്കട്ടെ.

സ്നേഹാശംസകളോടെ,

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2020-ാം ആണ്ട് ജനുവരി മാസം 15-ാം തീയതി നൽകപ്പെട്ടത്.

---

ഈ സർക്കുലർ 2020 ഫെബ്രുവരി 2-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ സീറോ മലബാർ സഭയുടെ എല്ലാ പള്ളികളിലും ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

Ref: 3249/K-5/KCBC/OL/DS 20.1.2020

# 2020 ഫെബ്രുവരി 9 തിരുബാലസഖ്യദിനം

**കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

യേശുക്രിസ്തുവിൽ പ്രിയ മാതാപിതാക്കളേ, സഹോദരീസഹോദര ന്മാരേ, വത്സലമക്കളേ,

1843-ൽ ഫ്രാൻസിൽ സ്ഥാപിതമായ തിരുബാലസഖ്യത്തെ 1922-ൽ 11 -ാം പീയൂസ് പാപ്പ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തുകയും 1950 -ൽ 12-ാം പീയൂസ് പാപ്പ തിരുബാലസഖ്യദിനം സാർവത്രികസഭ മുഴു വൻ ആചരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. സാർവ്വത്രിക സഭ യോട് ചേർന്ന് ഫെബ്രുവരി മാസത്തിലെ 2-ാം ഞായറാഴ്ചയായ ഇന്ന് (09.02.2020) ഭാരതസഭ തിരുബാലസഖ്യദിനമായി ആചരിക്കുകയാണ്. തിരു ബാലസഖ്യത്തിലെ എല്ലാ അംഗങ്ങൾക്കും അവരെ നയിക്കുന്നവർക്കും ഈ നല്ല ദിനത്തിന്റെ എല്ലാവിധ പ്രാർത്ഥനകളും ആശംസകളും നേരു ന്നു. അതോടൊപ്പം എല്ലാ മാതാപിതാക്കളും മുതിർന്നവരും ചിന്തിക്കു വാനും പ്രവർത്തിക്കുവാനും വേണ്ടി ചില ചിന്തകൾ പങ്കുവയ്ക്കുന്നു.

ഫ്രാൻസിസ് പാപ്പയുടെ നിർദേശമനുസരിച്ച് 2019 ഒക്ടോബർ മാസം അസാധാരണ പ്രേഷിതമാസമായി സമുചിതമായി ആചരിച്ചതിന്റെ തുടർച്ചയായി കേരള കത്തോലിക്കാസഭ രണ്ടായിരത്തി ഇരുപതാമാണ്ട് "മിസ്സിയോ ദേയി 2020" എന്ന പേര് നൽകി പ്രേഷിതവർഷമായി ആച രിക്കുകയാണ്. കേരളസഭയ്ക്കു മുഴുവൻ നവ പ്രേഷിത ചൈതന്യവും പ്രേഷിതമാനസാന്തരവും നല്കി, "നിങ്ങൾ ലോകമെങ്ങും പോയി സക ലസൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" എന്ന നമ്മുടെ രക്ഷ കനും നാഥനുമായ യേശുക്രിസ്തുവിന്റെ പ്രേഷിത ആഹ്വാനത്തെ പൂർവ്വാധികം കൃപയോടും തീക്ഷ്ണതയോടും ശിരസ്സാവഹിച്ച് ജീവി ക്കാനും പ്രഘോഷിക്കാനുമുള്ള ദൗത്യം കേരള സഭ ഏറ്റെടുക്കുകയാ ണ്. ഈ പ്രേഷിത നവചൈതന്യം എല്ലാവരെക്കാളും ഉപരിയായി ജ്വലിപ്പി ക്കേണ്ടത് കുഞ്ഞുമക്കളെയും യുവതലമുറയെയും ആണ്.

നിങ്ങൾ ശിശുക്കളെപ്പോലെ ആകുവിൻ എന്നും കുഞ്ഞുങ്ങളെ കണ്ടു പഠിക്കുവിൻ എന്നും, ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല (മത്താ 19:15) എന്നും യേശു പറഞ്ഞ സത്യങ്ങൾ നാം തിരിച്ചറിയണം.

നന്മമാത്രം നല്കിയും  നന്മയുടെ പശ്ചാത്തലങ്ങൾ ഒരുക്കിയും കുഞ്ഞുങ്ങളുടെ രൂപീകരണത്തിൽ നമുക്ക് പങ്കുചേരണം. ഇന്ന് കുഞ്ഞുങ്ങൾ ഏറെ സങ്കീർണതകളിലൂടെ കടന്നുപോകുന്നു എന്ന് നാം മനസ്സിലാക്കണം. കുടുംബങ്ങളുടെ ശൈഥില്യവും മാതാപിതാക്കളുടെ ഇടയിലെ മത്സരങ്ങളും മദ്യപാനം, ലഹരിഉപയോഗം എന്നവയുടെ സമ്മർദ്ദത്തിൽ ഉണ്ടാകുന്ന അക്രമങ്ങൾ, അസമാധാനം, സാമ്പത്തിക പിന്നോക്കാവസ്ഥ,  കുഞ്ഞുങ്ങളെ ദുരുപയോഗിക്കുന്നവരുടെ കഴുകൻ കണ്ണുകൾ - ഇവ നമ്മുടെ കുരുന്നുകളുടെ ജീവിതം അപഹരിക്കുകയാണ്. പ്രായത്തോടൊപ്പം വിരിയേണ്ട അവരുടെ വൈകാരിക, ലൈംഗിക ജിജ്ഞാസകളും താത്പര്യങ്ങളും അറിവുകളും അനുഭവങ്ങളും വളരെ മുമ്പേതന്നെ ഉദ്ദീപിപ്പിക്കുന്ന ഇന്നത്തെ സാഹചര്യം മുതിർന്നവരായ നമ്മുടെ മുമ്പിലെ വെല്ലുവിളിയും കൃത്യമായ പ്രവൃത്തനങ്ങൾക്കുള്ള ചൂണ്ടുപലകയും ആവണം.

തിരുക്കുടുംബത്തിലെ ഉണ്ണിയായ യേശു വളർന്നുവന്നതുപോലെയാണോ ഇന്ന് നമ്മുടെ കുഞ്ഞുങ്ങൾ വളരുന്നത്? പരിശുദ്ധ കന്യകാമറിയവും യൗസേപ്പിതാവും ദൈവഹിതം ആരാഞ്ഞ് അതിനടിയറവു പറഞ്ഞ് ദിവ്യശിശുവായ യേശുവിനെ ദൈവികദൗത്യത്തിനായി (മിസ്സിയോ ദേയി) വളർത്തിയതു പോലെയാണോ ഇന്ന് മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളെ വളർത്തുന്നത്? ക്രൈസ്തവ കുടുംബജീവിതം നയിക്കുന്ന നമ്മളോട് ദൈവവും കാലവും ചോദിക്കുന്ന ചോദ്യങ്ങളാണിവ.

പ്രേഷിതവർഷത്തിൽ കുഞ്ഞുങ്ങളെ യേശു വളർന്നതുപോലെ നാലു തലങ്ങളിൽ നമുക്ക് വളർത്തിയെടുക്കാം - ജ്ഞാനത്തിൽ, പ്രായത്തിൽ, ദൈവപ്രീതിയിൽ, മനുഷ്യപ്രീതിയിൽ. ഒന്നാമതായി, ജ്ഞാനത്തിൽ ഓരോ കുഞ്ഞും വളർന്നുവരണം. അത് ബുദ്ധിയല്ല, ജ്ഞാനമാണ്. അറിവല്ല, തിരിച്ചറിവാണ്. രണ്ടാമതായി, പ്രായത്തിൽ വളർന്നുവരണം. പ്രായം എന്നത് ശരീരത്തിന്റെ വളർച്ചമാത്രമല്ല. ക്രിസ്തുവിനെ സംബന്ധിച്ചിടത്തോളം കുഞ്ഞുവളരുന്നത് അപ്പംകൊണ്ട് മാത്രമല്ല, വചനങ്ങൾ കൊണ്ടും കൂടിയാണ്. അതിനാൽ കുഞ്ഞുമനസ്സുകൾ വചനത്തിനായി തുറക്കപ്പെടണം. മൂന്നാമതായി, കുഞ്ഞുങ്ങൾ ദൈവപ്രീതിയിൽ വളർന്നുവരണം. ശരീരത്തെ ദേവാലയമാക്കുന്നതാണ് ദൈവപ്രീതി. നാലാമതായി, ഓരോ കുഞ്ഞും മനുഷ്യപ്രീതിയിൽ വളർന്നുവരണം. ഒപ്പം നിൽക്കുന്നവരെ പ്രകാശിപ്പിക്കുന്ന മാനുഷികഗുണങ്ങളെ

സ്വന്തമാക്കലാണത്. ഇപ്രകാരം കുട്ടികളുടെ ശാരീരികവും മാനസികവും ബൗദ്ധികവും ആത്മീയവുമായ ഒരു സമഗ്ര വളർച്ച നമ്മുടെ എല്ലാവരുടെയും ഉത്തരവാദിത്വമാണ്.

പ്രേഷിതമാനസാന്തരത്തിന്റെ ഈ അസുലഭ അവസരത്തിൽ കുഞ്ഞുങ്ങളെ ക്രിസ്തുവിലേക്ക് അടുപ്പിക്കുകയാണ് പരമപ്രധാനമായ ദൗത്യം. "ആനന്ദിച്ച് ആഹ്ലാദിക്കുവിൻ" എന്ന അപ്പസ്തോലിക പ്രബോധനത്തിൽ ഫ്രാൻസിസ് പാപ്പ പറയുന്നത്, "ജീവിതത്തിലെ ഒരേ ഒരു ദുരന്തം വിശുദ്ധനാകാത്തതാണ്" (GE 34) എന്നാണ്. കുഞ്ഞുങ്ങളെയും നമ്മെയും അനുദിനം വിശുദ്ധരായി മാറ്റാൻ നാല് ആത്മീയ പാതകൾ തിരഞ്ഞെടുക്കണമെന്ന് ഫ്രാൻസിസ് പാപ്പ അസാധാരണ പ്രേഷിതമാസാചരണത്തിന്റെ അവസരത്തിൽ ആവശ്യപ്പെട്ടിരുന്നു. ഒന്ന്, എല്ലാ കുഞ്ഞുങ്ങളെയും ദൈവവചനത്തിലും ദിവ്യബലിയിലും പ്രാർത്ഥനകളിലും സജീവമായി പങ്കെടുപ്പിച്ച് അവരെ ക്രിസ്തുവിനെ കണ്ടുമുട്ടാൻ സഹായിക്കുക. രണ്ട്, ക്രിസ്തുസ്നേഹത്തെപ്രതി പ്രേഷിതവേലയ്ക്കു സ്വയം സമർപ്പിച്ചു കടന്നുപോയ വിശുദ്ധരും രക്തസാക്ഷികളുമായുള്ള ആത്മീയസംസർഗം ശക്തിപ്പെടുത്തുക. ഇതുവഴി വിശുദ്ധരുടെ മാതൃകയും ചൈതന്യവും കുഞ്ഞുമനസ്സുകളെ സ്വാധീനിക്കാൻ കാരണമാകും. മൂന്ന്, പ്രേഷിതദൗത്യം തിരിച്ചറിയാനും അതിൽ പൂർണ്ണമായി സമർപ്പിക്കാനും പ്രേഷിത രൂപീകരണം നേടുക. ഈ പ്രേഷിത രൂപീകരണത്തിന്റെ ആദ്യപാഠങ്ങൾ അഭ്യസിക്കാനുള്ള ഏറ്റവും നല്ല കാലഘട്ടമാണ് ബാല്യം. നാല്, ജീവകാരുണ്യ പ്രവൃത്തികൾ ചെയ്യുന്നതിന് കുഞ്ഞുങ്ങളെ പരിശീലിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. കുടുംബം ഇന്ന് കാരുണ്യത്തിന്റെ കരങ്ങൾ അവശർക്കും ആലംബഹീനർക്കുമായി നീട്ടേണ്ടത് കുരുന്നുകരങ്ങളിലൂടെയാണ്. സ്വാർത്ഥതയുടെ ഈ ലോകത്ത് പൗലോസപ്പസ്തോലൻ പറയുന്നതുപോലെ, "ഓരോരുത്തരും തങ്ങളുടെ കാര്യങ്ങൾ മാത്രം നോക്കിയാൽ പോര, മറ്റുള്ളവരെ തങ്ങളെക്കാൾ വിലപ്പെട്ടവരായി കരുതണം."

പ്രേഷിതവർഷത്തിലെ തിരുബാലസഖ്യദിനത്തിൽ "സ്നേഹത്തിന്റെ ആനന്ദ"ത്തിൽ ഫ്രാൻസിസ് പാപ്പാ നമ്മോട് ചോദിക്കുന്ന ചോദ്യം വിചിന്തനം ചെയ്യുന്നത് സമുചിതമാണ്. "എവിടെയാണ് നമ്മുടെ കുട്ടികൾ? അവരുടെ ആത്മാവിന്റെ സ്ഥിതി നമ്മൾ അറിയുന്നുണ്ടോ" (AL 261). പ്രേഷിതവർഷാചരണത്തിലൂടെ ഈ ചോദ്യ

ങ്ങൾക്ക് ഉത്തരം കണ്ടെത്താൻ സഹായിക്കുന്ന ഏതാനും നിർദ്ദേശ ങ്ങൾ താഴെ ചേർക്കുന്നു.

1. വിശ്വാസം പകർന്നു നല്കുന്ന പ്രഥമ അധ്യാപകർ മാതാപിതാക്കൾ ആണെന്ന് മനസ്സിലാക്കുക.
2. ധാർമ്മികപരിശീലനം മാതാപിതാക്കളുടെ ഉത്തരവാദിത്വമാണെന്ന് തിരിച്ചറിയുക.
3. നന്മയ്ക്കുവേണ്ടിയുള്ള ദാഹം കുട്ടികളിൽ ജനിപ്പിക്കുക.
4. വിശുദ്ധിയിൽ വളരാൻ കൊച്ചു കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കുക.
5. കുടുംബങ്ങൾ ദൈവവിളിയുടെ വിളനിലങ്ങളാക്കുക.
6. ക്രിസ്തുവിനോടും വിശുദ്ധഗ്രന്ഥത്തോടുമുള്ള ആത്മബന്ധം ജനിപ്പിക്കുന്ന പ്രാർത്ഥനാവേളകൾ അനുദിനം കുടുംബങ്ങളിൽ ശീലമാക്കുക.
7. തകരുന്ന കുടുംബങ്ങളിൽ തകർന്നു പോകുന്നത് കുഞ്ഞുങ്ങളാണെന്ന സത്യം മനസ്സിലാക്കുക.
8. മാറുന്ന ലോകത്ത് മാറാത്ത ക്രൈസ്തവ മൂല്യങ്ങളെ മുറുകെ പിടിക്കാൻ കുഞ്ഞുങ്ങളെ പഠിപ്പിക്കുക.
9. വഴിതെറ്റിക്കുന്ന സാമൂഹ്യമാധ്യമങ്ങളിൽ നിന്നും വീഡിയോ ഗെയിമുകളിൽ നിന്നും സൈറ്റുകളിൽ നിന്നും അകലം പാലിക്കാൻ മക്കളെ ശീലിപ്പിക്കുക.
10. പ്രണയം നടിച്ച് പ്രലോഭിപ്പിക്കുകയും മതം മാറ്റുകയും തീവ്രവാദങ്ങളിലേക്കും മറ്റ് അപകടമേഖലകളിലേക്കും കുട്ടികളെ കടത്തിക്കൊണ്ടുപോകുകയും ചെയ്യുന്ന സാഹചര്യങ്ങളെക്കുറിച്ച് കുട്ടികളെ ബോധവത്കരിക്കുക.

കുട്ടികളെ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്. നമ്മുടെ ഇടവകകളിലെ 14 വയസ്സുവരെയുള്ള എല്ലാ ബാലികാ ബാലകന്മാരും മിഷൻലീഗ് അംഗളാകുന്നതിനു മുമ്പ് തിരുബാലസഖ്യത്തിൽ അംഗങ്ങളായി ഉണ്ണിയേശുവിന്റെ കൂട്ടുകാരായി തീരണമെന്നതാണ് സഭയുടെ ആഗ്രഹം. ആഴ്ചയിൽ ഒരു ദിവസം തിരുബാലസംഖ്യാംഗങ്ങൾ ആനിമേറ്ററുടെ നേതൃത്വത്തിൽ ഇടവകയിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുകയും ദൈവവചനം പഠിക്കുകയും വിശുദ്ധരെ പരിചയപ്പെടുകയും കാരുണ്യപ്രവൃ

ത്തികളിൽ പങ്കെടുക്കുകയും ചെയ്യുന്നത് അവരെ എന്നും ദൈവത്തോടും സഭയോടും ചേർന്നുനില്ക്കുവാൻ പ്രേരിപ്പിക്കുകയും പ്രേഷിത ചൈതന്യത്തിൽ വളർത്തുകയും ചെയ്യും. നമ്മുടെ എല്ലാ പ്രവർത്തനങ്ങളെയും കാരുണ്യവാനായ ദൈവം അനുഗ്രഹിക്കട്ടെ.

പ്രിയ കുട്ടികളേ, നിങ്ങളെ എല്ലാവരെയും ഉണ്ണിയേശുവിന് സമർപ്പിക്കുന്നു. യേശുവിനെപ്പോലെ നിങ്ങളും സ്വർഗ്ഗസ്ഥനായ പിതാവിന് ഇഷ്ടപ്പെട്ട മക്കളായി വളരാൻ പ്രാർത്ഥിക്കുന്നു.

പ്രാർത്ഥനാശംസകളോടെ,

**ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്**

ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ്ജെയിംസ് ആനാപറമ്പിൽ**

വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി- 682 025

---

NB: 2020 ഫെബ്രുവരി 9-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

Ref: 3247/K-5/KCBC/OL/DS 14 January 2020

## പരിശുദ്ധ മാർപാപ്പായുടെ സന്ദേശം

## ഇരുപത്തിയെട്ടാം ലോകരോഗീ ദിനാചരണം-2020

"അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെയടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" (മത്താ 11:28)

പ്രിയ സഹോദരീസഹോദരന്മാരേ,

1. "അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെയടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" (മത്താ 11:28) എന്ന യേശുവിന്റെ വാക്കുകൾ കൃപാവരത്തിന്റെ നിഗൂഢാത്മകമായ പാത ചൂണ്ടിക്കാണിക്കുന്നു. ആ പാത ലളിത ഹൃദയമുള്ളവർക്ക് വെളിവാക്കപ്പെട്ടതാണ്. അത് ക്ലേശിതരും ക്ഷീണിതരുമായവർക്ക് പുതിയ ശക്തി നല്കുന്നു.

ക്രിസ്തുവിന്റെ ഈ വാക്കുകൾ മനുഷ്യപുത്രന് മുറിവേറ്റവരും ക്ലേശിതരുമായ എല്ലാവരുമായുള്ള ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നു. എത്രയോ മനുഷ്യർ ശരീരത്തിലും ആത്മാവിലും സഹിക്കുന്നു! തന്റെയടുത്തേക്കു വരാൻ യേശു ഓരോ വ്യക്തിയെയും നിർബന്ധിക്കുന്നു. അവിടന്നു പറയുന്നു: "എന്റെയടുക്കൽ വരുവിൻ." അവിടന്ന് ആശ്വാസവും പ്രശാന്തതയും വാഗ്ദാനം ചെയ്യുന്നു.

"യേശു ഇതു പറയുമ്പോൾ ഗലീലിയിലെ തെരുവീഥികളിൽ ഓരോ ദിവസവും കണ്ടുമുട്ടുന്ന മനുഷ്യർ അവിടത്തെ മുമ്പിലുണ്ട്: ധാരാളം സാധാരണക്കാർ, ദരിദ്രർ, രോഗികൾ, പാപികൾ, നിയമത്തിന്റെയും സാമൂഹികവ്യവസ്ഥിതിയുടെയും ഭാരത്താൽ അരികുകളിലാക്കപ്പെട്ടവർ...ഈ മനുഷ്യർ അവിടത്തെ വാക്കു കേൾക്കാൻവേണ്ടി അവിടത്തെ പിന്തുടർന്നു - പ്രത്യാശ നല്കുന്ന ഒരു വാക്കുകേൾക്കാൻ. യേശുവിന്റെ വാക്കുകൾ എപ്പോഴും പ്രത്യാശ നല്കുന്നു!" (Angelus, 6 July 2014).

ഇരുപത്തിയെട്ടാം ലോകരോഗീദിനാചരണത്തിൽ യേശു ഈ വാക്കുകൾ രോഗികളോടും പീഡിതരോടും ദരിദ്രരോടും ആവർത്തിക്കുന്നു. എന്തെന്നാൽ തങ്ങൾ പൂർണമായും ദൈവത്തെ ആശ്രയിക്കുന്നുവെന്നും ക്ലേശങ്ങളുടെ ഭാരത്തിൻകീഴിൽ അവിടത്തെ സൗഖ്യദാനം ആവശ്യമായിരിക്കുന്നുവെന്നും അവർ തിരിച്ചറിയുന്നു. ദൗർബല്യത്തിന്റെയും സഹനത്തിന്റെയും ബലഹീനതയുടെയും സാഹചര്യങ്ങൾ

സഹിക്കുന്നവരിൽ നിന്നു യേശു ഒന്നും ആവശ്യപ്പെടുന്നില്ല. പിന്നെയോ അവിടന്ന് തന്റെ കാരുണ്യവും ആശ്വാസകരമായ സാന്നിധ്യവും നല്കുന്നു. ഓരോവ്യക്തിയുടെയും ഹൃദയത്തിലേക്ക് ഉറ്റുനോക്കുന്ന കണ്ണുകളുള്ള അവിടന്ന് മുറിവേറ്റ മനുഷ്യവംശത്തെ നോക്കുന്നു. നോട്ടം നിസ്സംഗതയുടേതല്ല. പിന്നെയോ അത് മനുഷ്യരെ പൂർണമായി ആശ്ലേഷിക്കുന്നു. ഓരോ വ്യക്തിയെയും ആ വ്യക്തിയുടെ ആരോഗ്യസ്ഥിതിയെയും ആശ്ലേഷിക്കുന്നു. ആരെയും വിട്ടുകളയുന്നില്ല. പിന്നെയോ തന്റെ ജീവിതത്തിൽ പങ്കുചേരാനും തന്റെ മൃദുല സ്നേഹം അനുഭവിച്ചറിയാനും ഓരോ വ്യക്തിയെയും അവിടന്നു ക്ഷണിക്കുന്നു.

2. എന്തുകൊണ്ടാണ് യേശുവിന് ഈ വികാരങ്ങളുണ്ടാകുന്നത്? എന്തെന്നാൽ അവിടന്നു തന്നെ ദുർബലനായി മാനുഷിക സഹനം അനുഭവിച്ചു. തന്റെ പിതാവിൽ നിന്ന് ആശ്വാസം സ്വീകരിക്കുകയും ചെയ്തു. യഥാർത്ഥത്തിൽ വ്യക്തിപരമായി വേദന അനുഭവിക്കുന്നവർക്കു മാത്രമേ മറ്റുള്ളവരെ ആശ്വസിപ്പിക്കാൻ കഴിയുകയുള്ളൂ. ഗൗരവപൂർണമായ സഹനത്തിന്റെ അനേകം ഇനങ്ങളുണ്ട്: സുഖപ്പെടുത്താനാവാത്ത രോഗങ്ങൾ, മാനസിക രോഗങ്ങൾ, പുനരധിവാസമോ പാല്ലിയേറ്റീവു കെയറോ ആവശ്യമായിരിക്കുന്ന രോഗങ്ങൾ. അംഗവൈകല്യത്തിന്റെ അസംഖ്യം രൂപങ്ങൾ. കുട്ടികൾക്കുള്ളവ അഥവാ പാരമ്പര്യരോഗങ്ങൾ...ചിലപ്പോൾ ഇവരോടുള്ള നമ്മുടെ സമീപനത്തിൽ മാനുഷികമായ ഊഷ്മളത ഇല്ലാതായിപ്പോകുന്നു. രോഗികളോടുള്ള വ്യക്തിപരമായ സമീപനമാണ് ആവശ്യമായിരിക്കുന്നത്.

സുഖപ്പെടുത്തൽ മാത്രമല്ല സമഗ്രമായ മാനുഷിക സുഖപ്പെടലിനെ ലക്ഷ്യം വയ്ക്കുന്ന ശുശ്രൂഷയാണ് ആവശ്യം. വ്യക്തികൾ രോഗം അനുഭവിക്കുമ്പോൾ തങ്ങളുടെ ശാരീരിക സമഗ്രതയ്ക്ക് ഭീഷണിയുണ്ടെന്നു മാത്രമല്ല അവർക്കു തോന്നുന്നത്. പിന്നെയോ തങ്ങളുടെ ജീവിതത്തിന്റെ ബന്ധപരവും ബുദ്ധിപരവും വികാരപരവും ആധ്യാത്മികവുമായ മാനങ്ങളും ഭീഷണിയിലാണെന്ന് അവർക്കു തോന്നും. ഇക്കാരണത്താൽ ചികിത്സയ്ക്കും പിന്തുണയ്ക്കും പുറമേ ശുശ്രൂഷയും ശ്രദ്ധയും കൂടി അവർ പ്രതീക്ഷിക്കുന്നു. ഒറ്റവാക്കിൽ പറഞ്ഞാൽ സ്നേഹം പ്രതീക്ഷിക്കുന്നു. രോഗിയായ ഓരോ വ്യക്തിയുടെയും സമീപത്ത് ഒരു കുടുംബവുമുണ്ടാകും. അതുതന്നെ സഹനത്തിലാണ്. പിന്തുണയും ആശ്വാസവും അതിന് ആവശ്യമുണ്ട്.

3. രോഗികളായ പ്രിയസഹോദരീസഹോദരന്മാരേ, നിങ്ങളുടെ രോഗം ഒരു പ്രത്യേകവിധത്തിൽ നിങ്ങളെ "അധ്വാനിക്കുന്നവരും ഭാരം

വഹിക്കുന്നവരുമാക്കുന്നു." അങ്ങനെ യേശുവിന്റെ കണ്ണുകളെയും ഹൃദയത്തെയും നിങ്ങൾ ആകർഷിക്കുന്നുണ്ട്. നിങ്ങളുടെ ഏറ്റവും ഇരുട്ടു നിറഞ്ഞ നിമിഷങ്ങളെ പ്രകാശിപ്പിക്കാനുള്ള പ്രകാശവും നിങ്ങളുടെ അസ്വസ്ഥത കുറയ്ക്കാനുള്ള പ്രത്യാശയും നിങ്ങൾ യേശുവിൽ കണ്ടുമുട്ടും. "എന്റെയടുത്തേക്കു വരുവിൻ" എന്ന് അവിടന്ന് നിങ്ങളെ നിർബന്ധിക്കുന്നു. ശരീരത്തിന്റെയും ആത്മാവിന്റെയും ഈ "ഇരുണ്ട രാത്രിയിൽ" നിങ്ങളെ ആക്രമിക്കുന്ന ആകുലതകളെയും ചോദ്യങ്ങളെയും നേരിടാനുള്ള ശക്തി നിങ്ങൾ യേശുവിൽ കണ്ടുമുട്ടും. ക്രിസ്തു നമുക്കു കുറുപ്പടികൾ നല്കിയില്ല. പിന്നെയോ തന്റെ പീഡാസഹനം, മരണം, ഉത്ഥാനം എന്നിവയിലൂടെ നമ്മെ അവിടന്ന് തിന്മയുടെ കടുംപിടിത്തത്തിൽ നിന്ന് സ്വതന്ത്രരാക്കുന്നു.

നിങ്ങൾ രോഗം അനുഭവിക്കുമ്പോൾ തീർച്ചയായും നിങ്ങൾക്ക് വിശ്രമസ്ഥലം കണ്ടുപിടിക്കേണ്ടിവരും. കൂടുതൽ കൂടുതൽ നല്ല സമറായനായ യേശുക്രിസ്തുവിന്റെ (cf ലൂക്കാ10:34) "സത്രം" ആയിത്തീരാൻ, അതായത്, അവിടത്തെ കൃപ കണ്ടുമുട്ടാനുള്ള ഭവനമായിത്തീരാൻ സഭ ആഗ്രഹിക്കുന്നു. അവിടെ അടുപ്പവും സ്വീകരണവും ആശ്വാസവും പ്രകാശിപ്പിക്കപ്പെടുന്നു. ഈ ഭവനത്തിൽ ദൈവകൃപയാൽ രോഗങ്ങൾ സുഖമാക്കപ്പെട്ടവരെ നിങ്ങൾക്കു കാണാം. കുരിശുകൾ വഹിക്കാൻ നിങ്ങളെ അവർ സഹായിക്കും. നിങ്ങളുടെ സഹനത്തെ സംബന്ധിച്ച പുതിയൊരു വീക്ഷണം നല്കാൻവേണ്ടിയാണത്. നിങ്ങളുടെ രോഗത്തിനപ്പുറത്ത് പുതിയ പ്രകാശത്തിന്റെയും നിങ്ങളുടെ ജീവിതത്തിന്റെ പുതിയ ശക്തിയുടെയും കൂടുതൽ വലിയ ചക്രവാളത്തിലേക്കു നോക്കാൻ നിങ്ങൾക്കു കഴിയും.

രോഗികളായ നമ്മുടെ സഹോദരീസഹോദരന്മാർക്ക് വിശ്രമവും നവീകരണവും നല്കാനുള്ള ഈ പരിശ്രമത്തിൽ ആരോഗ്യസംരക്ഷണ പ്രവർത്തകരായ ഡോക്ടർമാർ, നേഴ്സുമാർ, ചികിത്സാപരവും കാര്യനിർവഹണപരവുമായ കാര്യങ്ങളിൽ വിദഗ്ധരായവർ, സഹായികൾ, വോളന്റിയർമാർ എന്നിവർ സുപ്രധാനമായ ഒരു പങ്കു വഹിക്കുന്നു. അവരുടെ വൈദഗ്ധ്യത്തിനു നന്ദി. രോഗികളെ ആശ്വസിപ്പിക്കുകയും ശുശ്രൂഷിക്കുകയും എല്ലാ രോഗവും സുഖപ്പെടുത്തുകയും ചെയ്യുന്ന ക്രിസ്തുവിന്റെ സാന്നിധ്യം അനുഭവിക്കുന്നതിന് രോഗികൾക്കു ശക്തി നല്കാൻ അവർക്കു കഴിയും. എന്നാലും അവർ സ്വന്തം ബലഹീനതകളുള്ളവരും രോഗങ്ങൾപോലും ഉള്ളവരുമായ സ്ത്രീപുരുഷന്മാരാണ്. താഴെപ്പറയുന്നത് എത്ര സത്യമാണെന്ന് അവർ കാണിക്കുന്നു:

“ക്രിസ്തുവിൽ നിന്ന് ആശ്വാസവും വിശ്രമവും സ്വീകരിച്ചു കഴിഞ്ഞാൽ നമ്മുടെ സഹോദരീസഹോദരന്മാർക്ക് വിശ്രമവും ആശ്വാസവുമാകാൻ നമ്മൾ വിളിക്കപ്പെടുന്നു. ദിവ്യഗുരുവിനെ അനുകരിച്ചുകൊണ്ട് വിനയപൂർവകവും വിനീതവുമായ മനോഭാവത്തോടെ അങ്ങനെ ചെയ്യണം” (Angelus, 6 July 2014).

4. പ്രിയപ്പെട്ട ആരോഗ്യ ശുശ്രൂഷാവിദഗ്ധരേ, നമുക്ക് ഒരു കാര്യം എപ്പോഴും ഓർമ്മിക്കാം: രോഗനിർണയം, രോഗനിവാരണം, ചികിത്സ, ഗവേഷണം, സംരക്ഷണം, പുനരധിവാസം എന്നിവ എപ്പോഴും രോഗിയായ വ്യക്തിക്കുവേണ്ടിയാണ്. “വ്യക്തി” എന്ന നാമം “രോഗി” എന്ന വിശേഷണത്തെക്കാൾ മുൻഗണനയർഹിക്കുന്നതാണ്. നിങ്ങളുടെ ജോലിയിൽ നിങ്ങൾ എപ്പോഴും ഓരോ വ്യക്തിയുടെയും മഹത്വത്തെയും ജീവിതത്തെയും വളർത്താൻ പരിശ്രമിക്കണം. വേദനിപ്പിക്കാതെ മരിപ്പിക്കൽ, ആത്മഹത്യയ്ക്കുള്ള സഹായം, ജീവനെ നശിപ്പിക്കൽ എന്നിവ സ്ഥിരരോഗത്തിന്റെ കാര്യത്തിൽപോലും, സമ്മതിക്കരുത്.

വർധിച്ചുവരുന്ന പ്രശ്നസങ്കീർണമായ രോഗങ്ങളുടെ മുമ്പിൽ ചികിത്സാശാസ്ത്രത്തിന്റെ പരിമിതികളെയും - പരാജയങ്ങളെപ്പോലും - നേരിടേണ്ടിവരും. അപ്പോൾ നിങ്ങളുടെ പ്രൊഫഷന്റെ അതിശായിയായ മാനത്തോടു തുറവിയുള്ളവരായിരിക്കാൻ നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു. അത് പ്രൊഫഷന്റെ പരമമായ അർത്ഥം വെളിവാക്കും. ജീവൻ വിശുദ്ധമാണെന്നും അതു ദൈവത്തിന്റേതാണെന്നും നമുക്ക് ഓർമ്മിക്കാം. അതുകൊണ്ട് അത് അലംഘ്യമാണ്. തോന്നുന്നതുപോലെ അതിനെ കൈകാര്യം ചെയ്യാൻ അവകാശമുണ്ടെന്ന് ആർക്കും അവകാശപ്പെടാനാവുകയില്ല (cf ജീവന്റെ ദാനം 5, ജീവന്റെ സുവിശേഷം 29-53).

ജീവനെ ആരംഭംമുതൽ അവസാനംവരെ സ്വാഗതം ചെയ്യുകയും സംരക്ഷിക്കുകയും ആദരിക്കുകയും ശുശ്രൂഷിക്കുകയും വേണം. മനുഷ്യബുദ്ധിയും ജീവന്റെ കർത്താവായ ദൈവത്തിലുള്ള വിശ്വാസവും ഇത് ആവശ്യപ്പെടുന്നു. ജീവനോടും മനുഷ്യവ്യക്തിയോടുമുള്ള നിങ്ങളുടെ “അതേ” എന്ന നിശ്ചയത്തിൽ നിങ്ങൾ ഉറച്ചു നില്കുന്നുവെങ്കിൽ ചില കേസുകളിൽ ബോധപൂർവകമായ എതിർപ്പ് അത്യാവശ്യമായ ഒരു തീരുമാനമായിത്തീരുന്നു. ക്രൈസ്തവ പരസ്നേഹത്താൽ സഹായിക്കപ്പെടുന്ന നിങ്ങളുടെ തൊഴിൽവൈദഗ്ധ്യം ജീവനുള്ള അവകാശമാകുന്ന ഏറ്റവും യഥാർത്ഥമായ മാനുഷികാവകാശത്തെ സംരക്ഷിക്കുന്നതിന് നിങ്ങൾക്കു നല്കാൻ കഴിയുന്ന ഏറ്റവും നല്ല സേവനമായിരിക്കും. നിങ്ങൾക്ക് സുഖപ്പെടുത്താൻ ഒട്ടും സാധ്യമല്ലാതാകുമ്പോൾ ശുശ്രൂഷയും സുഖപ്പെടുത്തൽ ശ്രമവും നടത്താൻ നിങ്ങൾക്കു കഴിയും.

രോഗിക്ക് ആശ്വാസം നല്കുന്ന പെരുമാറ്റംകൊണ്ടും ചികിത്സാപ്രക്രിയ കൾകൊണ്ടും അങ്ങനെ ചെയ്യാം.

യുദ്ധത്തിന്റെയും അക്രമപരമായ സംഘട്ടനത്തിന്റെയും ചില സാഹചര്യങ്ങളിൽ രോഗികളെ സ്വീകരിക്കുകയും സഹായിക്കുകയും ചെയ്യുന്ന ആരോഗ്യ സംരക്ഷണ വിദഗ്ധരും സൗകര്യങ്ങളും ആക്രമിക്കപ്പെടന്നുവെന്നത് ദുരന്തപരമാണ്. ചില പ്രദേശങ്ങളിൽ രാഷ്ട്രാധികാരികൾ സ്വന്തം നേട്ടത്തിനായി ചികിത്സയെ ദുരുപയോഗിക്കാൻ പരിശ്രമിക്കുന്നുമുണ്ട്. അങ്ങനെ അവർ ചികിത്സാവിദഗ്ധരുടെ നിയമാനുസൃതമായ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്നു. എന്നാലും സമൂഹത്തിലെ സഹിക്കുന്ന അംഗങ്ങളെ ശുശ്രൂഷിക്കാൻവേണ്ടി സ്വയം സമർപ്പിക്കുന്നവരെ ആക്രമിക്കുന്നത് ആരുടെയും താത്പര്യങ്ങളെ സംരക്ഷിക്കുകയില്ല.

5. ദാരിദ്ര്യത്തിൽ ജീവിക്കുന്നതുകൊണ്ട് ചികിത്സ ലഭിക്കാനാവാത്തവരായി ലോകത്തിലെങ്ങുമുള്ള അനേകം സഹോദരീസഹോദരന്മാരെപ്പറ്റി 28-ാം ലോകരോഗീദിനാചരണത്തിൽ ഞാൻ ചിന്തിക്കുന്നു. ഇക്കാരണത്താൽ സാമ്പത്തിക താത്പര്യങ്ങൾ മൂലം സാമൂഹിക നീതി അവഗണിക്കാതിരിക്കാൻ ലോകമെങ്ങുമുള്ള ചികിത്സാ സ്ഥാപനങ്ങളെയും സർക്കാരിന്റെ നേതാക്കളെയും ഞാൻ നിർബന്ധിക്കുന്നു. ആരോഗ്യം സംരക്ഷിക്കാനും ലഭ്യമാക്കാനുമുള്ള സമുചിതമായ ചികിത്സ ഓരോ വ്യക്തിക്കും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഐക്യദാർഢ്യത്തിന്റെയും ധനസഹായത്തിന്റെയും തത്ത്വങ്ങളെ യോജിപ്പിച്ചുകൊണ്ട് സഹകരിക്കാനുള്ള പരിശ്രമങ്ങൾ ഉണ്ടാകുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. സംവിധാനപരമായ കുറവുകൾ പരിഹരിച്ചുകൊണ്ടും നല്ല സമറായനായ ക്രിസ്തുവിന്റെ പ്രതിഛായയെപ്പറ്റി ചിന്തിച്ചുകൊണ്ടും വാത്സല്യപൂർവകമായ സ്നേഹവും അടുപ്പവുംകൊണ്ട് രോഗികളെ ശുശ്രൂഷിക്കുന്ന സന്നദ്ധസേവകർക്ക് ഞാൻ ഹൃദയപൂർവം നന്ദിപറയുന്നു. രോഗത്തിന്റെ ഭാരം വഹിക്കുന്നവരെ അവരുടെ കുടുംബങ്ങളോടും ചികിത്സ ചെയ്യുന്ന എല്ലാവരോടും കൂടെ രോഗികളുടെ ആരോഗ്യമായ പരിശുദ്ധ കന്യകാമറിയത്തിന് ഞാൻ സമർപ്പിക്കുന്നു.

എന്റെ പ്രാർത്ഥനകളിൽ ഓർക്കാമെന്ന് ഉറപ്പുനല്കിക്കൊണ്ട് ഹൃദയപൂർവം എന്റെ അപ്പസ്തോലികാശീർവാദം ഞാൻ നല്കുന്നു.

**ഫ്രാൻസിസ് പാപ്പാ**

---

NB: 2020 ഫെബ്രുവരി 16-ാം തീയതി ഈ സർക്കുലർ എല്ലാ ദേവാലയങ്ങളിലും വായിക്കേണ്ടതാണ്.

# കച്ചേരി കാര്യം

## 1. ബഹു. വൈദികരുടെ സ്ഥലംമാറ്റവും നിയമനവും (01-02-2020)

| | | |
|---|---|---|
| ഫാ. എടത്തിനകത്ത് പോൾ | - | വികാരി, ആനറ |
| ” ഇടമുളയിൽ മാത്യു | - | മെഡിക്കൽ ലീവ് |
| ” കണ്ണംകുളത്തേൽ ജോസഫ് | - | പിതാക്കന്മാരുടെ സെക്രട്ടറി, ഹൗസ് പ്രൊക്കുറേറ്റർ, ഇന്റർനെറ്റ് മിഷൻ |
| ,, കരിമ്പൂഴിക്കൽ ജോസഫ് | - | വികാരി, നെല്ലിയടുക്കം |
| ,, കൊളുത്താപ്പള്ളിൽ ജോസഫ് | - | വികാരി, പെരിയ, പൊയിനാച്ചി |
| ,, കോണിക്കൽ മാത്യു | - | നോർത്ത് ഈസ്റ്റ് മിഷൻ |
| ,, കൊട്ടാരത്തിൽ ജോസഫ് | - | വികാരി, മാനടുക്കം |
| ,, മണപ്പാത്തുപറമ്പിൽ സെബാസ്റ്റ്യൻ | - | അമ്മവീട്, കോട്ടയം |
| ,, പ്രവർത്തുംമലയിൽ മാത്യു | - | വികാരി, വെള്ളരിയാനം |
| ,, വേങ്ങക്കുന്നേൽ ജോസഫ് | - | അസി. ഡയറക്ടർ, സന്ദേശഭവൻ |
| ,, വെട്ടിയാനിക്കൽ വർഗ്ഗീസ് | - | വികാരി, അട്ടക്കണ്ടം |

## അസിസ്റ്റന്റ് വികാരിമാർ

| | | |
|---|---|---|
| ,, കാരക്കാട്ട് ക്രിസ്റ്റോ ISCH | - | കിളിയന്തറ |
| ,, കുന്നേൽ മാത്യു | - | ചെറുപുഴ |
| ,, കുറിയേടത്ത് ജെറോം OFM (Conv.) | - | പാലാവയൽ |
| ,, മഞ്ഞക്കുന്നേൽ മൈക്കിൾ | - | വെള്ളാട് |
| ,, മേനപ്പാട്ടുപടിക്കൽ തോമസ് | - | പേരാവൂർ |
| „ മുണ്ടിത്തൊട്ടിയിൽ കുര്യാക്കോസ് MS | - | കണ്ണിവയൽ |
| ,, മുട്ടുമണ്ണിൽ ഫിലിപ്പ് | - | ചെമ്പന്തൊട്ടി |
| ,, നിരപ്പേൽ ജോസഫ് CST | - | പടുപ്പ് |
| ,, നൂറനാനിക്കൽ മാനുവൽ MCBS | - | മേരിഗിരി |
| ,, പടിഞ്ഞാറെയിൽ ജേക്കബ് | - | കാസർഗോഡ് |
| ,, പഞ്ഞിക്കുന്നേൽ ജേക്കബ് | - | അങ്ങാടിക്കടവ് |

,, പന്തലാനിക്കൽ തോമസ് - കുന്നോത്ത്
,, പ്ലാവുനില്ക്കുംപറമ്പിൽ കുര്യാക്കോസ് - ആലക്കോട്
,, പുലിയുറുമ്പിൽ ജോൺസൺ - തളിപ്പറമ്പ്
,, പുതുക്കാട്ടിൽ സെബാസ്റ്റ്യൻ CST - പൈസക്കരി II
,, തെക്കേടത്ത് സെബാസ്റ്റ്യൻ - എടൂർ
,, തെക്കേക്കര വർഗ്ഗീസ് O Prem - കൊളക്കാട്
,, വള്ളിയിൽ തോമസ് - കരിക്കോട്ടക്കരി
,, വട്ടുകളം ജേക്കബ് - ചെമ്പേരി
,, വെള്ളൂർപുത്തൻപുരയിൽ തോമസ് - ഉദയഗിരി

## 2. പ്രെസ്ബിറ്ററൽ കൗൺസിൽ സമ്മേളനം

തലശ്ശേരി അതിരൂപത പ്രെസ്ബിറ്ററൽ കൗൺസിലിന്റെ (വൈദികസമിതി) ഒരു യോഗം 2020 ഫെബ്രുവരി മാസം 25-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് തലശ്ശേരി സന്ദേശഭവനിൽവച്ച് ചേരുന്നതാണ്. എല്ലാ വൈദികസമിതി അംഗങ്ങളും ഈ യോഗത്തിൽ സംബന്ധിക്കണമെന്ന് താല്പര്യപ്പെടുന്നു.

## 3. പാസ്റ്ററൽ കൗൺസിൽ സമ്മേളനം

തലശ്ശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെ ഒരു യോഗം 2020 ഫെബ്രുവരി മാസം 29-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് ചെമ്പേരി വിമൽ ജ്യോതി എഞ്ചിനീയറിംങ്ങ് കോളജ് മിനി ഓഡിറ്റോറിയത്തിൽവച്ച് നടക്കുന്നു. പാസ്റ്ററൽ കൗൺസിലിലെ എല്ലാ അംഗങ്ങളും ഈ യോഗത്തിൽ നിർബന്ധമായും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## 4. തിരുബാലസഖ്യം ഞായർ - ഫെബ്രുവരി - 9

ഈ വർഷം ഫെബ്രുവരി 9-ാം തീയതിയാണ് തിരുബാലസഖ്യം ഞായറായി ആചരിക്കുന്നത്. ഉചിതമായ പരിപാടികളോടെ തിരുബാലസഖ്യദിനം കൊണ്ടാടുവാൻ ശ്രദ്ധിക്കുമല്ലോ. അന്നേ ദിവസം വി. കുർബാനമധ്യേ എടുക്കുന്ന സ്തോത്രക്കാഴ്ച തിരുബാലസഖ്യ പ്രവർത്തനങ്ങളെ സഹായിക്കുവാനായി അതിരൂപതാ കേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

## 5. നന്ദിയും സ്വാഗതവും

തലശ്ശേരി അതിരൂപതയിൽ കിളിയന്തറ ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി സേവനം ചെയ്തശേഷം മാതൃസഭയിലേക്ക് തിരികെ പോകുന്ന ഫാ. സെബാസ്റ്റ്യൻ മൂലയിൽ എം.സി.ബി.എസ്, കാസർഗോഡ് അസിസ്റ്റന്റ് വികാരിയായിരുന്ന ഫാ. തോമസ് വയലിൽ (നോർബട്ടൈൻ), ചന്ദനക്കാംപാറ, പടുപ്പ്

ഇടവകകളിൽ സേവനം ചെയ്ത ഭദ്രാവതി രൂപതാംഗമായ ഫാ. പുതുശ്ശേരി പോൾ, പാലാവയൽ ഇടവകയിൽ സേവനം ചെയ്തിരുന്ന ഫാ. ജോസഫ് ചക്കിട്ടമുറി യിൽ (ഭദ്രാവതി) എന്നിവർക്ക് തലശ്ശേരി അതിരൂപതയുടെ ഹൃദയം നിറഞ്ഞ നന്ദിയും ഭാവുകങ്ങളും അറിയിക്കുന്നു.

തലശ്ശേരി അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്നതിനായി വിവിധ സന്യാ സസമൂഹങ്ങളിൽ നിന്നും എത്തിച്ചേർന്നിരിക്കുന്ന ബഹു. വൈദികർക്ക് ഹൃദ്യ മായ സ്വാഗതം ആശംസിക്കുന്നു.

## 6. സുപ്പീരിയേഴ്സ് സമ്മേളനം

തലശ്ശേരി അതിരൂപതയിലുള്ള സന്യാസി-സന്യാസിനി സമൂഹങ്ങളിലെ സുപ്പീരിയേഴ്സിന്റെ ഒരു സമ്മേളനം 2020 ഫെബ്രുവരി 26-ാം തീയതി ബുധ നാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണിവരെ തലശ്ശേരി സന്ദേശഭവ നിൽ വച്ച് ചേരുന്നതാണ്. ഈ യോഗത്തിൽ പങ്കെടുക്കേണ്ടവർ:- തലശ്ശേരി അതിരൂപതയിൽ ഉള്ള സുപ്പീരിയർ ജനറൽമാർ, പ്രൊവിൻഷ്യൽ സുപ്പീരി യർമാർ, റീജണൽ സുപ്പീരിയർമാർ എന്നിവരും അവരുടെ ഒരു കൗൺസിലറും ഈ അതിരൂപതാതിർത്തിക്കുള്ളിൽ പ്രൊവിൻസോ, റീജണോ ഇല്ലാത്ത സന്യാസ സമൂഹങ്ങളിൽനിന്ന് ഒരു പ്രതിനിധി വീതവും. വിശദവിവരങ്ങൾ കത്തു മുഖേന അറിയിക്കുന്നതാണ്.

## 7. പാരീഷ് കൗൺസിൽ തിരഞ്ഞെടുപ്പ്

2020-2023 വർഷത്തേക്കുള്ള പാരീഷ് കൗൺസിൽ അംഗങ്ങളുടെ തിരഞ്ഞെ ടുപ്പ് കഴിഞ്ഞലക്കം ഗിരിദീപത്തിൽ നല്കിയിരിക്കുന്ന വിജ്ഞാപനം അനുസ രിച്ച് മാർച്ച് 31-ന് മുമ്പ് പൂർത്തിയാക്കാൻ ശ്രദ്ധിക്കുമല്ലോ. കൈക്കാരന്മാരു ടെയും കോഡിനേറ്ററിന്റെയും തിരഞ്ഞെടുപ്പ് സംബന്ധിച്ച് വിശദാംശങ്ങൾ അടു ത്തലക്കം ഗിരിദീപത്തിൽ നല്കുന്നതാണ്.

## 8. കഴുന്ന്, മുടി, അടിമ

2017-ൽ പുതുക്കിയ തിരുക്കർമ്മങ്ങളുടെ നിരക്കനുസരിച്ച് കഴുന്ന്, അടിമ, മുടി എന്നിവയ്ക്ക് 30 രൂപയാണ് വാങ്ങേണ്ടത്. പടിസാധനത്തിലുള്ളതിൽ നിന്ന് കൂടുതലോ കുറവോ തുക വാങ്ങുവാൻ പാടില്ല എന്ന് ഓർമ്മിപ്പിക്കുന്നു. (അതിരൂപത ബുള്ളറ്റിൻ 2017 മാർച്ച്, പേജ് 27).

## 9. ആദരാഞ്ജലി

ശ്രീമതി അന്നമ്മ നരിപ്പാറ (99) ബഹുമാനപ്പെട്ട ജോർജ് നരിപ്പാറ അച്ചന്റെ വത്സലമാതാവ് ശ്രീമതി അന്നമ്മ നരിപ്പാറ 2020 ജനുവരി 11-ാം തീയതി നിര്യാ

തയായി. മൃതസംസ്ക്കാര കർമ്മങ്ങൾ പാലാ, ചെമ്മലമറ്റം ഇടവക ദൈവാലയത്തിൽ 2020 ജനുവരി 12ന് നടന്നു. അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവും മാർ ജോർജ് വലിയമറ്റം പിതാവും മൃതസംസ്ക്കാര ശുശ്രൂഷകളിൽ കാർമ്മികത്വം വഹിച്ചു. പരേതക്ക് നിത്യശാന്തി നേരുകയും സന്തപ്ത കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

## 10. സ്നേഹസ്മൃതി

1. റവ. ഫാ. ജോസഫ് മഞ്ചുവള്ളിൽ - 01-02-2016
2. റവ. ഫാ. തോമസ് മറ്റപ്പള്ളിൽ - 10-02-1987
3. റവ. ഫാ. പോൾ കളപ്പുര - 11-02-1998
4. റവ. ഫാ. കുര്യൻ പാണ്ട്യാമ്മാക്കൽ - 17-02-1973
5. റവ. ഫാ. മാത്യു മണ്ണൂരാംപറമ്പിൽ - 20-02-1983
6. റവ. ഫാ. പോൾ വെട്ടിക്കനാക്കുടി - 22-02-1960
7. റവ. ഫാ. മാത്യു മുതിരചിന്തിയിൽ - 24-02-2011
8. റവ. ഫാ. മാത്യു മണ്ണുക്കുശുമ്പിൽ - 25-02-1981
9. റവ. ഫാ. ദൊസിത്തേവൂസ് ആനിത്തോട്ടം സിഎംഐ - 25-02-1989
10. റവ. ഫാ. ജോസഫ് പുത്തൻപുര - 27-02-1998

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

# സെമിനാരി വാർത്തകൾ

**1. ബെനഫാക്ടേഴ്സ് ഡേ ഫെബ്രുവരി 8-ാം തീയതി ശനിയാഴ്ച**

തലശ്ശേരി മൈനർ സെമിനാരിയിലെ വൈദിക വിദ്യാർത്ഥികളെ സഹായിക്കുന്ന ഉപകാരികളുടെ കൂട്ടായ്മയും, നവാഭിഷിക്തർക്കുള്ള സ്വീകരണവും ഫെബ്രുവരി മാസം 8-ാം തീയതി ശനിയാഴ്ച രാവിലെ 9.30 ന് കത്തീഡ്രൽ പള്ളിയിൽവച്ച് അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ വച്ച് നടക്കുന്നു. ബഹു. വൈദികർ ഇടവകയിൽ നിന്നുള്ള ഉപകാരികളെ പറഞ്ഞയയ്ക്കണമെന്നോർമ്മിപ്പിക്കുന്നു.

ഒരു വാക്കു നന്ദികൂടി അറിയിക്കട്ടെ. കഴിഞ്ഞ ഏതാനും വർഷങ്ങളായി നമ്മുടെ മൈനർ സെമിനാരിയിലെ വൈദിക വിദ്യാർത്ഥികളുടെ ചിലവുകൾ മുഴുവൻ ഇവിടെ നിന്നുള്ള സുമനസുകളുടെ സഹായവും സഹകരണവും കൊണ്ടാണ് നടന്നുപോകുന്നത്. ഉപകാരികളെ കണ്ടെത്തുന്നതിന് വൈദികരും, സമർപ്പിത സിസ്റ്റേഴ്സും അല്മായ പ്രേഷിതരും ചെയ്യുന്ന നിസ്തുലമായ പരിശ്രമത്തെ അളവറ്റവിധം നന്ദിയോടെ സ്മരിക്കുന്നു. പുതുതായി ആരെങ്കിലും വൈദികവിദ്യാർത്ഥികളെ സഹായിക്കുവാൻ തയ്യാറാകുന്നുവെങ്കിൽ അവരെ കൂടി ഈ മീറ്റിംഗിലേക്ക് പറഞ്ഞയയ്ക്കണമെന്നോർമ്മിപ്പിക്കുന്നു.

**2. വൊക്കേഷൻ ബ്യൂറോ മീറ്റിംഗ് ഫെബ്രുവരി 27ന്**

ഈ വർഷത്തെ ദൈവവിളി ക്യാമ്പിന് മുമ്പായുള്ള വൊക്കേഷൻബ്യൂറോ അംഗങ്ങളുടെ മീറ്റിംഗ് ഫെബ്രുവരി 27ന് വൈകുന്നേരം 5 മണിക്ക് തലശ്ശേരി മൈനർ സെമിനാരിയിൽവച്ച് നടത്തുന്നു. ദൈവവിളി ക്യാമ്പിനെക്കുറിച്ചുള്ള നിർദ്ദേശങ്ങളും ചർച്ചകളുമാണ് പ്രധാന അജണ്ട. എല്ലാ വൊക്കേഷൻ ബ്യൂറോ മെമ്പേഴ്സും പങ്കെടുക്കണമെന്നോർമ്മിപ്പിക്കുന്നു.

**3. ഈ വർഷത്തെ ദൈവവിളി ക്യാമ്പിന്റെ തീയതികൾ മാർച്ച് 28,29,30,31**

ഈ വർഷത്തെ ദൈവവിളി ക്യാമ്പ് മാർച്ച് 28 മുതൽ 31 വരെ തലശ്ശേരി അതിരൂപതയിലെ വിവിധ റീജനുകളിലായി നടത്തുവാനായി ആഗ്രഹിക്കുന്നു. വിശദവിവരങ്ങൾ അടുത്ത ഗിരിദീപത്തിൽ കൊടുക്കുന്നതാണ്.

**4. എൻട്രൻസ് പരീക്ഷ, ഫെബ്രുവരി 8ന്**

വിവിധ മേജർ സെമിനാരികളിലേക്കുള്ള മൂന്നാംവർഷ വൈദികവിദ്യാർത്ഥികളുടെ എൻട്രൻസ് പരീക്ഷ ഫെബ്രുവരി 8-ാം തീയതി നടക്കുന്നു. 28 പേരാണ് നമ്മുടെ മൈനർ സെമിനാരിയിൽനിന്നും പരീക്ഷയെഴുതുന്നത്. എല്ലാ ബ്രദേഴ്സിനെയും പ്രാർത്ഥനയിൽ ഓർക്കുമല്ലോ.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വയലുങ്കൽ**
വൊക്കേഷൻ പ്രൊമോട്ടർ 8547 128 523

**ഫാ. ജോർജ് കരോട്ട്**
റെക്ടർ 8304 871 142

# വിശ്വാസപരിശീലനം

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

## 1. പ്രതിഭാ സംഗമം

കാക്കനാട് മൗണ്ട് സെന്റ് തോമസിൽവച്ച് ഡിസംബർ 27-29 തീയതികളിൽ നടന്ന സീറോമലബാർ പ്രതിഭാ സംഗമത്തിൽ തലശ്ശേരി അതിരൂപതയിൽനിന്നും ഗിൽബർട്ട് എമ്പ്രയിൽ (കുടിയാന്മല), ഡിലൻ കൂനങ്കിൽ (പൈസക്കരി), അൽജോ കുന്നപ്പള്ളിൽ (കാഞ്ഞങ്ങാട്), അരുണിമ പല്ലാട്ട് (അരിവിളഞ്ഞപൊയിൽ), മിർസ കന്നുതൊട്ടിയിൽ (എടൂർ), ആഷ്ന കോനാട്ട് (ഉദയഗിരി) എന്നീ കുട്ടികൾ പങ്കെടുത്തു. സംഗമത്തിൽ പങ്കെടുത്ത എല്ലാ പ്രതിഭകൾക്കും അഭിനന്ദനങ്ങൾ.

## 2. ഡിപ്ലോമ പരീക്ഷ - നന്ദി

ജനുവരി 26 ഞായറാഴ്ച നടന്ന ഡിപ്ലോമാ പരീക്ഷ വിജയകരമായി നടത്താൻ സഹായിച്ച എല്ലാ ബഹു. വികാരിയച്ചന്മാർക്കും, പ്രധാനാദ്ധ്യാപകർക്കും, സൂപ്പർവൈസർമാർക്കും ഹൃദയപൂർവ്വം നന്ദി.

## 3. അതിരൂപതാ മതബോധന കമ്മിറ്റി

2019-20 അധ്യയനവർഷത്തെ അതിരൂപതാ മതബോധന കമ്മിറ്റി അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ അധ്യക്ഷതയിൽ 2020 മാർച്ച് 3-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2.30 മണി മുതൽ 4 മണിവരെ സന്ദേശഭവനിൽ വച്ച് ചേരുന്നു. ഓരോ സന്യാസസമൂഹത്തിന്റെയും പ്രൊവിൻഷ്യലും ബഹു. ഫൊറോന വികാരിയച്ചന്മാരും മേഖലാ പ്രസിഡന്റുമാരും മറ്റ് പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരുമാണ് സംബന്ധിക്കേണ്ടത്.

## 4. അതിരൂപതാ വിസിറ്റേഴ്സ് സമ്മേളനം

അതിരൂപതാ സൺഡേ സ്കൂൾ സന്ദർശകരുടെ സമ്മേളനം മാർച്ച് 14 ശനിയാഴ്ച രാവിലെ 10.30 മുതൽ 12.30 വരെ സന്ദേശഭവനിൽവച്ച് നടത്തപ്പെടുന്നു. ബന്ധപ്പെട്ടവർ റിപ്പോർട്ടുകൾ തയ്യാറാക്കികൊണ്ടുവരുമല്ലോ.

## 5. വിശ്വാസോത്സവം മാർച്ച് 31 - ഏപ്രിൽ 4

വിശ്വാസോത്സവം മാർച്ച് 31 മുതൽ ഏപ്രിൽ 4 വരെയാണ്. വിശ്വാസോത്സവ വർക്കുബുക്കിന്റെ ഓർഡർ ഫോം പൂരിപ്പിച്ച് ഓഫീസിലേക്ക് അയക്കേണ്ടതാണ്. വർക്കുബുക്കുകളുടെ വില മാർച്ച് മാസത്തെ ഗിരിദീപത്തിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും.

**6. വാർഷികപരീക്ഷ I - XI :** അതിരൂപതാ മതബോധനകമ്മിറ്റിയുടെ തീരുമാനപ്രകാരം 1 മുതൽ 11 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ വാർഷിക പരീക്ഷ വിശ്വാസോത്സവത്തിനുശേഷം **ഏപ്രിൽ 6 തിങ്കളാഴ്ച രാവിലെ 8 മുതൽ 10 വരെ** ആയിരിക്കും.

## 7. വിശ്വാസോത്സവ ആൽബം

ഈ വർഷവും കുട്ടികൾ ഇടവകാതലത്തിൽ വിശ്വാസോത്സവ ആൽബം തയ്യാറാക്കേണ്ടതാണ്. അധ്യാപകർ കുട്ടികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നല്കി അവരെ ഒരുക്കുമല്ലോ. കൂടുതൽ വിവരങ്ങൾ മാർച്ച് മാസത്തിലെ ഗിരിദീപ ത്തിൽ കൊടുക്കുന്നതായിരിക്കും.

**വിഷയം : കാർഷിക മേഖലയിലെ സഭയുടെ സംഭാവനകൾ**

## 8. ആസ്പെക്ട് 2019-2020

2019-2020 വിശ്വാസപരിശീലനവർഷത്തിൽ അധ്യാപകരുടെ തുടർപരി ശീലനത്തിനായി ഉപയോഗിക്കുന്നത് സീറോമലബാർ മതബോധന കമ്മീഷൻ പ്രസിദ്ധീകരിച്ചിരിക്കുന്ന **'വിശ്വാസവഴിയിലെ സംശയങ്ങൾ'** എന്ന പുസ്തകമാണ്.

**പഠിക്കേണ്ട പാഠഭാഗങ്ങൾ**

ഭാഗം 1, ഭാഗം 4 മുതൽ 10 വരെ (ഭാഗം 2, 3, 11 എന്നിവയിൽ നിന്നും പരീ ക്ഷയ്ക്ക് ചോദ്യങ്ങൾ ഉണ്ടായിരിക്കുന്നതല്ല).

**മോഡൽ ചോദ്യങ്ങൾ**

ടെക്സ്റ്റ് ബുക്കിൽ നിന്നുള്ള 100 one word ചോദ്യങ്ങളും 60 essay ചോദ്യ ങ്ങളും വെബ് സൈറ്റിലും വാട്സ് ആപ്പ് ഗ്രൂപ്പിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ നിന്നുള്ള ചോദ്യങ്ങൾ മാത്രമായിരിക്കും പരീക്ഷയ്ക്ക് ഉണ്ടായിരി ക്കുക

**മാർക്ക് വിഭജനം**

ഒറ്റ വാക്കിൽ ഉത്തരമെഴുതേണ്ട 20 ചോദ്യങ്ങൾ (20x2 = 40)
6 മാർക്കിന്റെ 5 ചോദ്യങ്ങൾ (5x6 = 30) - 10 ചോദ്യങ്ങൾ നൽകുന്നതാണ്.
10 മാർക്കിന്റെ 3 ചോദ്യങ്ങൾ (10x3 = 30) - 5 ചോദ്യങ്ങൾ നൽകുന്നതാണ്.

**ആസ്പെക്ട് പരീക്ഷ**

2020 ഫെബ്രുവരി 16 ഞായറായ്ച ഉച്ചകഴിഞ്ഞ് 2.30-4.30 വരെയായിരിക്കും ആസ്പെക്ട് പരീക്ഷ. പരീക്ഷാ സംബന്ധമായ വിശദവിവരങ്ങൾ അടുത്ത മാസത്തെ ഗിരിദീപത്തിൽ നല്കുന്നതാണ്.

## 9. ആസ്പെക്ട് - പ്രബന്ധം

60 വയസിൽ താഴെ പ്രായമുള്ള എല്ലാ വിശ്വാസപരിശീലകരും പരീക്ഷ യാണ് എഴുതേണ്ടത്. മതിയായ കാരണങ്ങളാൽ അസൗകര്യമുള്ളവർക്ക് താഴെ കൊടുത്തിരിക്കുന്ന വിഷയത്തെ ആസ്പദമാക്കി പ്രബന്ധം എഴുതാ

വുന്നതാണ്. പ്രബന്ധം കുറഞ്ഞത് 15 പേജ് എങ്കിലും ഉണ്ടായിരിക്കണം.

**വിഷയം: വിവാഹവും കുടുംബജീവിതവും ക്രിസ്തീയ കാഴ്ചപ്പാടിൽ**

## 10. സഭാവിജ്ഞാനീയ ക്വിസ്

അധ്യാപകർക്കു പഠിക്കാനുള്ള **'വിശ്വാസവഴിയിലെ സംശയങ്ങൾ'** എന്ന പുസ്തകത്തെ ആസ്പദമാക്കിയുള്ള സഭാവിജ്ഞാനീയ ക്വിസ് **ഫെബ്രുവരി 29 ശനിയാഴ്ച** തളിപ്പറമ്പ് ഇടവകയിൽവച്ച് രാവിലെ 10 മണി മുതൽ 12 മണിവരെ നടത്തുന്നു. പങ്കെടുക്കുന്നവർ ഫെബ്രുവരി 22 നുള്ളിൽ ഓഫീസിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## 11. ഹെഡ്മാസ്റ്റേഴ്സ് റീജണൽ കൂട്ടായ്മ

2019-20 വർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വരുന്ന അധ്യയനവർഷത്തെക്കുറിച്ച് പ്ലാൻ ചെയ്യുന്നതിനുമായി മാർച്ച് മാസത്തിൽ ഹെഡ്മാസ്റ്റർമാരുടെ റീജണൽ കൂട്ടായ്മ നടത്തുവാൻ ആഗ്രഹിക്കുകയാണ്. എല്ലാ ഹെഡ്മാസ്റ്റർമാരും കൂട്ടായ്മയിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ. പ്രസ്തുത മീറ്റിംഗിൽ ഓഫീസിൽ അടയ്ക്കാനുള്ള വിവിധ തുകകൾ അടച്ച് സഹകരിക്കേണ്ടതാണ് (സ്റ്റുഡന്റ് ഫണ്ട്, ചോദ്യ പേപ്പർ, ഗിരിദീപം, വിശ്വാസോത്സവം, ആസ്പെക്ട് ടെക്സ്റ്റ് ബുക്ക്....).

| സ്ഥലം | തീയ്യതി | സമയം | പങ്കെടുക്കേണ്ടഫൊറോനകൾ |
|---|---|---|---|
| കാഞ്ഞങ്ങാട് | മാർച്ച് 7 ശനി | 09.00 am | കാഞ്ഞങ്ങാട്, പനത്തടി |
| തോമാപുരം | മാർച്ച് 7 ശനി | 2.30 pm | വെള്ളരിക്കുണ്ട്, തോമാപുരം, ചെറുപുഴ |
| ആലക്കോട് | മാർച്ച് 8 ഞായർ | 2.30 pm | ആലക്കോട്, മേരിഗിരി, തളിപ്പറമ്പ്, വായാട്ടുപറമ്പ് |
| ചെമ്പേരി | മാർച്ച് 9 തിങ്കൾ | 09.00 am | ചെമ്പേരി, ചെമ്പന്തൊട്ടി, പൈസക്കരി |
| ഇരിട്ടി | മാർച്ച് 9 തിങ്കൾ | 2.30 pm | നെല്ലിക്കാംപൊയിൽ, എടൂർ, കുന്നോത്ത്, പേരാവൂർ |

## 12. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2019-2020 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർശനം ആഗസ്റ്റ് മാസത്തിൽ ആരംഭിച്ചു. അതിരൂപതാ വിസിറ്റ് ഫെബ്രുവരി മാസത്തിൽ അവസാനിക്കുന്നതാണ്. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതുകൂട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതും കുട്ടികളെ പൊതുവായി കാണുന്നതിനുള്ള അവസരം ക്രമീകരിക്കേണ്ടതുമാണ്. **സ്റ്റാഫ് മീറ്റിം**

**ഗിൽ മുഴുവൻ അധ്യാപകരുടേയും സാന്നിധ്യം ഉണ്ടായിരിക്കണം.** അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽനിന്നും കൊടുക്കേ ണ്ടതാണ്. ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## 13. Power Point Presentation മത്സരം

വിശ്വാസപരിശീലന ക്ലാസുകൾ കാലഘട്ടത്തിനനുസരിച്ച് മാധ്യമ സഹായത്തോടെ കൂടുതൽ ആകർഷകവും സജീവവുമാക്കുന്നതിനുവേണ്ടി 'Power Point Presentation' മത്സരം നടത്തുവാൻ ആഗ്രഹിക്കുന്നു. ഈ അവസരം പ്രയോജനപ്പെടുത്തി എല്ലാ ക്ലാസുകളുടെയും Power Point നിർമ്മിക്കുവാനും അതുവഴി ഇടവകയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുവാനും ശ്രദ്ധിക്കുമല്ലോ. **ഒരു ക്ലാസിലെ മുഴുവൻ പാഠങ്ങളുടെയും Power Point തയ്യാറാക്കിയവർക്കും മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.** മത്സരത്തിന്റെ നിബന്ധനകൾ അടങ്ങിയ കത്ത് ക്രിസ്തുമസ് പരീക്ഷയുടെ ചോദ്യപേപ്പറിനൊപ്പം ബഹു. വികാരിയച്ചനും ഹെഡ്മാസ്റ്ററിനും നൽകിയിരുന്നു. സ്റ്റാഫ് മീറ്റിംഗിൽ ചർച്ചചെയ്ത് എല്ലാ ഇടവകകളും ഈ അവസരം പ്രയോജനപ്പെടുത്തുമല്ലോ. തയ്യാറാക്കിയ Power Point - കൾ ഏപ്രിൽ 30 - നകം ഓഫീസിൽ എത്തിക്കേണ്ടതാണ്.

## 14. റവ. ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പ്

പഠനത്തിൽ സമർത്ഥരും ഉന്നത വിദ്യാഭ്യാസത്തിന് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമായ XII-ാം ക്ലാസ് കഴിഞ്ഞ കുട്ടികൾക്കു വേണ്ടി ഏർപ്പെടുത്തിയിരിക്കുന്നതാണ് ഈ സ്കോളർഷിപ്പ്.

### സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ

1. XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയ്ക്ക് 75% മാർക്ക് കരസ്ഥമാക്കിയിരിക്കണം. 2. കഴിവതും ഓരോ ഫൊറോനയിലും ഒരാൾക്കെങ്കിലും സ്കോളർഷിപ്പ് ലഭിക്കുവാൻ ഇടയാകണം. 3. സാമ്പത്തികശേഷി കുറഞ്ഞവരായിരിക്കണം. 4. ഓരോ കുടുംബത്തിന്റെയും സാമ്പത്തിക ക്ലേശത്തിന്റെ നിജസ്ഥിതി മനസ്സിലാക്കുകയും താരതമ്യപ്പെടുത്തി നോക്കുകയും ചെയ്തശേഷമായിരിക്കും യോഗ്യരായവരെ തിരഞ്ഞെടുക്കുക. 5. വിദ്യാർത്ഥിയാണ് നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടത്. 6. അപേക്ഷയിൽ ബഹു. വികാരിയച്ചന്റെ ശുപാർശ ഉണ്ടായിരിക്കണം. 7. അപേക്ഷകൾ ഏപ്രിൽ 30-നകം ഓഫീസിൽ ലഭിച്ചിരിക്കണം.

## 15. ജൂബിലി

മതാധ്യാപനരംഗത്ത് 25/50 വർഷം പൂർത്തിയാക്കിയവരുടെയും അധ്യാപനരംഗത്തുനിന്ന് വിരമിക്കുന്ന അധ്യാപകരുടെയും **പേരും വീട്ടുപേരും ഫോട്ടോയും ഫോൺ നമ്പറും** ഏപ്രിൽ 30 -നുമുമ്പ് ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

## 16. ഹാജറിന് വിശിഷ്ട സമ്മാനം കുട്ടികൾക്ക്

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ സൺഡേ സ്കൂളിൽവന്ന് പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് വിശ്വാസപരിശീലന കേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടികളുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 30- ന് മുമ്പായി ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

## 17. ഹാജറിന് വിശിഷ്ട സമ്മാനം അധ്യാപകർക്കും

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ തുടർച്ചയായി സൺഡേ സ്കൂളിൽ ഹാജരായി അധ്യാപനം നടത്തിയ അധ്യാപകർക്കും വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി അധ്യാപകരുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 30- ന് മുമ്പായി ഓഫീസിൽ എത്തിക്കുമല്ലോ.

## 18. എറ്റവും നല്ല വിശ്വാസപരിശീലകനുള്ള സുവർണ്ണജൂബിലി മെമ്മോറിയൽ അവാർഡ്

സംസ്ഥാനത്തെ ഏറ്റവും നല്ല വിശ്വാസപരിശീലകനുവേണ്ടി 2000-ൽ A.K.C.C. ഏർപ്പെടുത്തിയ M.O. ജോൺ ഓലിക്കൽ മെമ്മോറിയൽ അവാർഡ് ആദ്യമായി കരസ്ഥമാക്കുകയും രണ്ടായിരത്തിരണ്ടിൽ മതാധ്യാപകനായതിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുകയും ചെയ്ത **ശ്രീ. അഗസ്റ്റിൻ ഇല്ലിക്കൽ** ഓരോ വർഷവും അതിരൂപതയിലെ ഏറ്റവും നല്ല ഒരു വിശ്വാസപരിശീലകനെ/വിശ്വാസപരിശീലകയെ തിരഞ്ഞെടുത്ത് ആദരിക്കാൻ വേണ്ടി ഒരു എൻഡോവ്മെന്റ് ഏർപ്പെടുത്തിയിരിക്കുന്നു. ഏറ്റവും നല്ല വിശ്വാസപരിശീലകനെ/വിശ്വാസപരിശീലകയെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ കൊടുക്കുന്നു.

1. എല്ലാ വർഷവും ഓരോ സൺഡേ സ്കൂളിൽ നിന്നും നല്ല ജീവിത സാക്ഷ്യവും ക്രിസ്തീയ മൂല്യങ്ങളോട് പ്രതിബദ്ധതയുമുള്ള ഒരു വിശ്വാസ പരിശീലകന്റെ പേര് നിർദ്ദേശിക്കാവുന്നതാണ്. 2. സേവനകാലം 30 വർഷത്തിൽ കുറയരുത് 3. മതാധ്യാപക പരിശീലന പരിപാടികളിൽ ക്രമമായി പങ്കെടുക്കുന്നത് (ആമുഖ സെമിനാർ, ചതുർദിന സെമിനാർ, ഏകദിന സെമിനാർ, മതാദ്ധ്യാപക ധ്യാനം തുടങ്ങിയവ. 1983-ന് മുൻപ് മതാധ്യാപകരായിട്ടുള്ളവർക്ക് ആമുഖ സെമിനാർ ബാധകമല്ല.) 4 ദൈവശാസ്ത്ര കോഴ്സ് (BTh, MTh). 5. ASPCT പഠന പദ്ധതിയിലുള്ള തുടർച്ചയായ പങ്കാളിത്തം. 6. ക്രമമായി ടീച്ചിംഗ് നോട്ടെഴുതുന്നതും പഠനോപകരണങ്ങളുടെ സഹായത്തോടെ ക്ലാസ് എടുക്കുന്നതും. 7. 90% ഹാജർ (പ്രവർത്തന വർഷത്തിൽ)

8. ഇടവകയിലെ ഇതര അജപാലന പ്രവർത്തനങ്ങളിലെ പങ്കാളിത്തം. 9. സംഘടനാ പ്രവർത്തനങ്ങളിലുള്ള സഹകരണം. 10. സാമൂഹ്യപ്രവർത്തനങ്ങൾ. 11. ബഹു. വികാരിയച്ചന്റെ confidential report. 12. സഭാവിജ്ഞാനീയ ക്വിസ്സിലുള്ള പങ്കാളിത്തം. 13. അപേക്ഷകൾ ഏപ്രിൽ 30-ന് മുമ്പ് ഓഫീസിൽ ലഭിച്ചിരിക്കണം.

പരിഗണനക്കായി സമർപ്പിക്കപ്പെടുന്ന പേരുകൾ വിശ്വാസപരിശീലന ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി പഠന വിധേയമാക്കിയ ശേഷമാകും ഏറ്റവും നല്ല വിശ്വാസപരിശീലകനെ തിരഞ്ഞെടുക്കുന്നത്.

## 19. രജതജൂബിലി ആഘോഷിക്കുന്ന വിശ്വാസപരിശീലകർക്കുള്ള അവാർഡ്

2018 ഡിസംബർ 20-ന് പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ ജൂബിലി ആഘോഷിച്ച റവ. ഡോ. ജോസ് ജേക്കബ് നെടുംതകിടി സുവർണ്ണ ജൂബിലിയുടെ ഓർമ്മ നിലനിർത്താൻവേണ്ടി അതിരൂപതയിൽ വിശ്വാസപരിശീലന മേഖലയിൽ 25 വർഷങ്ങൾ പൂർത്തിയാക്കിയ ഏറ്റവും നല്ല വിശ്വാസപരിശീലകന്/വിശ്വാസപരിശീലകയ്ക്ക് അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നു. ഏറ്റവും നല്ല വിശ്വാസപരിശീലകനെ/വിശ്വാസപരിശീലകയെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ കൊടുക്കുന്നു.

1. നല്ല ജീവിതസാക്ഷ്യവും ക്രിസ്തീയ മൂല്യങ്ങളോട് പ്രതിബദ്ധതയുമുള്ള വിശ്വാസപരിശീലകൻ/പരിശീലക. 2. മതാധ്യാപക പരിശീലന പരിപാടികളിൽ ക്രമമായി പങ്കെടുക്കുന്നത് (ആമുഖ സെമിനാർ, ചതുർദിന സെമിനാർ, ഏകദിന സെമിനാർ, മതാദ്ധ്യാപക ധ്യാനം തുടങ്ങിയവ.) 3. ദൈവശാസ്ത്ര കോഴ്സ് (BTh, MTh). 4. ASPCT പഠന പദ്ധതിയിലുള്ള തുടർച്ചയായ പങ്കാളിത്തം. 5. ക്രമമായി ടീച്ചിംഗ് നോട്ടെഴുതുന്നതും പഠനോപകരണങ്ങളുടെ സഹായത്തോടെ ക്ലാസ് എടുക്കുന്നതും. 6. 90% ഹാജർ (പ്രവർത്തന വർഷത്തിൽ) 7. ഇടവകയിലെ ഇതര അജപാലന പ്രവർത്തനങ്ങളിലെ പങ്കാളിത്തം. 8. സംഘടനാ പ്രവർത്തനങ്ങളിലുള്ള സഹകരണം. 9. സാമൂഹ്യപ്രവർത്തനങ്ങൾ. 10. ബഹു. വികാരിയച്ചന്റെ confidential report. 11. സഭാവിജ്ഞാനീയ ക്വിസ്സിലുള്ള പങ്കാളിത്തം. 12. അപേക്ഷകൾ ഏപ്രിൽ 30-ന് മുമ്പ് ഓഫീസിൽ ലഭിച്ചിരിക്കണം.

പരിഗണനക്കായി സമർപ്പിക്കപ്പെടുന്ന പേരുകൾ വിശ്വാസപരിശീലന ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി പഠന വിധേയമാക്കിയ ശേഷമാകും ഏറ്റവും നല്ല വിശ്വാസപരിശീലകനെ തിരഞ്ഞെടുക്കുന്നത്.

## 20. വിവിധ കുടിശികകൾ

2019-2020 വർഷത്തെ കുട്ടികളുടെ ഫണ്ട്, ചോദ്യപേപ്പർ തുക, ഗിരിദീപം വരിസംഖ്യ എന്നിവ അടയ്ക്കാത്തവർ ഫെബ്രുവരി 20ന് മുമ്പായി അടച്ചു

സഹകരിക്കുമല്ലോ. ഓഫീസിൽ അടയ്ക്കുവാനുള്ള തുകകൾ ബാങ്കുവഴി ട്രാൻസ്ഫർ ചെയ്യാൻ സാധിക്കും. അപ്രകാരം ചെയ്യുന്നവർ പണം അടച്ച തിനുശേഷം ഓഫീസിൽ വിളിച്ച് അറിയിക്കേണ്ടതാണ്. രസീത് അയച്ചുത രുന്നതാണ് (ഫോൺ: 0490 2344430). താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടി ലേയ്ക്കാണ് തുകകൾ അയക്കേണ്ടത്.

A/c Holder : Department of Catechesis
A/c No : 0078053000073503, IFSC : SIBL 0000078
Bank : South Indian Bank, Thalassery

## 21. തിരുവചന കളരി

കേരള കത്തോലിക്ക കരിസ്മാറ്റിക്ക് റിന്യൂവൽ ടീം (കെ.സി.സി.ആർ. എസ്.ടി) യുടെ ഭാഗമായ ക്രിസ്റ്റീൻ മിനിസ്ട്രി സംഘടിപ്പിക്കുന്ന ആത്മീയ വിരുന്നാണ് തിരുവചന കളരി. 1 മുതൽ +2 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി മാസത്തിലെ ഒരു ഞായറാഴ്ച്ച മൂന്നര മണിക്കൂർ നീണ്ടു നിൽക്കുന്ന ഈ കളരി കുട്ടികൾക്ക് വചനം പഠിക്കാനുള്ള തുടർപരിശീലന കളരിയാണ്. തിരുവചന കളരി എന്ന ആത്മീയ വിരുന്ന് സൺഡേ സ്കൂളു കളിൽ സംഘടിപ്പിക്കാൻ താത്പര്യമുള്ളവർ ആനിമേറ്ററായ റവ. ഫാ. ജോൺ ബോസ്കോ OFM Cap - ആയി ബന്ധപ്പെടുമല്ലോ. Mob: 9447072047

## 22. ഡയറക്ടറച്ചൻമാരുടെ സന്ദർശനം

ഡയറക്ടറച്ചൻ മുള്ളേരിയ, ബദിയടുക്ക, പെർള, പെരുമ്പടവ്, അടോട്ടു കയ എന്നീ ഇടവകകളിലും അസി. ഡയറക്ടറച്ചൻ മണിപ്പാറ, പെരുമ്പു ന്ന, പേരാവൂർ എന്നീ ഇടവകകളിലും വി. കുർബ്ബാനയർപ്പിച്ച് പ്രാർത്ഥിക്കു കയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ്സുകളെടു ക്കുകയും ചെയ്തു.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അസി. ഡയറക്ടർ

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ, 9447952958

# കുടുംബ കൂട്ടായ്മ
# തലശ്ശേരി അതിരൂപത
## FAMILY RENEWAL UNITS IN THALASSERY (FRUITS)

## I. പുതിയ പാരീഷ് കൗൺസിൽ തിരഞ്ഞെടുപ്പ്

അഭിവന്ദ്യപിതാവിന്റെ കല്പനപ്രകാരം (ഗിരിദീപം ജനുവരി കാണുക) 2020 ഏപ്രിൽ ഒന്ന് മുതൽ മൂന്ന് വർഷത്തേക്കുള്ള ഇടവക ഭരണസമിതിയായ പുതിയ പാരീഷ് കൗൺസിൽ നിലവിൽ വരികയാണ്. മുൻവർഷങ്ങളിൽനിന്ന് വ്യത്യസ്തമായി കുടുംബകൂട്ടായ്മകളുടെ ഭാരവാഹികളിൽ നിന്നാണ് പാരീഷ്കൗൺസിൽ അംഗങ്ങളെ തിരഞ്ഞെടുക്കുന്നത്. അതിനാൽ ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ കുടുംബകൂട്ടായ്മകളിൽ ഭാരവാഹികളെ പുതിയാതായി തിരഞ്ഞെടുത്ത് പ്രതിനിധികളെ നിശ്ചയിക്കണം.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1) 2018 ഡിസംബറിൽ അതിരൂപതയിൽ കുടുംബകൂട്ടായ്മകൾ രൂപീകരിച്ചപ്പോൾ ഓരോ കൂട്ടായ്മയും നയിക്കുവാൻ അഞ്ച് ഭാരവാഹികളെ നിശ്ചയിച്ചിരുന്നു. പ്രസിഡണ്ട്, വൈസ്പ്രസിഡണ്ട്, സിക്രട്ടറി, ട്രഷറർ, കൺവീനർ എന്നീ ഭാരവാഹികളുടെ സ്ഥാനവും ഉത്തരവാദിത്വങ്ങളും കുടുംബകൂട്ടായ്മ നിയമാവലിയിൽ കൃത്യമായി നിർവചിച്ചിട്ടുണ്ട്. അത് താൽക്കാലിക സംവിധാനമായിരുന്നു. ആ ഭാരവാഹികൾ താല്പര്യപൂർവ്വം നേതൃത്വംകൊടുത്തതിനാൽ കുടുംബകൂട്ടായ്മ സംവിധാനം ഇത്ര ഭംഗിയായി വേരുറപ്പിക്കുവാൻ കഴിഞ്ഞു.

2) പുതിയ പാരീഷ്കൗൺസിൽ നിലവിൽ വരുന്നതിനാൽ നിലവിലുള്ള ഭാരവാഹികളെ പുതുക്കി നിശ്ചയിക്കേണ്ടിയിരിക്കുന്നു. അവർ നന്നായി ചെയ്യുന്നുവെങ്കിൽ അവരെ വീണ്ടും തിരഞ്ഞെടുക്കാം. ഒഴിവുള്ള സ്ഥാനങ്ങളിലേക്കും മാറ്റം ആവശ്യമുള്ളവർക്കുമായി പുതിയ ആളെ കണ്ടെത്തണം. അതായത് അഞ്ച് സ്ഥാനങ്ങളിലേക്കും മൂന്ന് വർഷത്തേയ്ക്ക് വീണ്ടും തിരഞ്ഞെടുക്കപ്പെടണം.

3) അഞ്ച് ഭാരവാഹികളിൽ നിന്ന് പ്രധാനപ്പെട്ട രണ്ട്പേര് പാരീഷ്കൗൺസിലിൽ കൂട്ടായ്മയുടെ പ്രതിനിധികളായി നിശ്ചയിക്കപ്പെടണം. പ്രസിഡണ്ടും സിക്രട്ടറിയുമാകുന്നതാണ് നല്ലത് (യോഗ്യതയെക്കുറിച്ച് ജനുവരി ഗിരിദീപം പേജ് 24 ശ്രദ്ധിക്കുക).

4) ഇടവകയുടെ പ്രതിനിധിയോഗത്തിലേക്കു തിരഞ്ഞെടുക്കപ്പെടുന്നവരിൽ 35% വനിതകളായിരി ക്കണമെന്നതാണ് അതിരൂപത നിയമം. മിക്കവാറും കുടുംബകൂട്ടായ്മകളിൽ സ്ത്രീകളാണ് സിക്രട്ടറിമാർ. അതിൽ 70% കൂട്ടായ്മയിലെ സിക്രട്ടറിമാരെ പ്രതിനിധികളായി നിശ്ചയിച്ചാൽ വനിതാപ്രതിനിധ്യം ഉറപ്പാക്കാം (അല്ലെങ്കിൽ 35% കൂട്ടായ്മകളിൽ രണ്ട് പ്രതിനിധികളും സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെടണം.

5) കുടുംബകൂട്ടായ്മയ്മകളുടെ തിരഞ്ഞെടുക്കപ്പെടുന്ന അഞ്ച് ഭാരവാഹികളിൽ രണ്ട്പേർ സ്ത്രീകളായിരിക്കണം. ഒരാൾ (ട്രഷറർ, അഥവാ കൺവീനർ) 35 വയസ്സിൽ താഴെയുള്ള യുവജന പ്രതിനിധിയായിരിക്കണം.

6) കുടുംബകൂട്ടായ്മകൾ മുടങ്ങാതെ നടക്കുന്നുണ്ടോ എന്ന് ശ്രദ്ധിക്കുകയും നേതൃത്വം കൊടുക്കുകയും ചെയ്യുന്ന ഉത്തരവാദിത്വം ഇടവക കോർഡിനേറ്റർക്കാണ്. കുടുംബകൂട്ടായ്മകളുടെ നിർദ്ദേശിക്കപ്പെട്ട പ്രതിനിധികളിൽനിന്നും പാരീഷ് കൗൺസിലാണ് കോർഡിനേറ്ററേ തിരഞ്ഞെടുക്കേണ്ടത്. ഏറ്റവും ഉന്നതമായ സ്ഥാനത്തേക്ക് ഏറ്റവും യോഗ്യനായ ആളെ കണ്ടെത്തണം.

7) വരുംവർഷങ്ങളിൽ കൈക്കാരന്മാരെ തിരഞ്ഞെടുക്കുമ്പോൾ അതിൽ രണ്ട് പേർ പാരീഷ്കൗൺസിലിൽ നിന്നാണ് തിരഞ്ഞെടുക്കപ്പെടുന്നത്. ബാക്കിയുള്ളവർ പൊതുയോഗത്തിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്നതാണ്.

8) പാരീഷ് കൗൺസിലിൽ കുടുംബകൂട്ടായ്മകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പുറമേ നാമനിർദ്ദേശം ചെയ്യപ്പെട്ടവരും ഔദ്യോഗികവശാൽ അംഗമായവരും ഉണ്ട്. ഏപ്രിൽ 5 ന് (ഓശാനക്ക്) മുൻപായി പുതിയ അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്യേണ്ടതാണ്.

## II ഹെൽപ്പ് ഡെസ്ക്ക് സജ്ജീകരിക്കുക (ഫ്രൂട്ട്സ് സേവന കേന്ദ്രം)

ഇടവകയോട് ചേർന്ന് പ്രവർത്തിക്കുന്ന ഒരു ജനസേവനകേന്ദ്രം തുടങ്ങുക, ജനത്തിന് എല്ലാവിധ സേവനങ്ങളും സംലഭ്യമാകുവാൻ ഉപകരിക്കത്തക്കവിധം ഒരു ഓഫീസ് ഒരുക്കുക. ബഹുമാനപ്പെട്ട അച്ചന്മാർ താല്പര്യപൂർവ്വം സൗകര്യം ഒരുക്കികൊടുക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. ഇന്റർനെറ്റ് സൗകര്യമുള്ള കമ്പ്യൂട്ടറും മേശയും രണ്ട് കസേരകളും ഷെൽഫും ഉണ്ടാകണം.

1. ന്യൂനപക്ഷ ആനുകൂല്യങ്ങൾ, സ്കോളർഷിപ്പുകൾ തുടങ്ങി യവ നേടിയെടുക്കുന്നതിന് അപേക്ഷകൾ കൊടുക്കുവാൻ സഹായിക്കുക.
2. ഗവൺമെന്റ് തലത്തിൽ കർഷകർക്ക് ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ പരിശ്രമിക്കുക.
3. ലഘുസമ്പാദ്യപദ്ധതി, ഇൻഷൂറൻസ് എന്നിവയുടെ ഓഫീസായി പ്രവർത്തിക്കാം.
4. രൂപതകേന്ദ്രത്തിൽ നിന്നുള്ള പദ്ധതികളും അറിയിപ്പുകളും സംലഭ്യമാക്കുക. സാൻജോസ് അക്കാഡമി, IELTS, ജർമ്മൻ പഠനം, TSSS, Vimaljyothi Engeneering College തുടങ്ങിയവയുടെ അറിയിപ്പുകൾ ഓരോ കൂട്ടായ്മകളിലും എത്തിക്കുവാൻ ശ്രമിക്കാം.

5) ദുരിതാശ്വാസം, ജീവകാരുണ്യഫണ്ട്, സാമ്പത്തിക സഹായം ഇവ ലഭ്യമാക്കുവാൻ സഹായിക്കുക.

6) അക്ഷയ കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന സേവനങ്ങൾ ലഭ്യമാക്കുക (ഫോട്ടോസ്റ്റാറ്റ്, അപേക്ഷാഫോറങ്ങൾ, റിസൽട്ടുകൾ, ഓൺലൈൻ അപേക്ഷകൾ മുതലായവ)

6. തല്ക്കാലം ഒരാളെ സേവനത്തിന് കണ്ടെത്തി ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം പ്രവർത്തിക്കുക. പിന്നീടു കൂടുതൽ ഉപകാരപ്രദമാകുന്നവിധം ഒരാൾക്കു ശമ്പളം കൊടുക്കുവാൻ കഴിയും.

## III കുടുംബകൂട്ടായ്മകൾ ജനത്തിന്റെ ജീവൽ പ്രശ്നങ്ങളിൽ ഇടപെടണം

1) കർഷകർക്കെതിരായ നിയമനടപടികൾ, ജപ്തികൾ എന്നിവ വരുമ്പോൾ ജനകീയ സമിതികൾ രൂപീകരിച്ച് പ്രതിരോധിക്കുക.

2) വാഹനഅപകടം, പ്രകൃതിക്ഷോഭം, ദുരിതങ്ങൾ ഇവ സംഭവി ക്കുമ്പോൾ രക്ഷാസേനയായി ഓരോകൂട്ടായ്മയും മാറണം. ഭാരവാഹികൾ നേതൃത്വം കൊടുത്ത് ആളുകളെ കർമ്മ സജ്ജരാക്കണം.

3) ഉത്തരമലബാർ കർഷകപ്രക്ഷോഭത്തിന്റെ ഭാഗമായി നടപ്പിൽ വരുത്തുന്ന കർമ്മപദ്ധതികൾ നടപ്പിലാക്കുന്ന ചെറുയൂണിറ്റുകളായി ഓരോ കുടുംബകൂട്ടായ്മയും മാറണം.

**IV ഭക്ഷ്യസുരക്ഷസാധ്യമാക്കാം:** ഓരോ ഭവനത്തിനും ആവശ്യമായ ഭക്ഷണപദാർത്ഥങ്ങൾ, പ്രത്യേകമായി പച്ചക്കറികൾ ഉല്പാദിപ്പിക്കുന്ന ശൈലി വളർത്താൻ ശ്രമിക്കണം. കൂട്ടായ കൃഷിയും പരസ്പരം പങ്ക് വെയ്ക്കലും പ്രോത്സാഹിപ്പിക്കണം.

## V കുടുംബകൂട്ടായ്മകൾ സ്വയം സഹായസംഘങ്ങളാകുക

സർക്കാരിന്റെയും മറ്റ് പ്രസ്ഥാനങ്ങളുടെയും രീതിയിൽ ഓരോ കുടുംബകൂട്ടായ്മയും ഒരു അയൽകൂട്ടമായി രൂപീകരിക്കപ്പെടണം. ഓരോ ആഴ്ചയിലും നിശ്ചിത തുക സമ്പാദിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്നവരാകാൻ കുടുംബാംഗങ്ങൾ ചേർന്ന അയൽകൂട്ടം രൂപീകരിക്കണം. ഒരു വർഷത്തിനകം ലോൺകൊടുക്കുവാനും സാമ്പത്തികമായി സഹായിക്കാനുതകുന്ന സംവിധാനമാക്കി മാറ്റുവാൻ കഴിയും.

## VI വഴിയൊരുക്കുക

1) ഗ്രാമത്തിലെ ചെറുറോഡുകളും വഴികളും ഓരോ കൂട്ടായ്മയും ദത്തെടുക്കുകയും സംരക്ഷിക്കുകയും ചെയ്യുക.

2) സ്ഥലനാമം രേഖപ്പെടുത്തിയ ചൂണ്ട് പലകകൾ എഴുതിവയ്ക്കാം.

3) പ്ലാസ്റ്റിക് സാധനങ്ങളും മാലിന്യങ്ങളും റോഡിൽ നിന്ന് നീക്കുക.

4) ചെറുതോടുകൾ ഇടമുറിയാതെ ഒഴുകുവാൻ സഹായിക്കണം. കാനകൾ വൃത്തിയാക്കണം

**VII ഇൻഷൂറൻസ് പരിരക്ഷ ഒരുക്കുക :** വിവിധങ്ങളായ രോഗങ്ങളാൽ നാം കഷ്ടപ്പെടുന്നതിന് പുറമേ ചികിത്സകൾ ഭാരിച്ച ദുരിതമായി മാറി കഴിഞ്ഞിരിക്കുകയാണ്. നമ്മൾ സമ്പാദിക്കുന്ന പണത്തിന്റെ നല്ലൊരുഭാഗം

ചികിത്സാചിലവായി നമ്മിൽനിന്ന് ചോർന്നു പോകുന്നു. ഹൃദ്രോഗം, കാൻസർ, വൃക്ക, കരൾ, ഉദരരോഗങ്ങൾ എന്നിവയുടെ ചികിത്സ താങ്ങാവുന്നതിലും അപ്പുറമായിരിക്കുന്നു. ഇൻഷൂറൻസ് ഇല്ലെങ്കിൽ കിടപ്പാടം വിറ്റാലും നമുക്കു രോഗിയെ രക്ഷിക്കാനാവില്ല. അതിനാൽ മുഴുവൻ ആളുകൾക്കും ചികിത്സചിലവ് ലഭ്യമാക്കുന്ന ഇൻഷൂറൻസ് പരിരക്ഷ നാം ഉറപ്പാക്കണം. വിദേശരാജ്യങ്ങളിൽ സാമൂഹിക സുരക്ഷയുടെ ഭാഗമായി ഈ സംവിധാനം ഉള്ളതിനാൽ ചികിത്സകൾ ജനത്തെ ഭയപ്പെടുത്തുന്നില്ല.

രണ്ടുതരം ചികിത്സാ ഇൻഷൂറൻസ് ഉണ്ട്. ചികിത്സകഴിഞ്ഞാൽ ബില്ലുകളും ഡോക്ടറുടെ റിപ്പോർട്ടും ഹാജരാക്കുമ്പോൾ നാം ആശുപത്രിയിൽ ചിലവഴിച്ച പണത്തിന്റെ ഓഹരി തരുന്നതാണ് സാധാരണ സ്കീം (Re-imbursement). നാം ഇൻഷൂറൻസ് കമ്പനിയിൽ അംഗമായി കഴിഞ്ഞാൽ ആശുപത്രിയിൽ ചികിത്സക്ക് വിധേയമായാൽ കമ്പനി നേരിട്ട് പണം മുഴുവൻ ആശുപത്രിക്ക് നല്കുന്നതാണ് രണ്ടാമത്തേത് (Cashless). സർക്കാരിന്റെ മിക്ക പദ്ധതികളും ആദ്യത്തെ രീതിയിലാണ്. സർക്കാർപദ്ധതികൾ ചിലവ് കുറഞ്ഞതാണെങ്കിലും നിയമത്തിന്റെ നൂലാമാലകൾ കാരണവും ഉദ്യോഗസ്ഥരുടെ കൃത്യവിലോപവും മൂലവും പലപ്പോഴും പ്രായോഗിക തലത്തിൽ ഉപകരിക്കപ്പെടുന്നില്ല. അതിനാൽ പ്രൈവറ്റ് കമ്പനികളുടെ, പദ്ധതിയിൽ ചേരുന്നതാണ് എളുപ്പം ഞാൻ STAR HEALTH ന്റെ പദ്ധതിയിൽ അംഗമാണ്. (വളരെ നന്നായി തോന്നുന്നു). കുടുംബകൂട്ടായ്മയിലെ അംഗങ്ങൾ മുഴുവനായി ഗ്രൂപ്പായിട്ടോ അല്ലെങ്കിൽ ഓരോ വീടുകളായിട്ടോ ഇൻഷൂറൻസ് പദ്ധതിയിൽ ചേരണം. തല്ക്കാലം ഇത്തിരി പണം അടച്ചാൽ വലിയ നഷ്ടങ്ങൾ നമുക്ക് ഒഴിവാക്കാം. മുഴുവൻ ആളുകളും ഏതെങ്കിലും ഇൻഷൂറൻസ് എടുക്കണം. വാഹനങ്ങൾക്ക് ഇൻഷൂറൻസ് നിർബന്ധമാണ്. അപകട മുണ്ടായില്ല എന്നതുകൊണ്ട് പണം നഷ്ടമാണെന്ന് നാം വിചാരിക്കില്ലല്ലോ. അതുപോലെ രോഗം വരാതിരിക്കട്ടെ. വന്നാൽ തകർന്ന്പോകാതിരിക്കുവാൻ ഇന്ന് ഇൻഷൂർ ചെയ്യുക. ഇതൊരു ശീലമാക്കണം.

**പ്രസിഡണ്ടുമാരുടെയും കോർഡിനേറ്റർമാരുടെയും സമ്മേളനം**

കുടുംബ കൂട്ടായ്മകൾ തുടങ്ങിയിട്ട് ഒരു വർഷം പൂർത്തിയായ വേളയിൽ കഴിഞ്ഞ ദിനങ്ങളിൽ നേതൃത്വം നൽകിയ കുടുംബ കൂട്ടായ്മ പ്രസിഡണ്ടുമാരെ അഭിനന്ദിക്കുവാനും പുതിയ കർമ്മപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുമായി FRUITS PRESIDENTS' MEET അഞ്ച് കേന്ദ്രങ്ങളിലായി നടത്തപ്പെട്ടു.

കരുവൻചാലിൽ ജനുവരി 18 ന് നടന്ന സമ്മേളനത്തിൽ ആലക്കോട്, വായാട്ടുപറമ്പ, തളിപ്പറമ്പ ഫൊറോനകളിൽ നിന്നായി നാനൂറോളം പേർ പങ്കെടുത്തു. അഭിവന്ദ്യ ആർച്ച്ബിഷപ് മാർ ജോർജ്ജ് ഞറളക്കാട്ട് ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. ചെമ്പേരി, ചെമ്പൻതൊട്ടി, പൈസക്കരി ഫൊറോനകളിലെ സമ്മേളനം ചെമ്പേരിയിൽ 21 ചൊവ്വാഴ്ച അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു.

കാഞ്ഞങ്ങാട്, പനത്തടി, വെള്ളരിക്കുണ്ട് ഫൊറോനകൾക്കായുള്ള സമ്മേളനം 22 ബുധനാഴ്ച മാർ ജോസഫ് പാംപ്ലാനി പടന്നക്കാട് പാസ്റ്ററൽ സെന്ററിൽ ഉദ്ഘാടനം നടത്തി. 24 ന് വെള്ളിയാഴ്ച ചെറുപുഴ കൃപാലയത്തിൽ വെച്ച്

ചെറുപുഴ, തോമാപുരം, മേരിഗിരി ഫൊറോനകളുടെ സമ്മേളനത്തിൽ ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് ഞറളക്കാട്ടും 27 ന് എടൂർ, കുന്നോത്ത്, നെല്ലിക്കാം പൊയിൽ, പേരാവൂർ ഫൊറോനകളുടെ ഇരിട്ടി സമ്മേളനത്തിൽ മാർ ജോസഫ് പാംപ്ലാനിയും ഉദ്ഘാടനം നടത്തി സന്ദേശം നല്കി. പ്രസിഡന്റുമാരുടെ സാന്നിദ്ധ്യം അത്ഭുതാവഹമായിരുന്നു. നേതാക്കന്മാരെല്ലാവരും പങ്കെടുത്തതിന് നന്ദി പറയുന്നു.

യോഗത്തിൽ വെച്ച് 2020 കർമ്മപദ്ധതികൾ പ്രഖ്യാപിച്ചു. പ്രത്യേകമായി പാരിഷ് കൗൺസിൽ തിരഞ്ഞെടുപ്പിനുള്ള നിർദ്ദശങ്ങൾ വിശദീകരിക്കപ്പെട്ടു. കുടുംബ കൂട്ടായ്മകളുടെ പുതിയ ഭാരവാഹികളെ മാർച്ച് 15 ന് മുൻപായി തിരഞ്ഞെടുത്ത് ലിസ്റ്റ് 25ന് മുമ്പ് ഫ്രൂട്ട്സ് ഓഫിസിൽ എത്തിക്കണം. അതിനുള്ള ഫോറം ഇടവകയിലേക്ക് കോർഡിനേറ്റർ മുഖേന കൊടുത്തുവിട്ടിട്ടുണ്ട്.

**കലണ്ടർ പ്രകാശനം**: അതിരൂപത കുടുംബ കൂട്ടായ്മയുടെ ഭാഗമായ 2020 ലെ കലണ്ടർ അഭിവന്ദ്യ പിതാക്കന്മാർ പ്രകാശനം ചെയ്തു. കലണ്ടറിൽ ഈ വർഷം ഊന്നൽ നൽകിയിരിക്കുന്നത് പെൺകുട്ടികളുടെ ദൈവവിളി പ്രോത്സാഹനമാണ്. സിസ്റ്റേഴ്സിന്റെ ത്യാഗോജ്ജ്വലമായ സമർപ്പണ ജീവിതം അവഹേളിക്കപ്പെടുമ്പോൾ സന്യാസ ജീവിതത്തെ സന്തോഷത്തോടെ പിൻചെല്ലുന്നവരെ അവതരിപ്പിക്കുവാനാണ് ശ്രമിച്ചത്. കർമ്മലീത്ത, ഫ്രാൻസിസ്കൻ, നസ്രത്ത്, തിരുഹൃദയം, വിമലാലയം, ആരാധന സഭകളെ അവതരിപ്പിച്ചിട്ടുണ്ട്. അടുത്ത വർഷങ്ങളിൽ മറ്റ് സഭാസമൂഹങ്ങളെ പരിചയപ്പെടുത്തുന്നതാണ്. കലണ്ടറിനായി സാമ്പത്തികമായി സഹകരിച്ച സിസ്റ്റേഴ്സിനെ നന്ദിയോടെ ഓർക്കുന്നു.

**വാർഷിക സമ്മാനം**: അതിരൂപതയിലെ മുഴുവൻ കുടുംബ കൂട്ടായ്മകളുടെ പ്രസിഡണ്ടുമാർക്കും കോർഡിനേറ്റർമാർക്കും രണ്ട് ഗ്ലാസ്സുകൾ വീതമുള്ള ഒരു പാക്കറ്റ് സമ്മാനമായി നൽകി. എല്ലാ പള്ളികളിലേക്കും കോൺവെന്റുകളിലേക്കും കൊടുത്തുവിടുകയും ചെയ്തിട്ടുണ്ട്. ഈ സമ്മാനം കൊടുക്കുവാൻ സാമ്പത്തികമായി സഹകരിച്ച നല്ലവരായ സുഹൃത്തുക്കൾക്ക് നന്ദി പറയുന്നു.

**പുതിയ റിപ്പോർട്ട് - ഹാജർ ബുക്ക്** : ഒരു വർഷത്തേക്ക് ഹാജർ എടുക്കുവാനും റിപ്പോർട്ട് എഴുതുവാനും സാധിക്കുന്ന വിധത്തിലാണ് ബുക്ക് തയ്യാറാക്കിയിരിക്കുന്നത്. ജനുവരി മാസത്തോടുകൂടി കഴിഞ്ഞ വർഷത്തെ ബുക്ക് തീർന്നിരിക്കും. അതിനാൽ പുതിയ ബുക്കിൽ എഴുതണം. പ്രസിഡണ്ടുമാരുടെ സമ്മേളനത്തിൽ പുതിയ റിപ്പോർട്ട് ബുക്കുകൾ കൊടുത്ത് വിട്ടിട്ടുണ്ട്. (ബുക്കിന്റെ വില ഉടനെ തന്ന് തീർക്കണം. ഒന്നിന് 50 രൂപ. പ്രസ്സിൽ കൊടുക്കണമല്ലൊ). അതിന്റെ ഏഴാം പേജിൽ പുതിയ ഭാരവാഹികളുടെയും സംഘടന പ്രതിനിധികളുടെയും പേരുകളാണ് എഴുതേണ്ടത്. പഴയ റിപ്പോർട്ട് ബുക്കുകൾ കോർഡിനേറ്റർ ശേഖരിച്ച് ഇടവകയിൽ സൂക്ഷിക്കേണ്ടതും പിന്നീട് ഫ്രൂട്ട്സ് ഓഫീസിൽ നിന്ന് വന്ന് അത് പരിശോധിച്ച് ഓരോ കൂട്ടായ്മയെയും വിലയിരുത്തുന്നതുമാണ്.

പുതിയ ഭാരവാഹികൾക്കായ് ഏപ്രിൽ, മെയ് മാസങ്ങളിൽ പരിശീലന സമ്മേളനങ്ങൾ സംഘടിപ്പിക്കുന്നതാണ്. കൈ കോർക്കാം, ഒന്നിച്ച് വളരാം.

**ഫാ. മാത്യു ആശാരിപറമ്പിൽ**
ഡയറക്ടർ

# ബൈബിൾ അപ്പൊസ്തൊലേറ്റ്
# &
# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## 1. ലോഗോസ് ക്വിസ് - 2019

ലോഗോസ് ക്വിസ് പരീക്ഷയുടെ സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും ഓരോ ഇടവകയിലും വിതരണം ചെയ്ത് കാണുമെന്ന് പ്രതീക്ഷിക്കുന്നു. ലോഗോസ് ക്വിസ് ഭംഗിയായി നടത്തുവാൻ സഹായിച്ചവരെ നന്ദിയോടെ സ്മരിക്കുന്നു.

## 2. ലോഗോസ് ക്വിസ് - 2020

അടുത്തവർഷത്തേക്കായ് ലോഗോസ് ക്വിസ് - 2020 പഠനസഹായി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കുന്നു. ക്വിസിന് വരുന്ന വി. ഗ്രന്ഥ ഭാഗങ്ങളിൽ നിന്നുള്ള വിശദമായ ചോദ്യങ്ങളും മാതൃകചോദ്യങ്ങളുമായി പ്രസാധനം ചെയ്യുന്ന പഠനസഹായി പരീക്ഷാർത്ഥികൾക്ക് ഏറ്റം ഉപകാരപ്രദമായിരിക്കും. മുൻകൂട്ടി ഓർഡർ ചെയ്യുന്നവർക്ക് കുറഞ്ഞനിരക്കിൽ പുസ്തകങ്ങൾ ലഭ്യമാക്കുന്നതാണ്. വിശദവിവരങ്ങൾ അടുത്ത മാസത്തിലെ ഗിരിദീപത്തിൽ പ്രസദ്ധീകരിക്കുന്നതാണ്.

## 3. ദൈവശാസ്ത്ര കോൺടാക്റ്റ് ക്ലാസ്സുകൾ

| തീയതി | സ്ഥലം | സമയം |
|---|---|---|
| ഫെബ്രു. 1 | അസ്സീസിഭവൻ, കോഴിക്കോട് | 9.30am - 4.30pm |
| ഫെബ്രു. 1 | മണ്ണംപേട്ട, തൃശ്ശൂർ | 9.30am - 4.30pm |
| ഫെബ്രു. 5 | പാലക്കാട്, ധോണി | 9.30am - 4.30pm |
| ഫെബ്രു. 8 | പാലാ എസ്.എച്ച്<br>പാലാ എഫ്.സി.സി<br>എറണാകുളം സി.എം.സി | 9.30am - 4.30pm |
| ഫെബ്രു. 8,9 | വിജയവാഡ എസ്.എ.ബി.എസ്. | 9.30am - 4.30pm |
| ഫെബ്രു. 15 | MTh - One day Class,<br>Thalassery - Alpha Institute | 9.30am - 4.30pm |
| ഫെബ്രു. 22 | പാലക്കാട് സി.എം.സി | 9.30am - 4.30pm |
| ഫെബ്രു. 29 | ഇടുക്കി എഫ്.സി.സി<br>ഇടുക്കി എസ്.എച്ച്<br>നെല്ലിക്കാംപൊയിൽ സി.എം.സി | 9.30am - 4.30pm<br>9.30am - 4.30 pm |

### 4. ഐ.എം.എ/എം.റ്റി.എച്ച് ഏകദിന ക്ലാസ്സ്. ഫെബ്രുവരി 15 ന്

ദൈവശാസ്ത്രത്തിൽ ഐ.എം.എ/എം.റ്റി.എച്ച് ചെയ്യുന്ന വിദ്യാർത്ഥികൾക്കായി ഫെബ്രുവരി 15 ശനിയാഴ്ച ഏകദിന പഠനക്ലാസ്സ് സംഘടിപ്പിക്കുന്നു. വി. ഗ്രന്ഥത്തിലും, ധാർമ്മിക ദൈവശാസ്ത്രത്തിലും, ഡോഗ് മാറ്റിക് തിയോളജിയിലും ഐ.എം.എ/എം.റ്റി.എച്ച് ചെയ്യുന്ന എല്ലാ വിദ്യാർത്ഥികളും ക്ലാസ്സിൽ പങ്കെടുക്കേണ്ടതാണ്. രാവിലെ 9.30 മുതൽ വൈകുന്നേരം 4.30 വരെയായിരിക്കും ക്ലാസ്സിന്റെ സമയം.

### 5. നോർത്ത് - ഈസ്റ്റ് പ്രവിശ്യയിൽ പുതിയസെന്റർ

വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലെ വിദ്യാർത്ഥികൾക്കായി ഷില്ലോങ്ങ് കേന്ദ്രമാക്കി ആൽഫാ തിയോളജിയുടെ പുതിയ സെന്റർ ആരംഭിക്കുന്നു. പ്രഥമക്ലാസ്സ് ഫെബ്രുവരി 21-ാം തീയതി ഷില്ലോങ്ങിൽ വച്ച് റവ. ഡോ. സി. ബിൻസി മാത്യു എസ്.എച്ച് ഉദ്ഘാടനം ചെയ്യുന്നതാണ്.

സ്നേഹപൂർവ്വം,

**ഡയറക്ടർ**


**MARY MEDIATRIX SCHOOL (CBSE)**

തളിപ്പറമ്പ് ഇടവകയിൽ ടി.എസ്.എസ്.എസ് ജൂബിലി ഫാമിന് സമീപം മേരി മീഡിയാട്രിക്സ് സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ 1 മുതൽ 5 വരെയുള്ള ക്ലാസ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. കുട്ടികളുടെ വ്യക്തി വികസനത്തിനും കലാകായിക രംഗങ്ങളിൽ മികവുറ്റ വിജയം വരിക്കുന്നതിനും അത്യാധുനിക രീതിയിലുള്ള പരിശീലനം നൽകപ്പെടുന്നു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും താമസിച്ച് പഠിക്കുവാനുള്ള ബോർഡിംഗ് സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

Mary Mediatrix School (CBSE)
Day & Residential
Karakundu, Pariyaram

Contact No: 9072747907
8943522160
www. mmmschool.org
info@mmmschool.org

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

പുത്തൻ പ്രതീക്ഷയുടെ പൊൻചിറകുകളുമായി കടന്നുവന്ന ഈ പുതുവർഷപുലരിയിൽ പ്രേഷിത തീക്ഷ്ണത നമ്മെ പ്രോജ്ജ്വലരാക്കുമ്പോൾ സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും സേവനത്തിന്റെയും സഹനത്തിന്റെയും വിത്തുകൾ വിതറി നമ്മുടെ പ്രവർത്തന മേഖലകളിൽ നൂറുമേനി ഫലം വിളയിക്കുവാൻ ഈ ഫെബ്രുവരിമാസത്തിൽ എല്ലാ പ്രിയ പ്രേഷിതർക്കും സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു...

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : വാ. റാണിമരിയ |
| അനുസ്മരിക്കുന്ന വിശുദ്ധ | : വി. ബ്രിജീറ്റ് |
| പ്രാർത്ഥനാനിയോഗം | : യുവജനശുശ്രൂഷ നേതൃത്വത്തിന് വേണ്ടി |
| വചനഭേരി | : ലോഗോസ് 2020 സുവിശേഷഭാഗം മനഃപാഠമാക്കുക |
| സുകൃതം | : 72 കരുണയുടെ ജപമാല |
| ദിയാക്കോണിയ | : സമുദായ ശാക്തീകരണം |

## ശാഖകൾ ശ്രദ്ധിക്കാൻ

9 ഞായർ : തിരുബാലസഖ്യദിനം

25 ചൊവ്വ : വാ.റാണിമരിയയുടെ തിരുനാൾ

**മേഖലകൾ ശ്രദ്ധിക്കാൻ**: എക്സിക്യൂട്ടീവ്, അഗതിമന്ദിര സന്ദർശനം, പരീക്ഷ ഒരുക്കധ്യാനം

## മേഖലാ ഡയറക്ടേഴ്സ്, വൈസ്ഡയറക്ടേഴ് മീറ്റിംഗ്

മിഷൻലീഗ് - തിരുബാലസഖ്യം പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും 2020 - 2021 വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചചെയ്യുന്നതിനുമായി ഫെബ്രുവരി 21-ാം തിയതി വെള്ളിയാഴ്ച 10.30 ന് തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ഓഡിറ്റോറിയത്തിൽ മേഖലാ ഡയറക്ടേഴ്സ്, വൈസ്ഡയറക്ടേഴ് മീറ്റിംഗ് കൂടുകയാണ്. ബഹു. ഡയറക്ടർ അച്ചൻമാരും വൈസ് ഡയറക്ടർ സിസ്റ്റേഴ്സും തീർച്ചയായും പങ്കെടുക്കുമല്ലോ. ഒരു മണിയോടെ മീറ്റിംഗ് സമാപിക്കുന്നതായിരിക്കും.

## എയ്ഞ്ചൽസ് മീറ്റ്

ഈ വർഷം ആദ്യകുർബ്ബാന സ്വീകരിക്കുന്ന കുട്ടികളെ മേഖലാതലത്തിൽ ഒരുമിച്ചുകൂട്ടി അഭിനന്ദിക്കുകയും ചെറുപുഷ്പ മിഷൻലീഗ് സംഘടന

യിലേയ്ക്കുള്ള ഔദ്യോഗിക പ്രവേശനം നൽകുകയും ചെയ്യുന്നതിനായി എല്ലാ മേഖലകളിലും എയ്ഞ്ചൽസ് മീറ്റ് നടത്തുവാൻ ബഹു. മേഖലാ ഡയറക്ടർ അച്ചൻമാർ ശ്രദ്ധിക്കുമല്ലോ. മെയ് ആദ്യ ആഴ്ചകളിൽ അഭിവന്ദ്യ പിതാക്കൻമാരുടെ സൗകര്യത്തിനനുസരിച്ച് തിയ്യതികൾ സെക്രട്ടറി അച്ചനെ വിളിച്ച് അതാത് മേഖലാ ഡയറക്ടർമാർ ഉറപ്പുവരുത്തുമല്ലോ.

## എം.റ്റി.സി. ക്യാമ്പ്

മേഖലകളിൽ ഇനിയും എം.റ്റി.സി. ക്യാമ്പ് നടത്താത്തവർ ഈ മാസം തന്നെ ക്യാമ്പ് നടത്തി അതിരൂപതാ ക്യാമ്പിലേയ്ക്കുള്ള 3 ആൺകുട്ടികളുടെയും 3 പെൺകുട്ടികളുടെയും പേര്, ഇടവക, ഫോൺ നമ്പർ എന്നിവ ഫെബ്രുവരി 29-ാം തിയതിക്കുള്ളിൽ അതിരൂപതാ ഓഫീസിൽ തരേണ്ടതാണ്. മേഖലകളിൽ ക്യാമ്പ് നടത്താതെ തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളെ അതിരൂപതാ ക്യാമ്പിൽ പങ്കെടുപ്പിക്കുന്നതല്ല.

## ബഹു. വൈസ്ഡയറക്ടർമാരുടെ ശ്രദ്ധയ്ക്ക്

- ♦ സംഘടനാപരമായ കുടിശ്ശികകൾ ഇനിയും അടയ്ക്കാനുള്ളവർ എത്രയും വേഗം അടച്ച് തീർത്ത് സഹകരിക്കുമല്ലോ.
- ♦ സാമ്പൽപൂർ മിഷൻ സഹായം നൽകാത്ത ശാഖകൾ ഈ മാസംത്തന്നെ നൽകുവാൻ ശ്രദ്ധിക്കുമല്ലോ.
- ♦ വിശ്വാസോത്സവത്തോടനുബന്ധിച്ച് 2020 - 2021 വർഷത്തേക്കുള്ള ജൂനിയർ, സീനിയർ ഭാരവാഹികളുടെതെരഞ്ഞെടുപ്പ് നടത്തി ലിസ്റ്റ് ഓഫീസിൽ എത്തിക്കുമല്ലോ.

## ദിയാക്കോണിയ

ഫെബ്രുവരി - മാർച്ച് മാസങ്ങളിൽ ശാഖാ തലത്തിൽ ചെയ്യേണ്ടവ:

1. പ്രാർത്ഥനകൾ ചൊല്ലുന്നതിനും ഗീതങ്ങൾ ആലപിക്കുന്നതിനും ഭാരവാഹികളോട് ചേർന്ന് സഹകരിക്കുക.
2. കലാപരിപാടികൾക്ക് നേതൃത്വം നൽകുകയും അവതരിപ്പിക്കുകയും ചെയ്യുക.
3. ബൈബിൾ പഠന പരിപാടികളിൽ പങ്കെടുക്കുക.
4. ബൈബിൾ അടിസ്ഥാനപ്പെടുത്തി മത്സരങ്ങൾ സംഘടിപ്പിക്കുക.
5. ബൈബിൾ ക്വിസ്സ്, വചനം മനപാഠമാക്കൽ, എന്നിവ സംഘടിപ്പിക്കുക.
6. ജനറൽ ക്വിസ്സ്, സഭാക്വിസ്സ് എന്നിവയോട് സഹകരിക്കുക.

## അതിരൂപതാ സംയുക്ത എക്സിക്യൂട്ടീവ്

2020 ജനുവരി 10-ാം തിയതി തലശ്ശേരി സന്ദേശഭവനിൽ നടന്ന സംയുക്ത എക്സിക്യൂട്ടീവ് മീറ്റിംഗിൽ വികാരി ജനറാൾ മോൺ. അലക്സ് താരാമംഗലം അച്ചന്റെയും അതിരൂപതാ ഡയറക്ടർ ഫാ ജോസഫ് വേങ്ങക്കുന്നേലച്ചന്റെയും സാന്നിധ്യത്തിൽ പുതിയ ഭാരവാഹികൾ സത്യപ്രതിജ്ഞചൊല്ലി സ്ഥാനം ഏറ്റെ

ടുത്തു. അതിരൂപതാ പ്രസിഡന്റ് ശ്രീ സുനിൽ കല്ലിടുക്കിൽ പുതിയ എക്സിക്യൂട്ടീവിന്റെ പ്രവർത്തനങ്ങൾ എപ്രകാരം ആയിരുക്കണം എന്നതിനെക്കുറിച്ച് എല്ലാവരുടെയും അഭിപ്രായങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കർമ്മപദ്ധതി അവതരിപ്പിച്ചു. മുൻ പ്രസിഡന്റ് ശ്രീ ബേബി പ്ലാശ്ശേരി കഴിഞ്ഞ മൂന്ന് വർഷത്തെ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് സംസാരിക്കുകയും എല്ലാവരുടെയും സഹായ സഹകരണങ്ങൾക്ക് നന്ദിപറയുകയും ചെയ്തു.

## മേഖലാ സന്ദർശനങ്ങൾ

ഫെബ്രുവരി മാസത്തിൽ അതിരൂപതാ ടീം എല്ലാ മേഖലകളും സന്ദർശിക്കുന്നതായിരിക്കും. മേഖലകളിൽ വരുന്ന തിയതികൾ അറിയിക്കുന്നതായിരിക്കും. മേഖലകളിൽ എല്ലാ റെക്കോർഡുകളും കൃത്യമായി എഴുതിവയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## പ്രേഷിതവാരം

അതിരൂപതാതലം പ്രേഷിതവാരം 5-ാം തിയതി ഞായറാഴ്ച മണിപ്പാറ ശാഖയിൽ നടത്തി. മണിപ്പാറ ശാഖാ ഡയറക്ടർ ഫാ. ഫ്രാൻസീസ് റാത്തപ്പള്ളി അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ അതിരൂപതാ ഡയറക്ടർ ഫാ.ജോസഫ് വേങ്ങക്കുന്നേൽ നിലവിളക്ക് തെളിച്ച് ഉത്ഘാടനം ചെയ്തു. അതോടൊപ്പം അതിരൂപതാ ഡയറക്ടർ ഫാ.ജോസഫ് വേങ്ങക്കുന്നേൽ അന്നേദിനം കുട്ടികൾക്ക് ക്ലാസ്സ് എടുത്തു. പ്രേഷിതവാര പ്രവർത്തനങ്ങൾ നടത്താൻ നേതൃത്വം നല്കിയ എല്ലാ വികാരിയച്ചൻമാർക്കും സിസ്റ്റേഴ്സിനും മിഷനറിമാർക്കും നന്ദി അറിയിക്കുന്നു.

## ഉണർവ്വ്: എം. റ്റി. സി . ക്യാമ്പ്

ഡിസംബർ 27, 28 തിയതികളിൽ രയരോം ശാഖയിൽ വച്ച് 2017, 2018, 2019 വർഷങ്ങളിൽ അതിരൂപതാ തലത്തിൽ മിഷൻ സന്ദർശനത്തിന് പോയ കുട്ടികളുടെ സംഗമം നടത്തി. അതിരൂപതാ ജനറൽ ഓർഗനൈസർ ശ്രീ സുനിൽ ചെന്നിക്കരയുടെ അധ്യക്ഷതയിൽ ചേർന്ന മീറ്റിംഗ് രയരോം ശാഖാ ഡയറക്ടർ ഫാ. കുരീക്കാട്ടിൽ ജോസഫ് ഉദ്ഘാടനം ചെയ്തു. രയരോം പള്ളി അസി.വികാരി ഫാ.നിഖിൽ മണിയംകുളത്ത്, ആൻമരിയ എന്നിവർ ആശംസകളർപ്പിച്ചു. അതിരൂപതാ വൈസ് ഡയറക്ടർ സി റോഷ്നി എഫ് സി സി സ്വാഗതവും മരിയ മനക്കലാത്ത് നന്ദിയും അറിയിച്ചു. 37 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. ക്യാമ്പിന് വേണ്ട സഹായങ്ങൾ ചെയ്തുതന്ന രയരോം ഇടവക വികാരി ഫാ. ജോസഫ് കുരീക്കാട്ടിൽ അച്ചനും അസി. വികാരി ഫാ. നിഖിൽ മണിയംകുളത്തിനും,സൺഡേസ്ക്കൂൾ ഹെഡ്മാസ്റ്റർ സിബി സാറിനും വിശ്വാസ പരിശീലകർക്കും ചെറുപുഷ്പ മിഷൻലീഗ് മേഖലാ-ശാഖാ ഭാരവാഹികൾക്കും അതിരൂപതാ കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

## ബൈബിൾ ഞായർ

ഡിസംബർ 31-ാം തിയതി അതിരൂപതാതല ബൈബിൾ ഞായർ

ആഘോഷം ഉദയപുരം ഇടവകയിൽ വെച്ച് നടത്തി. അതിരുപതാ ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. ഉദയപുരം ശാഖാഡയറക്ടർ ജോസഫ് കുരിശുമൂട്ടിൽ ബൈബിൾ പ്രതിഷ്ഠ നടത്തി. ഉദയപുരം ശാഖ നടത്തിയ ബൈബിൾ പകർത്തിയെഴുതൽ മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ഐറിൻ ഈറ്റക്കലിനും മറ്റ് സ്ഥാനങ്ങൾ കരസ്ഥമാക്കിയ ബിനുനാലൊന്നുകാട്ടിലിനും, സൂസമ്മ കുന്നുംപുറത്തിനും, മേഘ മാമൂട്ടിലിനും പ്രോത്സാഹന സമ്മാനങ്ങൾ നല്കി. സമുചിതമായി ബൈബിൾ ഞായർ ആഘോഷിക്കാൻ നേതൃത്വം നല്കിയ ജെയ്സച്ചനും ശാഖാ മേഖലാ ഭാരവാഹികൾക്കും നന്ദി.

## ശാഖാഭാരവാഹികളുടെ തെരഞ്ഞെടുപ്പ്

2020 –21 പ്രവർത്തന വർഷത്തെ ശാഖാഭാരവാഹികളുടെ (ജൂനിയർ – സീനിയർ) തിരഞ്ഞെടുപ്പ് വിശ്വാസോത്സവ ദിനങ്ങളിൽ തന്നെ നടത്തുകയും അതിരൂപതയിൽ നിന്നും തരുന്ന ഫോമിൽ കൃത്യമായി എഴുതി തരുകയും ചെയ്യുമല്ലോ.

## ജീവകാരുണ്യ കൂപ്പൺ നറുക്കെടുപ്പ് വിജയികൾ

ചെറുപുഷ്പ മിഷൻലീഗ് ശാഖാ, മേഖലാ, രൂപതാ തലങ്ങളിൽ ജീവകാരുണ്യ ഫണ്ട് സ്വരൂപിക്കുന്നതിനായി നടത്തിയ സമ്മനക്കൂപ്പൺ നറുക്കെടുപ്പ് 10.01.2020 ന് സന്ദേശ ഭവനിൽവച്ച് നടന്നു. ഒന്നാം സമ്മാനമായ മോട്ടോർബൈക്ക് വാണിയപ്പാറ ശാഖയിലെ മനോജ് കുറിന്നിറപ്പള്ളി, രണ്ടാം സമ്മാനമായ ലാപ്പ്ടോപ്പ് മുണ്ടാനൂർ ശാഖയിലെ ഡോണ ബിനോയി, മൂന്നാം സമ്മാനമായ ടാബ്ലെറ്റ് കണ്ണിവയൽ ശാഖയിലെ ഇമ്മാനുവേൽ എന്നിവർക്ക് ലഭിച്ചു. 16 മേഖലകളിലും കൂപ്പൺ വിറ്റ കുട്ടികളിൽ നിന്നും നടത്തിയ നറുക്കെടുപ്പിൽ 16 സൈക്കിൾ, കൂടാതെ 400– ഓളം പ്രോത്സാഹന സമ്മാനങ്ങളും നൽകി. ജീവകാരുണ്യകൂപ്പൺ വിതരണത്തിന് സഹായിച്ച ശാഖാ മേഖല ഭാരവാഹികൾക്ക് അതിരൂപതാ കുടുംബത്തിന്റെ നന്ദി.

## ഉണ്ണീശോയ്ക്കൊരു കട്ടിൽ – ഒരായിരം നന്ദിയോടെ

സാമ്പൽപൂരിലെ കുഞ്ഞുകൂട്ടുകാർക്ക് കട്ടിൽ വാങ്ങാൻ ഹൃദയപൂർവ്വം സഹകരിച്ചുകൊണ്ടിരിക്കുന്ന എല്ലാ ശാഖകൾക്കും സുമനസുകൾക്കും ഒരായിരം നന്ദി. വത്സലകുഞ്ഞുങ്ങളിലൂടെ ഈ കാര്യത്തെ അതിരൂപതയിൽ അറിയിച്ച അഭിവന്ദ്യ ഞറളക്കാട്ട് പിതാവിന് ഒത്തിരി സ്നേഹത്തോടെ നന്ദി അറിയിക്കുന്നു. അതോടൊപ്പം കുട്ടാപറമ്പ്, മണിക്കടവ്, രണ്ടാംകടവ്, കണ്ണൂർ, പാത്തൻപാറ, അമ്മംകുളം, വെള്ളരിക്കുണ്ട്, ഓടംതോട്, നിർമ്മലഗിരി എന്നീ ശാഖകൾക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു. ബാക്കി ശാഖകളിൽനിന്നുള്ള തുക എത്രയും വേഗം ഓഫീസിൽ എത്തിക്കുമല്ലോ.

## ക്രിസ്കാർഡ് മത്സരവിജയികൾ

I ആഗ്നസ് മംഗലമടത്തിൽ (ആയന്നൂർ)
II തെരേസ് അയ്യൻകാനാൽ (ചെമ്പേരി)
III മരിയ മാന്തറ (കുന്നോത്ത്)

## ക്ലിക്ക് ഷോട്ട് വിജയികൾ

I പാലാവയൽ ശാഖ
II കണിച്ചാർ ശാഖ
III കരിക്കോട്ടക്കരി ശാഖ

പ്രോത്സാഹന സമ്മാനത്തിന് അർഹരായവർ - കാപ്പിമല, പേരാവൂർ, ആലക്കോട്

**പൂമ്പാറ്റ വിജയികൾ**

I പേരാവൂർ ശാഖ
II കണിച്ചാർ ശാഖ
III പാലാവയൽ ശാഖ

പ്രോത്സാഹന സമ്മാനത്തിന് അർഹരായവർ -ആലക്കോട്, കരിക്കോട്ടക്കരി, പൂപ്പറമ്പ്

## മിഷൻപച്ചക്കറിത്തോട്ടം വിജയികൾ

മിഷൻലീഗിന്റെ നേതൃത്വത്തിൽ ശാഖകളിൽ നടത്തിയ മിഷൻപച്ചക്കറിത്തോട്ടം മത്സരത്തിൽ വിജയികളായവർ

I രാജമുടി ശാഖ
II കച്ചേരിക്കടവ് ശാഖ
III തയ്യേനിശാഖ

മിഷൻസ്റ്റാറിന് അർഹരായവർ:പുളിങ്ങോം, കാപ്പിമല, കണിച്ചാർ,കാവുന്തല
പ്രോത്സാഹന സമ്മാനത്തിന് അർഹരായവർ : അരിവിളഞ്ഞപോയിൽ, ആലക്കോട്, കുട്ടാപറമ്പ്, കുന്നോത്ത്, പയ്യാവൂർ, പാലാവയൽ, പൈസക്കരി, മാലോം

## സംസ്ഥാന വാർഷികം

ഡിസംബർ 27-ാം തിയതി താമരശ്ശേരി രൂപതയിലെ തോട്ടുമുക്കം ഇടവകയിൽ വെച്ച് നടന്ന സംസ്ഥാന വാർഷികത്തിൽ അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

## തിരുസന്നിധിയിൽ - ആരാധന

11-ാം തിയതി ശനിയാഴ്ച വെമ്പുവ, ഏറ്റുപാറ ശാഖകളിലെ കുട്ടികൾ നടത്തിയ ആരാധന ശാലോം ടി വി ഷ്യൂട്ട് ചെയ്തു. കുട്ടികളെ ആരാധനയ്ക്കായി ഒരുക്കിയ ശാഖാ ഭാരവാഹികൾക്കും എല്ലാ സിസ്റ്റേഴ്സിനും വിശ്വാസ പരിശീലകർക്കും പ്രത്യേകം നന്ദിയും അഭിനന്ദനങ്ങളും. അതോടൊപ്പം ആരാധനയ്ക്ക് വേണ്ട ക്രമീകരണങ്ങൾ ചെയ്തുതന്ന വികാരിയച്ചൻ മാർക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദി

## ആദരാഞ്ജലികൾ

കാഞ്ഞങ്ങാട് മേഖല വൈസ് പ്രസിഡന്റ് ബെറ്റി കുന്നേൽ പറമ്പിന്റെ വത്സല പിതാവ് അബ്രാഹത്തിന്റെ ആത്മശാന്തിക്കായി അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും ആദരാഞ്ജലികളും

## ശാഖാ സന്ദർശനങ്ങൾ

**22.12.19 ഞായർ:** പനത്തടി മേഖലയിലെ 10 ശാഖകളും ചെറുപുഴ മേഖലയിലെ 1 ശാഖയും വെള്ളരിക്കുണ്ട് മേഖലയിലെ 1 ശാഖയും അതിരൂപതാ ഓർഗനൈസിംഗ് ടീം സന്ദർശിച്ചു. അടോട്ടുകയ-മാണി കണിയാരോലിക്കൽ, കനീലടുക്കം-ജോയൽ കൈച്ചിറമറ്റത്തിൽ, പുഞ്ച-സി. റോഷ്നി FCC, പാണത്തൂർ,എള്ളൂക്കൊച്ചി-സി.ടെർസിറ്റ N S, പടിമരുത്-ജെറിൻ ചേമ്പാലക്കുന്നേൽ, മേരിപുരം-ഫാ. ജോസഫ് വേങ്ങക്കുന്നേൽ, ചെറുപുഴ-സി.ലിസ്ബിൻ CHF, കൊട്ടോടി-ജോബി പനച്ചിക്കൽകരോട്ട്, മാനടുക്കം-ബേബി പ്ലാശ്ശേരി, പടുപ്പ് -സി. മരിയറ്റ് MSMI, പനത്തടി-ജെയ്സൺ പുളിച്ചമാക്കൽ

**29.12.19 ഞായർ:** വെള്ളരിക്കുണ്ട് മേഖലയിലെ 2 ശാഖകളും കാഞ്ഞങ്ങാട് മേഖലയിലെ 7 ശാഖകളും സന്ദർശിച്ചു. മാലോം-സി. ക്ലെറിൻ SABS, നാട്ടക്കൽ-ജെറിൻ ചെമ്പാലക്കുന്നേൽ, ചായ്യോത്ത്-ബേബി പ്ലാശ്ശേരി, കാസർഗോഡ്-സി. റോഷ്നി FCC, കാഞ്ഞിരടുക്കം-സി. മരിയറ്റ് MSMI കാലിച്ചാനടുക്കം-മാണി കണിയാരോലിക്കൽ, ഉദയപുരം-ഫാ. ജോസഫ് വേങ്ങക്കുന്നേൽ, നെല്ലിയടുക്കം -ജോയൽ കൈച്ചിറമറ്റം, കാഞ്ഞങ്ങാട് -റോസിലി FCC.

**05.01.20 ഞായർ:** പേരാവൂർ മേഖലയിലെ 10 ശാഖകളും കാഞ്ഞങ്ങാട് മേഖലയിലെ 4 ശാഖകളും സന്ദർശിച്ചു. മഞ്ഞളാംപുറം-സി. ജെസ്റ്റീന MSMI, ആര്യപ്പറമ്പ്-ജെറിൻ ചെമ്പാലക്കുന്നേൽ, ചെങ്ങോം-സുനിൽ കല്ലിടുക്കിൽ, കണിച്ചാർ-സി. റോഷ്നി FCC, ചെട്ടിയാംപറമ്പ് - ജോബി പാണ്ട്യാംപറമ്പിൽ, ചീമേനി-മാണി കണിയാരോലിക്കൽ, കോളയാട് -സി. ടെറിസിറ്റ N S, ഓടംതോട്-ജോയൽ കൈച്ചിറമറ്റം, കല്ലുമുതിരക്കുന്ന്-സി.അർച്ചന FCC, നെടുംപുറംചാൽ - ജോബി പനച്ചിക്കൽകരോട്ട്, പൂളക്കുറ്റി - ജെയ്സൺ പുളിച്ചമാക്കൽ, കുമ്പള, ഹൊസങ്കടി-സി. വിനീത CMC, എണ്ണപ്പാറ-സക്കറിയാസ് തേക്കുംകാട്ടിൽ.

**12.01.20 ഞായർ:** തളിപ്പറമ്പ് മേഖലയിലെ 3 ശാഖകളും പേരാവൂർ മേഖലയിലെ 6 ശാഖകളും കാഞ്ഞങ്ങാട് മേഖലയിലെ 1 ശാഖയും സന്ദർശിച്ചു. നിർമ്മലഗിരി-സി. അർച്ചന FCC, നീലേശ്വരം-സക്കറിയാസ് തേക്കുംകാട്ടിൽ, പേരാവൂർ, മേൽമുരിങ്ങോടി-ബേബി പ്ലാശ്ശേരി, അമ്മംകുളം-സി. റോഷ്നി FCC, രാജമുടി-മാണി കണിയാരോലിക്കൽ, പെരുമ്പുന്ന-ഫാ. ജോസഫ് വേങ്ങക്കുന്നേൽ, ബാലേശുഗിരി-ജോബി പാണ്ട്യാംപറമ്പിൽ, കണ്ണൂർ-സി. ടെർസിറ്റ N S.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ഫെബ്രുവരി 9-ാം തിയതി ഞായറാഴ്ച തിരുബാലസഖ്യ ദിനമായി നാം ആചരിക്കുകയാണല്ലോ. കുഞ്ഞുങ്ങൾ സഭയുടെ സമ്പത്തും രാഷ്ട്രത്തിന്റെ മുതൽക്കൂട്ടുമാണ്. നമ്മുടെ കുഞ്ഞുങ്ങൾക്ക് നന്മയായത് ചിന്തിക്കുവാനും നന്മയായത് പ്രവർത്തിക്കുവാനും വേണ്ട സാഹചര്യങ്ങൾ നമുക്ക് ഒരുക്കിക്കൊടുക്കാം. ഉണ്ണീശോയുടെ എല്ലാ പ്രിയ കൂട്ടുകാർക്കും തിരുബാലസഖ്യദിനത്തിന്റെ ആശംസകൾ...

## 'നിറം കൊടുക്കാമോ' ഡിസംബർ മാസത്തെ വിജയികൾ

I ടോം കട്ടക്കയം - അരിവിളഞ്ഞപോയിൽ

II അൽഫോൻസ - മണിപ്പാറ

III സേറാ മാപ്പിളശ്ശേരി

## 'നിങ്ങൾക്കറിയാമോ'? വിജയികൾ

I ലിയോ മൈലാടുംപാറ - പാത്തൻപാറ

II ആരോൺ നെടുമല - മണിപ്പാറ

III ഫിയ റോബിൻ - അരിവിളഞ്ഞപോയിൽ

## തിരുബാലസഖ്യദിനം

ഫെബ്രുവരി 9-ാം തിയതി ഞായറാഴ്ച തിരുബാലസഖ്യദിനം ശാഖകളിൽ സമുചിതമായി ആഘോഷിക്കുമല്ലോ. സംഘടനയെക്കുറിച്ച് കുട്ടികൾ കൂടുതൽ അറിയുന്നതിനും മനസ്സിലാക്കുന്നതിനും ഉപകരിക്കത്തക്ക രീതിയിലുള്ള കലാപരിപാടികളും റാലിയും മീറ്റിംഗുകളും മറ്റും സംഘടിപ്പിച്ച് ഈ ദിനത്തിന്റെ പ്രാധാന്യം കുട്ടികൾക്ക് ബോധ്യപ്പെടുത്തിക്കൊടുക്കുമല്ലോ. അതിരൂപതാതല തിരുബാലസഖ്യദിനം കാസർഗോഡ് ശാഖയിൽ വെച്ച് നടത്തപ്പെടുന്നു.

## ക്രിസ്മസ് സന്ദേശമത്സര വിജയികൾ

I ഇവാമരിയ പുതുപ്പറമ്പിൽ - ഭീമനടി

II ആൽഫിമരിയ കിഴക്കേപ്പട്ടത്താനം - പേരാവൂർ

III റ്റിനാതെരേസ തോരണപ്ലാക്കൽ - മണിപ്പാറ

III മേരി വെള്ളാപ്പള്ളി - കണ്ണൂർ

## ഫാ. ജോർജ് നരിപ്പാറ പൗരോഹിത്യ സുവർണ്ണജൂബിലി എൻഡോവ്മെന്റ് ജേതാക്കൾ

തിരുബാലസഖ്യം അതിരൂപതാ കലോത്സവത്തിൽ പ്രസംഗമത്സരത്തിൽ ഒന്നാം സ്ഥാനം പൗരോഹിത്യ സുവർണ്ണജൂബിലി എൻഡോവ്മെന്റിന് ഉദയഗിരി ശാഖയിലെ എഡ്‌വിൻ മുളയുന്നൂർ,ആലക്കോട്ശാഖയിലെ തെരേസ് കണിച്ചേരിയിൽ എന്നിവർ അർഹരായി.

## അതിരൂപതാ കലോത്സവ വിജയികൾ

തിരുബാലസഖ്യം അതിരൂപതാ കലോത്സവം (എയ്ഞ്ചൽസ് ഫെസ്റ്റ്) 2020 ജനുവരി 11-ാം തിയതി ചെമ്പേരി നിർമ്മല ഹയർസെക്കന്ററി സ്ക്കൂളിൽ വച്ച് നടന്നു. രാവിലെ 9.45 ന് ചെമ്പേരി ഫൊറോന അസി.വികാരി ഫാ. പോൾ ഇടത്തിനകത്ത് കലോത്സവം ഉദ്ഘാടനം ചെയ്തു. ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാ പ്രസിഡന്റ് ശ്രീ സുനിൽ കല്ലിടുക്കിൽ അധ്യക്ഷനായിരുന്ന കലോത്സവത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേൽ ഏവർക്കും സ്വാഗതം ആശംസിച്ചു.

അതിരൂപതാ കലോത്സവത്തിൽ പേരാവൂർ, നെല്ലിക്കാംപോയിൽ, ചെമ്പേരി എന്നീ മേഖലകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. കൂടാതെ ലഘുനാടക മത്സരത്തിൽ മികച്ച അഭിനേതാവായി മേരിപുരം ശാഖയിലെ ശ്യാം പയ്യനാട്ടിനെയും, മികച്ച അഭിനേത്രിയായി മണിക്കടവ് ശാഖയിലെ സിബിന ഞായത്തിനെയും തെരഞ്ഞെടുത്തു. 16 ഫൊറോനകളിൽ നിന്നുമായി 510 കലാ പ്രതിഭകൾ പങ്കെടുത്തു. മത്സരത്തിൽ പങ്കെടുത്ത എല്ലാകുട്ടികൾക്കും കുട്ടികളെ പഠിപ്പിച്ചൊരുക്കിയ വൈസ്ഡയറക്ടേഴ്സിനും വിശ്വാസപരിശീലകർക്കും മാതാപിതാക്കൾക്കും പ്രത്യേകം നന്ദി.

കലോത്സവത്തിനുവേണ്ട എല്ലാ കാര്യങ്ങളും ഏറ്റവും മനോഹരമായി ക്രമീകരിച്ച വെരി. റവ.ഡോ. ജോർജ് കാഞ്ഞിരക്കാട്ടച്ചനും കൊച്ചച്ചൻമാർക്കും ഷീൻ വേലിക്കകത്ത് സാറിന്റെ നേതൃത്വത്തിലുള്ള വിശ്വാസ പരിശീലകർക്കും ചെറുപുഷ്പ മിഷൻലീഗ് ശാഖാ ഭാരവാഹികൾക്കും പ്രവർത്തകർക്കും സ്കൂൾ അധികാരികൾക്കും മറ്റെല്ലാ സംഘടനാ പ്രവർത്തകർക്കും ചെറുപുഷ്പ മിഷൻലീഗ് ചെമ്പേരി മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും തിരുബാലസഖ്യം സെൻട്രൽ ടീം അംഗങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി.

**സെമിനാറുകൾ - ക്യാമ്പുകൾ** : 05.01.20 ന് കണിച്ചാർ ശാഖയിലെ തിരുബാലസഖ്യം കുട്ടികൾക്ക് സി. റോഷ്നി ക്ലാസ്സ് എടുത്തു.

12.01.20 ന് പെരുമ്പുന്ന ശാഖയിലെ തിരുബാലസഖ്യം കുട്ടികൾക്ക് ഫാ. ജോസഫ് വേങ്ങക്കുന്നേൽ ക്ലാസ്സ് എടുത്തു.

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ




**" Go MAD " - Make A Difference**

നിങ്ങളുടെ യൗവ്വനം ഒരു ഇടവേളയല്ല.
നിങ്ങൾ ദൈവത്തിന്റെ ഇപ്പോൾ ആണ് (ക്രിസ്തൂസ് വിവിദ് 5:178).

പ്രിയ വികാരിയച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

**ROOTS - (വേരുകൾ) സമാപനം**

വേരുകളിലേക്ക് മടങ്ങുക നമ്മെ താങ്ങാനും ഉറപ്പിച്ച് നിർത്താനുമുള്ള ശക്തമായ വേരുകൾ നമുക്കില്ലാത്ത പക്ഷം വളരുക നമുക്ക് അസാധ്യമാണ് എന്ന ഫ്രാൻസ്സീസ് മാർപാപ്പയുടെ ഉദ്ബോധന പ്രകാരം കെ സി വൈ എം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ Roots 2k19 നടന്ന് കൊണ്ടിരിക്കുന്നു. അതിരൂപത തല ഉദ്ഘാടനം കെ സി വൈ എം പേരാവൂർ ഫൊറോനയുടെ ആതിഥേയത്വത്തിൽ ചെങ്ങോം സെന്റ് സെബാസ്റ്റ്യൻ ദേവാലയത്തിൽ വച്ച് ഓഗസ്റ്റ് 18 ന് തലശ്ശേരി അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തതു മുതൽ വിവിധ ഫൊറോനകളിലായി നാലും അഞ്ചും യൂണിറ്റുകൾ ചേർന്ന് റൂട്ട്സ് പ്രോഗ്രാം വളരെ മനോഹരമായും അനുഗ്രഹപ്രദമായ വിധത്തിലും നടന്ന് വരികയാണ്.

ഫ്രാൻസീസ്സ് മാർപാപ്പ 'ക്രിസ്തു ജീവിക്കുന്നു' എന്ന അപ്പസ്തോലിക ഉദ്ബോധനത്തിൽ പറഞ്ഞ് വയ്ക്കുന്നു. 'യുവജനങ്ങളുടെ സ്വരങ്ങൾ കേൾക്കപ്പെടാൻ നമ്മൾ കൂടുതൽ അവസരങ്ങൾ ഉണ്ടാക്കണം.' മൂന്നും നാലും യൂണിറ്റിലെ യുവജനങ്ങൾ ഒരു പള്ളിമുറ്റത്ത് ഒന്നിച്ച് ചേർന്നപ്പോൾ മാർപാപ്പയുടെ വാക്കുകൾ അന്വർത്ഥമായി. ഒരുമിച്ച് പ്രാർത്ഥിക്കുവാൻ, കൂട്ടായ്മയിലിരുന്ന് ഭക്ഷിക്കുവാൻ, പങ്ക് വയ്ക്കലിന്റെ ചൈതന്യം വളർത്താൻ, കഴിവുകൾ മറ്റുള്ളവരുടെ സന്തോഷത്തിനായി വിനിയോഗിക്കുവാൻ, സൗഹൃദങ്ങൾ വളർത്തുവാൻ, യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കുവാൻ, അതോടൊപ്പം ഈ പ്രസ്ഥാനത്തെ അറിയുവാനും ഈ കൂട്ടായ്മയോട് ചേരുവാനും ഇത് വഴി കുറെയധികം യുവജനങ്ങൾക്ക് സാധിച്ചു. സമൂഹത്തിന്റെയും സഭയുടെയും കുടുംബത്തിന്റെയും സമ്പത്തായ യുവജനങ്ങളെ ചേർത്ത് നിർത്തുവാൻ അവസരങ്ങൾ ഒരുക്കിയവരെയും, സഹായഹസ്തങ്ങൾ തന്നവരെയും, എല്ലാ വൈദീകരെയും സിസ്റ്റേഴ്സിനെയും, കെ.സി.വൈ.എം. ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ് ഫൊറോന, യൂണിറ്റ് ഭാരവാഹികളെയും നന്ദിയോടെ ഓർക്കുന്നു.

റൂട്ട്സിന്റെ സമാപനം നെല്ലിക്കാംപൊയിൽ സെന്റ് സെബാസ്റ്റ്യൻ ദേവാലയ അങ്കണത്തിൽ ഫെബ്രുവരി 2 ന് ഞായറാഴ്ച 4.30 ന് രജിസ്ട്രേഷൻ ആരംഭിക്കുന്നു. തുടർന്ന് അഞ്ച് മണിക്ക് ഉദ്ഘാടനം. വിശിഷ്ട സാന്നിധ്യമായി തലശ്ശേരി അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി പിതാവ് യുവജനങ്ങളൊടൊപ്പം. റൂട്ട്സിന്റെ സമാപന ദിനത്തിൽ എല്ലാ ഫൊറോനയിലെയും ഭാരവാഹികൾ പങ്കെടുക്കണം. റൂട്ട്സിന്റെ സമാപനത്തിനായി ഒരു

ങ്ങുന്ന നെല്ലിക്കാംപൊയിൽ ഫൊറോനക്ക് എല്ലാവിധ ആശംസകളും അഭിനന്ദനങ്ങളും.

## സമ്പൂർണ്ണ ഡിജിറ്റലൈസിഡ് അഫിലിയേഷൻ

ശാസ്ത്ര സാങ്കേതിക വിദ്യ ഇന്ന് അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുമ്പോൾ കേരള കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ ആദ്യമായി ഒരു രൂപതയിലെ എല്ലാ ഇടവകയിലെയും അഫീലിയേഷൻ പൂർണ്ണമായും കമ്പ്യൂട്ടറൈസിഡ് ചെയ്യുന്നു. കെ സി വൈ എം തലശ്ശേരി അതിരൂപത പതിനാറ് ഫൊറോനകളിലെയും യുവജനങ്ങളുടെ അഫലിയേഷൻ ലിസ്റ്റ് പൂർണ്ണമായും ഡിജിറ്റലൈസിഡ് ഡാറ്റ ബെയിസിലേക്ക് മാറ്റുന്നു. Roots സമാപന വേദിയിൽ വച്ച് തലശ്ശേരി അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഡിജിറ്റലൈസിഡ് ഡാറ്റ ബെയിസ് ഉദ്ഘാടനം ചെയ്യും.

**ദിയാകോണിയ പൊതുകർമ്മ പദ്ധതി:** കുടുംബ കൂട്ടായ്മ വർഷവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളോടും പൂർണ്ണമായി സഹകരിക്കുക.

## മികച്ച യുവജന പ്രവർത്തകൻ/പ്രവർത്തക അവാർഡ് -അപേക്ഷ

അതിരൂപത യുവജന പ്രസ്ഥാനത്തിന്റെ പ്രഥമ പ്രസിഡന്റ് ശ്രീ. ജോൺസൺ ജെ ഓടക്കലിന്റെ അനുസ്മരണാർത്ഥം കെ സി വൈ എം തലശ്ശേരി അതിരൂപത ഏർപ്പെടുത്തിയിരിക്കുന്ന മികച്ച യുവജന പ്രവർത്തകൻ/പ്രവർത്തക അവാർഡിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷകൾ ജനുവരി 20 വരെ സ്വീകരിക്കുന്നു.

## സത്യമറിയാൻ

കെ സി വൈ എം, ഗുഡ്നസ് ചാനലും ചേർന്ന് നടത്തുന്ന സത്യമറിയാൻ സംവാദ പരമ്പര ചെമ്പേരി ഫൊറോനയുടെ ദേവാലയാങ്കണത്തിൽ വച്ച് ഡിസം – 30 ന് നടന്നു. വിഷയം – ഫ്രാൻസിസ്സ് മാർപാപ്പ. ചേപ്പറമ്പ് ഇടവകയിൽ വച്ച് ഡിസം – 31 ന് സത്യമറിയാൻ സംവാദ പരമ്പര – വിഷയം വെളിപാട് പുസ്തകം. സ്ഥലസൗകര്യങ്ങൾ ഒരുക്കിയ വികാരിയച്ചൻമാരായ റവ. ഫാ. ജോർജ് കാഞ്ഞിരക്കാട്ട്, റവ. ഫാ. പോൾ മൂഞ്ഞേലിൽ, ഫാ. പോൾ എടത്തിനകത്ത്, കെ.സി.വൈ.എം. ഫൊറോന ഡയറക്ടർമാരായ ഫാ. ജോർജ് ചേലമരം, ഫാ. മനോജ് കൊച്ചുപുര, ആനിമേറ്റേഴ്സ്, ഫൊറോന, യൂണിറ്റ് ഭാരവാഹികൾ, പങ്കെടുക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാവർക്കും നന്ദി.

## സംസ്ഥാന വാർഷിക സെനറ്റ്

42 – ാമത് സംസ്ഥാന വാർഷിക സെനറ്റ് തൃശ്ശൂർ അതിരൂപതയുടെ ആതിഥേയത്വത്തിൽ 2020 ജനുവരി 17,18,19 തിയ്യതികളിൽ ആമ്പല്ലൂർ സ്പിരിച്വൽ ആനിമേഷൻ സെന്റർ തൃശ്ശൂരിൽ വച്ച് നടത്തപ്പെട്ടു. തലശ്ശേരി അതിരൂപതയിൽ നിന്നും കെ സി വൈ എം ഡയറക്ടർ ഫാ. സോണി വടശ്ശേരിയും, പ്രസിഡന്റ് ശ്രീ. സിജോ കണ്ണേഴത്തും, മറ്റ് സെനറ്റ് അംഗങ്ങളും പങ്കെടുത്തു. 2019 – 20 പ്രവർത്തന വർഷത്തെ അതിരൂപത റിപ്പോർട്ട് അവതരിപ്പിച്ചു. സെനറ്റിൽ വച്ച് 2020 – 2021 വർഷത്തെ സംസ്ഥാന ഭാരവാഹികളെ തിരഞ്ഞെടുത്തു. സംസ്ഥാന പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ ബിജോ പി. ബാബുവിന്റെ നേതൃത്വത്തിലുള്ള സംസ്ഥാന സമിതിക്ക് തലശ്ശേരി അതിരൂപതയുടെ അഭിനന്ദനങ്ങൾ.

**റൂട്ട്സ് - യുവജനങ്ങൾ ഹൃദയത്തിൽ സ്വീകരിച്ചതിന്റെ നല്ല ഓർമ്മകൾ**
**കുന്നോത്ത് ഫൊറോന**

Roots 2k19 **അങ്ങാടിക്കടവ്** ഡോൺ ബോസ്കോ കോളേജിൽ വച്ച് അങ്ങാടിക്കടവ്, മുടയിരഞ്ഞി, രണ്ടാംകടവ്, വാണിയപ്പാറ, ആനപ്പന്തി എന്നീ യൂണിറ്റുകൾ ചേർന്ന് 26.12.2019 ന് നടത്തി. കെ സി വൈ എം കുന്നോത്ത് ഫൊറോന ഡയറക്ടർ ഫാ. തോമസ്സ് ചെരുവിൽ ഉദ്ഘാടനം ചെയ്തു. 6 മണിക്ക് ആരംഭിച്ച് 9.30 ന് അവസാനിച്ച റൂട്ട്സിൽ 150 യുവജനങ്ങൾ പങ്കെടുത്തു. അതിരൂപത ജനറൽ സെക്രട്ടറി വിപിൻ മാറുകാട്ടുകുന്നേൽ യുവജനങ്ങളോട് സംവദിച്ചു. അതിരൂപത ആനിമേറ്റർ സി. പ്രീതി മരിയ സിഎംസി, രൂപത ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു.

**തോമാപുരം ഫൊറോന :** Roots 2k19 **തോമാപുരം** ഇടവകയിൽ വച്ച് 27.12.2019 ന് നടന്ന പ്രോഗ്രാമിൽ കുളിനീര്, കാവുംതല, വരക്കാട്, അതിരുമാവ്, ചട്ടമല എന്നീ യൂണിറ്റുകൾ പങ്കെടുത്തു. 125 യുവജനങ്ങൾ പങ്കെടുത്തു. മൂലയിൽ ജോബി സാർ യുവജനങ്ങൾക്ക് ക്ലാസ്സെടുത്തു. 5.15 ന് ആരംഭിച്ച് 9.30 ന് അവസാനിച്ച റൂട്ട്സിൽ അതിരൂപത പ്രസിഡന്റ് ശ്രീ. സിജോ കണ്ണേഴത്തും, ആനിമേറ്റർ സി. പ്രീതി മരിയ സി എം സി യും, സന്നിഹിതരായിരുന്നു.

**വെള്ളരിക്കുണ്ട് ഫൊറോന**

Roots 2k19 **പരപ്പ** ഇടവകയിൽ വച്ച് കാലിച്ചാമരം, ബിരിക്കുളം, അട്ടക്കണ്ടം, അട്ടയങ്ങാനം തുടങ്ങിയ യൂണിറ്റുകൾ ചേർന്ന് റൂട്ട്സ് നടത്തി. വെള്ളരിക്കുണ്ട് ഫൊറോന പ്രസിഡന്റ് ബിപിൻ അഗസ്റ്റിൻ റൂട്ട്സ് ഉദ്ഘാടനം ചെയ്തു. 28.12.2019 ന് 5.45 ന് ആരംഭിച്ച് 9.30 ന് അവസാനിച്ച പ്രോഗ്രാമിൽ 180 യുവജനങ്ങൾ പങ്കെടുത്തു. ഫാ.മനോജ് ഒറ്റപ്ലാക്കൽ ക്ലാസ്സെടുത്തു.

**വായാട്ടുപറമ്പ് ഫൊറോന:** Roots 2k19 **വായാട്ടുപറമ്പ്** ഇടവകയിൽ വച്ച് 31.12.2019 ന് റൂട്ട്സ് നടത്തി. ഉദ്ഘാടന കർമ്മം ഫാ .കുര്യാക്കോസ് കളരിക്കൽ നിർവ്വഹിച്ചു. അതിരൂപത പ്രസിഡന്റ് സിജോ കണ്ണേഴത്ത് യുവജനങ്ങളോട് സംസാരിച്ചു. 200 യുവജനങ്ങൾ പങ്കെടുത്തു. അതിരൂപത ഭാരവാഹികൾ സന്നിഹിതരായിരുന്നു.

**പനത്തടി ഫൊറോന :** Roots 2k19 പനത്തടി ഇടവകയിൽ വച്ച് എല്ലാ യുണിറ്റുകളും ചേർന്ന് നടത്തി. 6 മണിയോടെ ആരംഭിച്ച് 9.25 ന് അവസാനിച്ച റൂട്ട്സിൽ 230 യുവജനങ്ങൾ പങ്കെടുത്തു. പനത്തടി ഫൊറോന വികാരി ഫാ. തോമസ്സ് പട്ടാംകുളം ഉദ്ഘാടന കർമ്മം നിർവ്വഹിച്ച് സംസാരിച്ചു. കെ സി വൈ എം പനത്തടി ഫൊറോന ഡയറക്ടർ ഫാ. ജോർജ് വള്ളിമല യുവജനങ്ങൾക്ക് ക്ലാസ്സെടുത്തു. അതിരൂപത ആനിമേറ്റർ സി.പ്രീതി മരിയ സി എം സി യും അതിരൂപത ഭാരവാഹികളും സന്നിഹിതരായിരുന്നു.

സ്നേഹപൂർവ്വം,

**ഫാ. സോണി സ്കറിയ വടശ്ശേരിൽ**
ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

പ്രിയമുള്ള വൈദികരെ, സിസ്റ്റേഴ്സ്, മാതാപിതാക്കളെ,

## I. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

865 എം.പി.സി കോഴ്സ് ജനുവരി 7 – 9 തീയ്യതികളിൽ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടക്കുകയുണ്ടായി. കോഴ്സിൽ 60 ആൺകുട്ടികളും, 61 പെൺകുട്ടികളും ഉൾപ്പെടെ 121 പേർ കോഴ്സിൽ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി. അവരുടെ മാതാപിതാക്കൾക്കുവേണ്ടി നടത്തിയ ക്ലാസിൽ 109 പേർ സംബന്ധിച്ചു. ആവശ്യമുള്ളവർക്കുവേണ്ടി പ്രീ-മാരിറ്റൽ കൗൺസലിംഗ് നടത്തി വിവാഹത്തിനായി ഒരുക്കി.

**MPC - 2020**

| MONTH | SANDESABHAVAN | PADANNAKKAD | PERAVOOR |
|---|---|---|---|
| FEBRUARY | 4 - 6 | 11-13 | Nil |
| MARCH | 3 – 5 | 17 – 19 | 24 - 26 |
| APRIL | 14 – 16 | 28 – 30 | Nil |
| MAY | 5 – 7, 22 - 24 | Nil | Nil |
| JUNE | 16 – 18 | 2 – 4 | Nil |
| JULY | 21 – 23 | Nil | 7 – 9 |
| AUGUST | 11 – 13 | 25 – 27 | Nil |
| SEPTEMBER | 15 – 17 | 29 – oct 1 | Nil |
| OCTOBER | 27 – 29 | Nil | 13 – 15 |
| NOVEMBER | 10 – 12 | 24 – 26 | Nil |
| DECEMBER | 1 – 3 | 29 – 31 | 15 - 17 |

**MPC Online Registration - familytly.com**

## II. അനുഗ്രഹ മാര്യേജ് ബ്യൂറോ :- www.anugrahamarry.com

## III. മാതൃവേദി

**1. തൂവാനീസ നിയോഗം –** ഈ മാസത്തെ തൂവാനീസ നിയോഗത്തിൽ നമുക്ക് ദൈവീക പുണ്യങ്ങളിൽ അമ്മമാർ ആഴപ്പെട്ടു വളരുവാൻ വേണ്ട കൃപയ്ക്കായി പ്രാർത്ഥിക്കാം.

**2. യൂണിറ്റ്തല പ്രവർത്തനം** – യൂണിറ്റുകളിലെ വൃദ്ധജനങ്ങളെ സന്ദർശിച്ച് പ്രാർത്ഥിക്കാം.

**3. ദിയാക്കോണിയ പ്രവർത്തനം - ഡിസംബർ, ജനുവരി**

**കുടുംബകൂട്ടായ്മ** – കൂട്ടായ്മയിലെ വനിതാപ്രതിനിധികൾ ആയിട്ടുള്ള മാതൃവേദി അംഗങ്ങളുടെ സമ്പൂർണ്ണ ലിസ്റ്റ് ശേഖരിക്കുക. മാതൃവേദിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് കൂട്ടായ്മയിൽ ചർച്ചകൾ നടത്തുക. കൂട്ടായ്മ ലീഡേഴ്സായ മാതൃവേദി അംഗങ്ങൾ ഒരുമിച്ച് രോഗീസന്ദർശനം നടത്തുക. കൂട്ടായ്മയിൽ പങ്കെടുക്കാത്ത കുടുംബങ്ങളെ സന്ദർശിച്ച് വരാൻ പ്രോത്സാഹിപ്പിക്കുക. കൂടുതൽ മക്കളുള്ള കുടുംബങ്ങളെ യൂണിറ്റ് തലത്തിൽ ആദരിക്കുക.

4. **മാതൃവേദി അർദ്ധവാർഷിക പ്രവർത്തന പദ്ധതി 2020 ജനുവരി-മെയ്**

ജനുവരി മുതൽ മെയ് വരെ അർദ്ധവാർഷിക പ്രവർത്തന പദ്ധതിയായി ഓരോ മേഖലയും യൂണിറ്റും മാർഗ്ഗരേഖ തയ്യാറാക്കുക. തുടർന്നു വരുന്ന ഒന്നര വർഷത്തെ പ്രവർത്തനങ്ങൾ ഒരുമിച്ചായിരിക്കും വിലയിരുത്തപ്പെടുക.

### 1. ജനറൽബോഡി മീറ്റിംഗ് - തളിപ്പറമ്പ്

അർദ്ധവാർഷിക പദ്ധതികൾ അവതരിപ്പിക്കുന്നതിനും കഴിഞ്ഞ വർഷത്തെ മികച്ച മേഖല യൂണിറ്റുകൾ എന്നിവയ്ക്കുള്ള സമ്മാനങ്ങൾ നൽകുന്നതിനും വേണ്ടി ഫെബ്രുവരി 15ാം തീയ്യതി തളിപ്പറമ്പിൽ വച്ച് ചേരുന്ന മാതൃവേദിയുടെ അതിരൂപതാ സംഗമം-പങ്കെടുക്കേണ്ടവർ : അതിരൂപതാ ഭാരവാഹികൾ, മേഖലാ പ്രസിഡണ്ട്, സെക്രട്ടറി, ട്രഷർ, ആനിമേറ്റർ, സെനറ്റ് മെമ്പർ, എല്ലാ യൂണിറ്റിന്റെയും പ്രസിഡണ്ടുമാർ.

സമയം : 10 മണി മുതൽ 1 മണി വരെ

സ്ഥലം : St. Mary's Church, Thaliparamba

സമയം : Registration 9.30 am. Regi. Fee - Rs.75

### 2. ജാഗ്രത - മാതൃവേദി ലീഡേഴ്സ് റീജിയണൽ സംഗമം

നാലു റീജിയണുകളിലായി നടക്കുന്ന പുതിയ ഭാരവാഹികളുടെ നേതൃത്വ പരിശീല പരിപാടി. പങ്കെടുക്കേണ്ടവർ- യൂണിറ്റ് ഭാരവാഹികൾ, സെനറ്റ് മെമ്പർമാർ, ആനിമേറ്റർമാർ. രജിസ്ട്രേഷൻ ഫീസ് - ഒരാൾക്ക് 100 രൂപ.

| തീയ്യതി | സ്ഥലം | പങ്കെടുക്കേണ്ട മേഖലകൾ |
|---|---|---|
| ഫെബ്രുവരി 22 | ആലക്കോട് | ആലക്കോട്, വായാട്ടുപറമ്പ്, മേരിഗിരി, ചെറുപുഴ |
| ഫെബ്രുവരി 27 | പടന്നക്കാട് | കാഞ്ഞങ്ങാട്, പനത്തടി, തോമാപുരം, വെള്ളരിക്കുണ്ട് |
| മാർച്ച് 2 | ചെമ്പേരി | ചെമ്പേരി, ചെമ്പന്തൊട്ടി, പൈസക്കരി, തളിപ്പറമ്പ് |
| മാർച്ച് 7 | ഇരിട്ടി | കുന്നോത്ത്, എടൂർ, പേരാവൂർ, നെല്ലിക്കാംപൊയിൽ |

**3. ബിബ്ലിയ - 2020** : മാതൃവേദി അംഗങ്ങൾക്ക് തിരുവചന പഠനത്തിനായി ഒരുക്കുന്ന മത്സരം.

**ചോദ്യങ്ങൾ :-**

1. വചന ഉദ്ധരണികൾ. ലൂക്കയുടെ സുവിശേഷത്തിൽ നിന്ന് (ലൂക്ക 1-24)
2. മാതൃദീപ്തി. ആദ്യത്തെ മൂന്ന് ലക്കങ്ങൾ 2019, ഫെബ്രുവരി-ഡിസംബർ വരെ

പ്രായ ഭേദമന്യേ എത്ര പേർക്ക് വേണമെങ്കിലും പങ്കെടുക്കാം. അംഗത്വകാർഡ് നിർബന്ധമില്ല. വികാരിയുടെ ഒപ്പോടുകൂടിയ ലിസ്റ്റ് കൊണ്ടുവരിക. രജിസ്റ്റർ ഫീസ് ഒരാൾക്ക് ൩.30. അതിരൂപതാ മത്സരങ്ങൾ നാലു റീജിയണുകളിൽ നടത്തപ്പെടുന്നതാണ്. തീയ്യതി - മെയ് 4 തിങ്കൾ, സമയം - 9.30 am

**4. പൂവാടി - 2020**

മാതൃവേദി അംഗങ്ങൾ വീടുകളിൽ നട്ടുവളർത്തുന്ന പൂന്തോട്ടത്തിന് പ്രത്യേക സമ്മാനങ്ങൾ ഏർപ്പെടുത്തുന്ന മത്സരം. മേഖലയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരു പൂന്തോട്ടത്തിന് അതിരൂപതയിൽ നിന്നും പ്രോത്സാഹന സമ്മാനം ഉണ്ടായിരിക്കും. വിലയിരുത്തൽ 2020 ഡിസംബർ മാസത്തിൽ.

## 5. ദത്ത്ഭവനങ്ങൾ

എല്ലാ യൂണിറ്റുകളും ഏറ്റവും അർഹിക്കുന്ന ഒരു ഭവനത്തെ ദത്തെടുത്ത് വർഷം മുഴുവൻ സഹായം നൽകുക. ഏതെങ്കിലും ഒരു കാര്യത്തിന് പ്രാധാന്യം നൽകി (വിദ്യാഭ്യാസം, മരുന്ന്, ഭക്ഷണം) യൂണിറ്റിന് സാധിക്കുന്ന സഹായം ദത്തുഭവനത്തിന് നൽകുമല്ലോ. മേഖലാ തലത്തിൽ ദത്തുഭവനങ്ങളുടെ ലിസ്റ്റ് ശേഖരിക്കേണ്ടതാണ്.

## അറിയിപ്പുകൾ

**മേഖല ഡയറക്ടർമാരുടെയും ആനിമേറ്റർമാരുടെയും യോഗത്തിൽ എടുത്ത തീരുമാനങ്ങൾ -**

- മാതൃവേദിയുടെ യൂണിഫോം പരിഷ്ക്കരിക്കാൻ തീരുമാനിച്ചു. അതിനായി ഒരു കമ്മിറ്റിയെ നിയോഗിച്ചു. പുതിയ യൂണിഫോം നിലവിൽ വന്നതിനു ശേഷവും വരുന്ന രണ്ട് വർഷക്കാലം പഴയ യൂണിഫോമും ഒപ്പം നില നിർത്തുന്നതാണ്.
- വരുന്ന പ്രവർത്തന വർഷം രചനാ മത്സരങ്ങൾ മാത്രം നടത്താനും യൂണിറ്റ്

യോഗങ്ങളിൽ 30 ശതമാനം ഹാജർ മത്സരിക്കുന്നവർക്ക് നിർബന്ധമാക്കാനും തീരുമാനിച്ചു. ഹാജർ ബുക്കുകൾ അതിരൂപതയിൽ നിന്നും തയ്യാറാക്കി എല്ലാ യൂണിറ്റുകൾക്കും നൽകുന്നതാണ്. യോഗങ്ങൾ മാസത്തിലൊരിക്കൽ ഓരോ യൂണിറ്റിലും 2 മാസത്തിലൊരിക്കൽ മേഖലയിലും കൂടേണ്ടതാണ്.

- പുതിയ പ്രവർത്തന വർഷത്തിൽ എല്ലാ യൂണിറ്റ്, മേഖലാ, അംഗത്വ രജിസ്ട്രേഷനും പുതുക്കേണ്ടതാണ്. അതിനായി നിലവിലുള്ള അംഗങ്ങളുടെ പുതുക്കിയ ലിസ്റ്റ് ഇപ്പോഴുള്ള രജിസ്റ്ററിൽ വീണ്ടും എഴുതിച്ചേർത്ത് ഡയറക്ടറുടെ ഒപ്പോടു കൂടി മേഖലാ സമിതി അതിരൂപതയിൽ എത്തിക്കുകയും അതിരൂപതയിൽ നിന്ന് സീൽ ചെയ്ത് നൽകിയ ശേഷം മേഖലയിലെ രജിസ്റ്ററുകളിൽ ചേർക്കുകയും ചെയ്യുക. അംഗങ്ങൾക്ക് രജിസ്ട്രേഷനൊപ്പം അംഗത്വ കാർഡുകളും ഉണ്ടെന്ന് ഉറപ്പുവരുത്തുക.
- തൂവാനീസ എന്ന ജപമാല ശൃംഖല എല്ലാ യൂണിറ്റുകളിലും ആരംഭിക്കാൻ വൈസ് പ്രസിഡണ്ട്, ജോയിൻ സെക്രട്ടറി എന്നിവരുടെ ഉത്തരവാദിത്വത്തിൽ മുന്നിട്ടിറങ്ങുക. തൂവാനീസ ആരംഭിച്ച യൂണിറ്റുകൾ റിപ്പോർട്ട് നൽകുക.
- നവോമി സംഗമങ്ങൾ, വയോജന സംഗമങ്ങൾ എന്നിവ മേഖലാ തലത്തിൽ സംഘടിപ്പിച്ച് മേഖലാ തല നേതൃത്വത്തെ തെരഞ്ഞെടുക്കുക.

### വനിതാ ദിന ആചരണം

മാർച്ച് 8 ന് വനിതാ ദിനാചരണം എല്ലാ യൂണിറ്റുകളിലും സംഘടിപ്പിക്കുക. വനിതാ റാലി, വനിതാ ശാക്തീകരണം ക്ലാസ്സുകൾ, മാതൃസംഗമം എന്നിവ യൂണിറ്റ് മേഖല തലത്തിൽ നടത്തുവാൻ ശ്രദ്ധിക്കുക. അതിരൂപതാതല ആചരണം മാർച്ച് 7 ന് ഇരിട്ടിയിൽ വച്ച് നടക്കുന്ന റീജിയണൽ സംഗമത്തോടനുബന്ധിച്ച് ക്രമീകരിക്കുന്നതാണ്.

## IV. അമലാ പ്രോലൈഫ്

അമലാ പ്രോലൈഫിന്റെ നേതൃത്വത്തിൽ ജനുവരി ഒന്നാം തീയ്യതി കണ്ണൂർ ടൗണിൽ തെരുവോര മക്കൾക്കായി ഉച്ചഭക്ഷണം വിതരണം ചെയ്തു. അമലാ പ്രോലൈഫ് അംഗങ്ങൾക്കായി ഡ്രസ്സ് കോഡ് തീരുമാനിക്കുകയും പ്രാബല്യത്തിൽ വരുകയും ചെയ്തു.

### മലബാർ മേഖല പ്രോലൈഫ് സമിതി യോഗം

പ്രോലൈഫ് മലബാർ റീജിയന്റെ സമ്മേളനം തലശ്ശേരി സന്ദേശഭവനിൽ വച്ച് നടത്തപ്പെട്ടു. മലബാർ റീജിയൻ ഡയറക്ടർ ഫാ.ജോസ് പെണ്ണാപറമ്പിൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ തലശ്ശേരി അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ ആശംസകളർപ്പിച്ച് സംസാരിച്ചു. തലശ്ശേരി, താമരശ്ശേരി, മാനന്തവാടി രൂപതകളിലെ പ്രോലൈഫ് സെൻട്രൽ ടീം അംഗങ്ങൾ പങ്കെടുത്തു.

സ്നേഹപൂർവ്വം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ

# കോർപ്പറേറ്റ്
# വിദ്യാഭ്യാസ ഏജൻസി

## 1 കെ.സി.ബി.സി സംസ്ഥാനതല സന്മാർഗ്ഗശാസ്ത്ര പരീക്ഷ

IV,VII, X ക്ലാസുകളിലെ കുട്ടികൾക്കായി കെ.സി.ബി.സി സംഘടിപ്പിക്കുന്ന സംസ്ഥാനതല സന്മാർഗ്ഗശാസ്ത്ര പരീക്ഷ 2020 ഫെബ്രുവരി 1-ാം തീയതി രാവിലെ 10 മണി മുതൽ 12 മണിവരെ വിവിധ സെന്ററുകളിൽ വച്ചു നടക്കുന്നു. പരീക്ഷ സെന്ററുകൾ ചുവടെ ചേർക്കുന്നു.
പേരാവൂർ, എടൂർ, ചെമ്പേരി, തോമാപുരം

## 2 മികവ് പൊതുവിജ്ഞാന പഠനപദ്ധതി കോർപ്പറേറ്റ്തല മത്സരപരീക്ഷ

മികവ് പൊതുവിജ്ഞാന മത്സര പരീക്ഷ 2020 ഫെബ്രുവരി 01-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 04 മണി വരെ വിവിധ സെന്ററുകളിൽ വെച്ച് നടത്തുന്നു. സെന്റർ കോർഡിനേറ്റേർസ് പരീക്ഷയ്ക്ക് വേണ്ട ക്രമീകരണങ്ങൾ നടത്തണം. പരീക്ഷ സെന്ററുകൾ ചുവടെ ചേർക്കുന്നു. പേരാവൂർ, എടൂർ, കുന്നോത്ത്, വയത്തൂർ, മണിക്കടവ്, പൈസക്കരി, ചെമ്പേരി, വായാട്ടുപറമ്പ, തോമാപുരം, വെള്ളരിക്കുണ്ട്

## 3 സന്മാർഗ്ഗശാസ്ത്രം, കോർപ്പറേറ്റ്തല സ്കോളർഷിപ്പ് പരീക്ഷ

സംസ്ഥാന തലത്തിൽ സ്കോളർഷിപ്പ് പരീക്ഷ നടന്ന IV, VII,X എന്നീ ക്ലാസുകൾ ഒഴികെയുള്ള I,II,III,V,VI,VIII,IX ക്ലാസുകളിലെ 2 കുട്ടികൾ വീതം ഒരു വിദ്യാലയത്തിൽ നിന്ന് സന്മാർഗ്ഗ ശാസ്ത്ര സ്കോളർ ഷിപ്പ് പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്. ഒന്നാം ക്ലാസിലെയും രണ്ടാം ക്ലാസിലെയും ഓരോ വിഭാഗത്തിൽ നിന്നും 5 വീതം കുട്ടികൾക്ക് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

## 4 മതബോധന സ്കോളർഷിപ്പ് പരീക്ഷ

മതബോധന സ്കോളർഷിപ്പ് പരീക്ഷയിൽ 3-ാം ക്ലാസ് മുതൽ 09-ാം ക്ലാസ് വരെയുള്ള ക്ലാസുകളിലെ 2 കുട്ടികൾക്ക് വീതം ഓരോ വിദ്യാലയത്തിൽ നിന്ന് പങ്കെടുക്കാവുന്നതാണ്. ഒന്നാം ക്ലാസിലെയും രണ്ടാം ക്ലാസിലെയും ഓരോ വിഭാഗത്തിൽ നിന്നും 5 വീതം കുട്ടികൾക്ക് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

## 5 അക്കാദമിക് സ്കേളർഷിപ്പ് പരീക്ഷ, ക്ലാസ് IV,VII, പൊതുപരീക്ഷ

I മുതൽ IX വരെ (IV, VII ക്ലാസുകൾ ഒഴികെ) ക്ലാസുകളിലെ അക്കാദമിക് സ്കോളർഷിപ്പ് പരീക്ഷ 2020 ഫെബ്രുവരി 15 ന് നടത്തുന്നു.

IV,VII,ക്ലാസുകളിലെ കുട്ടികളുടെ അക്കാദമിക് നിലവാരം പരിശോധിച്ച് വിദ്യാലയങ്ങൾക്ക് ഗ്രേഡ് നൽകാനുമായി IV,VII, ക്ലാസുകളിലെ മുഴുവൻ കുട്ടികൾക്കായി ഒരു പൊതുപരീക്ഷ അതാതു സ്കൂളിൽ വച്ച് നടത്തുന്നു. 1,2 ക്ലാസുകളിൽ നിന്ന് ഒരു വിദ്യാലയത്തിലെ 5 കുട്ടികൾ വീതവും ബാക്കി ക്ലാസുകളിൽ നിന്ന് 2 കുട്ടികൾ വീതം സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്. അക്കാദമിക് പരീക്ഷ 10-ാം ക്ലാസിൽ ഉണ്ടായിരിക്കുന്നതല്ല.

## പരീക്ഷ തീയതി

ഫെബ്രുവരി 14-ാം തീയതി രാവിലെ 10 മണിമുതൽ 12 വരെ സന്മാർഗ്ഗശാസ്ത്രം

ഉച്ചയ്ക്ക് 1 മണി മുതൽ 3 മണി വരെ മതബോധന പരീക്ഷ

ഫെബ്രുവരി 15 ശനി രാവിലെ 10 മണിമുതൽ 12 വരെ അക്കാദമിക് സ്കോളർഷിപ്പ് പരീക്ഷ

- ♦ പരീക്ഷയ്ക്ക് അരമണിക്കൂർ മുമ്പ് വിദ്യാർഥികൾ പരീക്ഷ സെന്റുകളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.
- ♦ മതബോധന സന്മാർഗ്ഗ സ്കോളർഷിപ്പ് പരീക്ഷയ്ക്കുള്ള സെന്ററുകൾ പേരാവൂർ, എടൂർ, കിളിയന്തറ, വയത്തൂർ, ചെമ്പേരി, വായാട്ടുപറമ്പ, ചെറുപുഴ, തോമാപുരം, കരിവേടകം എന്നിവയാണ്.
- ♦ ഹെഡ്മാസ്റ്ററിന്റെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
- ♦ അക്കാദമിക്, സ്കോളർഷിപ്പ് പരീക്ഷ സെന്ററുകളെകുറിച്ചുള്ള വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## 6 മികച്ച വിദ്യാലയങ്ങൾ, മാതൃക അധ്യാപക അവാർഡ്, റിപ്പോർട്ട്

എല്ലാ വിദ്യാലയങ്ങളും കോർപ്പറേറ്റിൽ നിന്ന് അയച്ചിട്ടുള്ള ഫോർമാറ്റിൽ റിപ്പോർട്ട് തയ്യാറാക്കി ജനുവരി 31-ാം തീയതിക്കു മുമ്പായി കോർപ്പറേറ്റ് ഓഫീസിൽ എത്തിക്കുക. പി.ടി.എ റിപ്പോർട്ട്, അധ്യാപക അവാർഡിനായുള്ള റിപ്പോർട്ട് എന്നിവയും ജനുവരി 31ാം തീയതിക്കു മുമ്പേ എത്തിക്കേണ്ടതാണ്.

## 7 ബെസ്റ്റ് യൂണിറ്റ് അവാർഡ്

കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ ഏറ്റവും നല്ല അതിരൂപത യൂണിറ്റ്, കേരളത്തിലെ ഏറ്റവും നല്ല കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി എന്നിവയ്ക്കുള്ള കെ.സി.ബി.സി അവാർഡ് തലശ്ശേരി അതിരൂപതയ്ക്ക് ലഭിച്ചു. 2020 ജനുവരി 18-ാം തീയതി തൊടുപുഴ ന്യൂമാൻ കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടന്ന സമ്മേളനത്തിൽ കെ.സി.ബി.സി വിദ്യാഭ്യാസ കമ്മീഷൻ ചെയർമാൻ റൈറ്റ് റവ. ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്

അവാർഡ് സമ്മാനിച്ചു. സംസ്ഥാന സമ്മേളനത്തിൽ അവാർഡ് സ്വീകരിക്കുവാനായി കോർപ്പറേറ്റ് മാനേജറും 35 അധ്യാപകരും പങ്കെടുത്തു.

## 8 മികച്ച ഹയർ സെക്കന്ററി അധ്യാപക അവാർഡ്

കേരളത്തിലെ ഏറ്റവും മികച്ച ഹയർ സെക്കന്ററി അധ്യാപകന് കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് നൽകുന്ന അവാർഡിന് തേർത്തല്ലി മേരിഗിരി ഹയർ സെക്കന്ററി സ്കൂളിലെ ഇംഗ്ലീഷ് അധ്യാപകനായ ശ്രീ. സക്കറിയാസ് അബ്രാഹം അർഹനായി. സാറിന് ഹൃദ്യമായ അഭിനന്ദനങ്ങൾ.

## സദ്ഗമയ ലേഖനമത്സര വിജയികൾ

**പ്ലസ് വൺ**

ഒന്നാം സ്ഥാനം -ആഷൽ മരിയ അഗസ്റ്റിൻ, തോമാപുരം എച്ച്.എസ്.എസ്

രണ്ടാം സ്ഥാനം - മെറിൻ ഇഗ്നേഷ്യസ് , ചെമ്പേരി എച്ച്.എസ്.എസ്

മൂന്നാം സ്ഥാനം - അനീറ്റ അബ്രാഹം, എടൂർ എച്ച്.എസ്.എസ്

**പ്ലസ് ടു**

ഒന്നാം സ്ഥാനം -അജന്യ രാം ദാസ്, എടൂർ എച്ച്.എസ്.എസ്

രണ്ടാം സ്ഥാനം - നവ്യ മോഹൻ , ചെമ്പേരി എച്ച്.എസ്.എസ്

മൂന്നാം സ്ഥാനം - അനീറ്റ മേരി ബെന്നി, അങ്ങാടിക്കടവ് എച്ച്.എസ്.എസ്

## ആദരാഞ്ജലികൾ

പുലിക്കുരുമ്പ സെന്റ് ജോസഫ്സ് യു.പി സ്കൂളിൽ ആറാം ക്ലാസിൽ പഠിക്കുന്ന സഞ്ജയ് റ്റി.ജെ ജനുവരി 6-ാം തീയതി പനി ബാധിച്ച് മരണമടഞ്ഞു. സ്കൂളിലെ എല്ലാ കാര്യങ്ങൾക്കും മാതൃകയും പഠനത്തിൽ മുൻപന്തിയിലുമായിരുന്ന സഞ്ജയ്ന്റെ നിര്യാണത്തിൽ വേദനിക്കുന്ന സഹപാഠികൾക്കും അധ്യാപകർക്കും മാതാപിതാക്കൾക്കും അനശോചനം അറിയിക്കുന്നു

ചന്ദനക്കാംപാറ ചെറുപുഷ്പം ഹൈസ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥിയായിരുന്ന അലീന ജോസഫ് ജനുവരി 14 -ാം തീയതി നിര്യാതയായി. അകാലത്തിൽ പൊലിഞ്ഞുപോയ കുരുന്നുകൾക്കായി പ്രത്യേകം പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. മാത്യു ശാസ്താംപടവിൽ**
കോർപ്പറേറ്റ് മാനേജർ

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

ഫോൺ : 8281750777, 8281730777

E-mail: sanjoseacademytly@gmail.com, sanjoactly@gmail.com


ഏപ്രിൽ മാസം മുതൽ ആരംഭിക്കുന്ന വിവിധ എൻട്രൻസ് പരീക്ഷകൾക്ക് വേണ്ടി തീവ്രമായ ഒരുക്കങ്ങൾ വിദ്യാർത്ഥികൾ നടത്തേണ്ട സമയമാണിത്. ഈ വർഷത്തെ വാർഷിക പരീക്ഷകൾക്ക് ശേഷം വിവിധ കേന്ദ്രങ്ങളിൽ വളരെ വിപുലമായ തോതിലുള്ള പരീക്ഷാ പരിശീലനങ്ങൾക്ക് വേണ്ടിയുള്ള ക്രമീകരണങ്ങൾ അക്കാഡമി ചെയ്തിട്ടുണ്ട്. എന്നാൽ ഓരോ കേന്ദ്രങ്ങളിലും നിശ്ചിത സീറ്റ് മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇടവകകളിലുമുള്ള കുട്ടികളെയും യുവജനങ്ങളെയും ഇത്തരം പരീക്ഷകളെഴുതാൻ പ്രേരിപ്പിക്കുകയും ഇതിനുവേണ്ടിയുള്ള പരിശീലനങ്ങളിൽ ഏർപ്പെടാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. ബഹുമാനപ്പെട്ട വികാരിയച്ചൻമാരുടെയും പ്രധാനാധ്യാപകരുടെയും പ്രത്യേക ശ്രദ്ധയും താൽപ്പര്യവും ഇക്കാര്യത്തിൽ പ്രത്യേകം അഭ്യർത്ഥിക്കുന്നു.ഫെബ്രുവരി മാസത്തെ  പരിശീലനങ്ങൾ ചുവടെ ചേർക്കുന്നു.

## I. NEET / JEE / KEAM

2020 ഏപ്രിൽ-മെയ് മാസങ്ങളിൽ നടക്കുന്ന മെഡിക്കൽ - എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകളായ NEET / JEE / KEAM എൻട്രൻസ് പരീക്ഷകൾക്ക് വേണ്ടിയുള്ള ഒരു മാസം നീണ്ടുനിൽക്കുന്ന ക്രാഷ് കോച്ചിംഗ് 2020 മാർച്ച് 28 മുതൽ ആരംഭിക്കുകയാണ്. കുന്നോത്ത്  സെന്റ്.ജോസഫ് ഹയർസെക്കണ്ടറി സ്കൂളിലും ആലക്കോട് മേരിമാതാ കോളേജിലും ആയിരിക്കും ഇത്തവണ ക്ലാസ്സുകൾ നടത്തപ്പെടുക. ഓരോ സെന്ററുകളിലും പരമാവധി 50 കുട്ടികളെയാണ് പ്രതീക്ഷിക്കുന്നത്. ബഹു. അച്ചൻമാർ ഇടവകയിലെ സമർത്ഥരായ കുട്ടികളെ ക്രാഷ് കോഴ്സുകളിലേക്ക് പറഞ്ഞുവിടുമല്ലോ.

## II. Bridge +1

2019 - 2020 അധ്യയന വർഷത്തിൽ S.S.L.C പരീക്ഷ എഴുതി സയൻസ് വിഷയങ്ങൾ എടുത്ത്  Plus One  ക്ലാസ്സുകളിലേക്ക് പ്രവേശനം ലഭിക്കുന്ന കുട്ടികൾക്ക് ഒരു വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന  Integrated Tuition + Entrance Coaching  നൽകുന്ന വിദ്യാഭ്യാസ പദ്ധതിയായ Bridge +1 അതിരൂപതയുടെ വിവിധ ഭാഗങ്ങളിൽ അടുത്ത വർഷവും വിജയകരമായി നടത്തുന്നതാണ്. കുന്നോത്ത് ഹയർസെക്കണ്ടറി സ്ക്കൂൾ, മേരിമാത കോളേജ് ആലക്കോട് എന്നിവയാണ് പരിശീലന കേന്ദ്രങ്ങൾ. ഒരു വർഷം മുഴുവൻ

നീണ്ടുനിൽക്കുന്ന പരിശീലന പദ്ധതിയാണിത്. Plus One വിദ്യാർത്ഥികൾക്ക് ഏപ്രിൽ ആദ്യവാരമാണ് ക്ലാസ്സുകൾ ആരംഭിക്കുക. ഓരോ സെന്ററുകളിലും 50 വീതം കുട്ടികൾക്കാണ് അഡ്മിഷൻ ലഭിക്കുക. സയൻസ് വിഷയങ്ങൾ എടുക്കുമെന്ന് പ്രതീക്ഷിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്ക് സാൻജോസ് അക്കാഡമിയിൽ നേരത്തെത്തന്നെ പേര് രജിസ്റ്റർചെയ്യാവുന്നതാണ്.

## III. Bridge +2

2020-2021 അധ്യയന വർഷത്തിൽ Plus Two ക്ലാസ്സുകളിലേക്ക് പ്രവേശിക്കുന്ന വിദ്യാർത്ഥികൾക്ക് 2021 ലെ Entrance പരീക്ഷകൾ ലക്ഷ്യമാക്കി കാര്യക്ഷമമായ പരിശീലനങ്ങൾ സംഘടിപ്പിക്കുകയാണ്. കുന്നോത്ത് ഹയർസെക്കണ്ടറി സ്ക്കൂളും, മേരിമാതാ കോളേജ് ആലക്കോടും കേന്ദ്രമാക്കി രണ്ടു സ്ഥലങ്ങളിലായി ഒരു വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പരിശീലന പദ്ധതി ഏപ്രിൽ ആദ്യവാരം തന്നെ ആരംഭിക്കും. ആദ്യം അഡ്മിഷൻ എടുക്കുന്ന 50 കുട്ടികൾക്ക് മാത്രമേ അവസരം ലഭിക്കുകയുള്ളു. അതോടൊപ്പം 2021 ഏപ്രിൽ മാസത്തോടെ മലബാറിന്റെ വിവിധ ഭാഗങ്ങളിൽ Entrance Crash Coaching കളും ലഭ്യമാക്കുന്നതാണ്. താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് മാതാപിതാക്കളോടൊപ്പം സാൻജോസ് അക്കാഡമിയുടെ ഓഫിസുകളിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

## IV. K-TET Coaching

എൽ.പി.സ്കൂൾതലം മുതൽ ഹൈസ്ക്കൂൾതലംവരെയുള്ള അദ്ധ്യാപകരാകാനുള്ള ഗവൺമെന്റ് എൻട്രൻസ് പരീക്ഷയായ K-TET ആറാം ബാച്ചിന്റെ പരിശീലനം ഇരിട്ടി - സെന്റ് ജോസഫ് ചർച്ച് ഓഡിറ്റോറിയത്തിൽ ജനുവരി 11 മുതൽ ആരംഭിച്ചുകഴിഞ്ഞു. ഫെബ്രുവരി 15 ന് ആണ് പരീക്ഷ നടക്കുക. മെയ് മാസത്തിൽ നടക്കാനിരിക്കുന്ന പരീക്ഷയുടെ പരിശീലനം ഏപ്രിൽ 4 മുതൽ ആരംഭിക്കുന്നതാണ്. ഈ ബാച്ചിലേക്ക് പ്രവേശനം ആഗ്രഹിക്കുന്നവർക്ക് **8281 750 777, 8281 730 777** എന്നീ നമ്പറുകളിൽ വിളിച്ച് സീറ്റ് ബുക്ക് ചെയ്യാവുന്നതാണ്.

## V. NET Exam Crash Coaching

കോളേജ് അധ്യാപകരാകാനും റിസേർച്ച് ഫെലോസ് ആകാനുമുള്ള യോഗ്യതാ പരീക്ഷയായ യു.ജി.സി. നെറ്റ് പരീക്ഷയ്ക്ക് വേണ്ടിയുള്ള അടുത്ത ബാച്ചിന്റെ പരിശീലനം മെയ് 10 മുതൽ ഇരിട്ടി, തലശ്ശേരി എന്നിവിടങ്ങളിൽ ആരംഭിക്കുന്നതാണ്. വിവിധ യൂണിവേഴ്സിറ്റികളിലെ പ്രഗല്ഭരായ അദ്ധ്യാപകർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നു. പി.ജി. രണ്ടാം വർഷം പഠിച്ചുകൊണ്ടിരിക്കുന്നവർക്കും പൂർത്തിയാക്കിയവർക്കും പരിശീലനത്തിൽ പങ്കെടുക്കാ

വുന്നതാണ്. ഈ ബാച്ചിലേക്ക് പ്രവേശനം ആഗ്രഹിക്കുന്നവർക്ക് 8281750777, 8281730777 എന്നീ നമ്പറുകളിൽ വിളിച്ച് സീറ്റ് ബുക്ക് ചെയ്യാവുന്നതാണ്.

**VI. IELTS പരിശീലനം** : ഇംഗ്ലീഷ് ഭാഷ ലോക ഭാഷയായി മാറിയ ഈ കാലഘട്ടത്തിൽ നമ്മുടെ കുട്ടികൾക്ക് വിവിധ കോഴ്സുകളിൽ അഡ്മിഷൻ നേടുവാനും വിജയിക്കുവാനും വിവിധ രാജ്യങ്ങളിൽ പഠനത്തിനും ജോലിക്കും IELTS, OET തുടങ്ങിയ സർട്ടിഫിക്കറ്റുകൾ അത്യന്താപേഷിതമാണ്. നമ്മുടെ കുട്ടികൾക്ക് നല്ല പരിശീലനം നൽകി വിജയികളാക്കുവാൻ സാൻജോസ് അക്കാഡമിയുടെ നേതൃത്വത്തിൽ തലശ്ശേരി മാതാ സെന്റർ കേന്ദ്രീകരിച്ച് ആരംഭിച്ചിരിക്കുന്ന IELTS പരിശീലനം വളരെ വിജയകരമായി മുന്നോട്ടുപോകുന്നു. നാളിതുവരെ നിരവധി വിദ്യാർത്ഥികൾക്ക് അവരവർക്കാവശ്യമായ സ്കോർ നേടിയെടുത്ത് ഭാവി കാര്യങ്ങൾ ക്രമപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. കോഴ്സ് ഫീസ് രണ്ട് മാസത്തേക്ക് 12000 രൂപയും + ഹോസ്റ്റൽ ഫീസും ഒരു മാസത്തേക്ക് 8000 രൂപയും ഹോസ്റ്റൽ ഫീസുമാണ് നിശ്ചയിച്ചിരിക്കുന്നത്. വിജയികൾക്ക് U.Kയിൽ നേഴ്സിംഗ് സംബന്ധമായ ജോലികൾക്ക് പ്രത്യേക സഹായസഹകരണങ്ങൾ സൗജന്യമായി സാൻജോസ് അക്കാഡമി നൽകുന്നതാണ്. ഏത് ദിവസവും വിദ്യാർത്ഥികൾക്ക് അഡ്മിഷൻ എടുക്കാവുന്നതാണ്. അഡ്മിഷൻ ആവശ്യമുള്ളവർ 8281 750 777, 8281 730 777 എന്നീ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്. കേരളത്തിലെ പ്രമുഖ അദ്ധ്യാപകർ കോഴ്സുകൾക്ക് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നു.

ഈ വർഷം **X, XI, XII** ക്ലാസ്സുകളിൽ വാർഷികപരീക്ഷ എഴുതുന്ന കുട്ടികൾക്ക് ഏപ്രിൽ മാസത്തിൽ Communicative English ന്റെ പ്രത്യേക കോച്ചിംഗ് ക്ലാസ്സുകൾ സാൻജോസ് അക്കാഡമിയുടെ നേതൃത്വത്തിൽ തലശ്ശേരിയിൽ നടത്തപ്പെടുന്നതാണ്.

## VII. Higher Studies Help Desk

കേരളത്തിനകത്തും പുറത്തും വിദേശത്തും വിവിധ കലാലയങ്ങളിലേക്ക് വിവിധ കോഴ്സുകൾ പഠിക്കാനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും സഹായസഹകരണങ്ങളും സാൻജോസ് അക്കാഡമിയുടെ നേതൃത്വത്തിൽ ചെയ്തുകൊടുക്കുന്നതാണ്. സഹായം ആവശ്യമുള്ളവർ സാൻജോസ് അക്കാഡമിയിൽ നേരിട്ട് വന്ന് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. സാൻജോസ് അക്കാഡമിയുടെ പേരിൽ മറ്റ് അപരൻമാർ മുതലെടുപ്പ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ സാൻജോസ് അക്കാഡമിയുടെ ഫോൺ നമ്പറിൽ വിളിച്ച് നേരിട്ട് കാര്യങ്ങൾ അന്വേഷിക്കേണ്ടതാണ്.

## VIII . LEADERSHIP TRAINING CAMP

V-ാം ക്ലാസ്സ് മുതൽ X വരെ പഠിക്കുന്ന കുട്ടികൾക്കു വേണ്ടി നേതൃത്വ പരിശീലന ശിൽപശാല 2020 **മെയ് 6 മുതൽ 10 വരെ** ഗുഡ്ഷെപ്പേർഡ്

പാസ്റ്ററൽ സെന്റർ പടന്നക്കാടും **മെയ് 10 മുതൽ 13 വരെ** തലശ്ശേരി സന്ദേശഭവനിൽവച്ചും നടത്തപ്പെടുന്നു. വിശദാംശങ്ങൾക്കായി CML ഓഫീസിലോ സാൻജോസ് അക്കാഡമിയിലോ ബന്ധപ്പെടുക.

## സെമിനാറുകൾ - ക്ലാസ്സുകൾ

രൂപതയുടെ കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസിയുടെ കീഴിലുള്ള എല്ലാ സ്കൂളുകളിലെയും **X, XI, XII** ക്ലാസ്സുകളിലെ കുട്ടികളെ ബഹു. പയസ് പടിഞ്ഞാറെമുറിയിൽ അച്ചൻ സന്ദർശിക്കുകയും വിവിധ എൻട്രൻസ് പരീക്ഷകളെപ്പറ്റിയും കോഴ്സ് സാധ്യതകളെപ്പറ്റിയും വിശദീകരിക്കുകയും സാൻജോസ് അക്കാഡമിയെ പരിചയപ്പെടുത്തുകയും ചെയ്തു. .

05.01.2020 ന് ചെറുപുഴ ഇടവകയിൽ ബഹു. പയസ് പടിഞ്ഞാറെമുറിയിൽ അച്ചൻ വി.കുർബാന അർപ്പിക്കുകയും സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു.

12.01.2020 ന് മാട്ടറ ഇടവകയിൽ ബഹു. ഡയറക്ടർ അച്ചൻ വി.കുർബാന അർപ്പിച്ച് സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

19.01.2020 ന് പെരിയ ഇടവകയിൽ ബഹു. ഡയറക്ടർ അച്ചൻ തിരുനാൾ കുർബാന അർപ്പിച്ച് സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾ പരിചയപ്പെടുത്തി.

20.01.2020 ന് കൂത്തുപറമ്പ് നിർമ്മലഗിരി കോളേജ്, കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി-സാൻജോസ് അക്കാഡമി എന്നിവയുടെ സംയുക്ത സഹകരണത്തോടെ നടന്ന സെമിനാറിൽ ബഹു. ഡയറക്ടർ അച്ചൻ സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. ബ്രിട്ടീഷ് കൗൺസിൽ പ്രതിനിധികൾ ക്ലാസ്സുകൾ നയിച്ചു. ഇതിനായി വേദി ഒരുക്കിതന്ന പ്രിൻസിപ്പാൾ ശ്രീ. ഔസേപ്പച്ചൻ സാറിനും മാനേജ്മെന്റിനും നന്ദി അറിയിക്കുന്നു.

26.01.2020 ന് കിളിയന്തറ ഇടവകയിൽ ഡയറക്ടർ അച്ചൻ കുർബാന അർപ്പിച്ച് സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

ഇത്തരത്തിൽ വേദി ഒരുക്കിതന്ന ബഹു. വികാരിയച്ചൻമാർക്കും പ്രധാനാദ്ധ്യാപകർക്കും പ്രത്യേകമായി നന്ദി രേഖപ്പെടുത്തുന്നു. തുടർന്നും പ്രോത്സാഹനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട്,

**ഫാ. പയസ് പടിഞ്ഞാറെമുറിയിൽ**
ഡയറക്ടർ

# ഇൻഫാം വാർത്തകൾ

മലയോര കർഷകപ്രക്ഷോഭത്തിന് ശേഷം സംസ്ഥാനതലത്തിൽ വിവിധ മേഖലകളിൽ കർഷകശക്തി തെളിയിക്കുന്ന വൻ പ്രക്ഷോഭങ്ങൾ നടക്കുന്നു എന്നത് ശ്രദ്ധേയമാണ്. കർഷകർ ഒന്നിക്കേണ്ടതിന്റെയും ഒറ്റക്കെട്ടായി പ്രതികരിക്കാനും തയ്യാറായാൽ മാത്രമേ കർഷകന്റെ അവകാശങ്ങൾ നേടിയെടുക്കുവാൻ സാധിക്കുകയുള്ളൂ എന്നതിൽ സംശയമില്ല. നിയമ നിർമ്മാണ സഭകളിൽ കർഷക പ്രാതിനിധ്യം ഉണ്ടെങ്കിൽ മാത്രമേ കർഷകർക്കായി നയങ്ങളും നിയമങ്ങളും രൂപപ്പെടുകയുള്ളൂ. കർഷകന്റെ പരിമിതിയിൽ ഗ്രാമസഭകൾക്കപ്പുറത്തേക്ക് കർഷകന്റെ ശബ്ദം കേൾക്കാറില്ല. ഈ അവസരം മുതലെടുക്കുന്ന കർഷകസ്നേഹികൾ കർഷകരെ ചൂഷണത്തിനും നേട്ടത്തിനുമുള്ള ഉപകരണങ്ങളാക്കുകയാണ് ചെയ്യുന്നത്. കർഷകപ്രക്ഷോഭത്തിലുയർന്നുവന്ന മുദ്രാവാക്യങ്ങൾ കർഷകകൂട്ടായ്മയ്ക്ക് ഊർജ്ജം പകരുന്നതാണ്. മഴവെള്ളത്തെ സംഭരിക്കുവാനും ശാസ്ത്രീയ ജലസേചനമാർഗ്ഗത്തിലൂടെ കൃഷിയെ സംരക്ഷിക്കാനുമുള്ള ബൃഹുത്തായ പദ്ധതികൾ നടപ്പിലാക്കേണ്ടിയിരിക്കുന്നു. ഈ വിഷയം ഏറ്റെടുത്ത് കർഷകർക്ക് ബോധവത്ക്കരണവും പരിശീലനവും നല്കേണ്ടതുണ്ട്. സർക്കാർ ഫണ്ട് നീക്കിവെയ്ക്കാനും വരളുന്ന കേരളത്തെ പച്ചപ്പിലേക്ക് നയിക്കാനും സർക്കാർ തയ്യാറാകണം. കർഷക പ്രതിസന്ധികളെ നേരിടാൻ നമുക്കൊരുമിച്ച് പരിശ്രമിക്കാം.

## ഇൻഫാം ദേശീയ സമ്മേളനം കട്ടപ്പനയിൽ

ജനുവരി 16,17,18, തീയതികളിലായി ഇൻഫാം ദേശീയ സമ്മേളനം കട്ടപ്പനയിൽ നടന്നു. പതിനായിരക്കണക്കിന് കർഷകരാണ് റാലിയിൽ പങ്കുചേർന്നത്. ഇൻഫാം രക്ഷാധികാരി മാർ മാത്യു അറയ്ക്കൽ, നിയുക്ത രക്ഷാധികാരി മാർ റെമീജിയൂസ് ഇഞ്ചനാനിയിൽ എന്നീ പിതാക്കന്മാരും ഇൻഫാം ദേശീയ ചെയർമാൻ മോൺ. ജോസഫ് ഒറ്റപ്ലാക്കലും ഇൻഫാം ദേശീയ സംസ്ഥാന നേതാക്കളും സമ്മേളനത്തിന് നേതൃത്വം നല്കി. സർക്കാരുകളുടെ ദീർഘവീക്ഷണമില്ലായ്മയും അപ്രായോഗിക കാർഷിക സാമ്പത്തിക നയങ്ങളും അനിയന്ത്രിതവും നികുതി രഹിതവുമായ ഇറക്കുമതി നയങ്ങൾ, നീതി നിഷേധിക്കുന്ന ഉദ്യോഗസ്ഥ മേധാവിത്വവും കർഷകർ ഇനിയും വെച്ചുപൊറുപ്പിക്കില്ല എന്ന് വിളിച്ചോതുന്നതായിരുന്നു സമ്മേളനം.

കാർഷികോത്പന്നങ്ങൾക്ക് ന്യായവില കർഷകന്റെ അവകാശമാണെന്നും സൗജന്യ ഇൻഷൂറൻസ് പരിരക്ഷ ഉപാധിരഹിതപട്ടയം സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുക, വന്യമൃഗശല്യത്തിന് പരിഹാരമുണ്ടാക്കുക, വൈദ്യുതി - കാർഷിക കടങ്ങൾ എഴുതിത്തള്ളുക എന്നീ ആവശ്യങ്ങൾ ദേശീയ സമ്മേളനം മുന്നോട്ട് വെയ്ക്കുന്നു.

ജില്ലാ പ്രസിഡണ്ട്
**സ്ക്കറിയ നെല്ലംകുഴി**

ഡയറക്ടർ
**ഫാ. ജോസഫ് കാവനാടി**

# എ.കെ.സി.സി.

കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത കാര്യാലയത്തിൽനിന്നും ക്ഷേമാന്വേഷണങ്ങൾ!

## അതിരൂപത എക്സിക്യൂട്ടീവ് കമ്മിറ്റി

കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം 2020 ജനുവരി 10ന് വെള്ളിയാഴ്ച തളിപ്പറമ്പ് സെന്റ് മേരീസ് പാരീഷ് ഓഡിറ്റോറിയത്തിൽ ചേർന്നു. യോഗത്തിൽ അതിരൂപത പ്രസിഡണ്ട് ദേവസ്യ കൊങ്ങോല അദ്ധ്യക്ഷം വഹിച്ചു. അതിരൂപത ഡയറക്ടർ ഫാ. മാത്യു ആശാരിപറമ്പിൽ ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ ജനറൽ സെക്രട്ടറി അഡ്വ. ടോണി പുഞ്ചക്കുന്നേൽ കേന്ദ്രസമിതി തീരുമാനങ്ങൾ വിശദീകരിച്ചു. 2020 ജനുവരി മുതൽ ഡിസംബർ 31 വരെയുള്ള കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത കർമ്മപദ്ധതി ചർച്ചചെയ്തു. പഞ്ചായത്തു തലത്തിൽ ഹെൽപ് ഡസ്ക് പ്രവർത്തനങ്ങൾ നടപ്പിൽവരുത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുന്നതിന് തീരുമാനിച്ചു. മെമ്പർഷിപ്പ് ക്യാമ്പയിൻ ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്തുന്നതാണ്. ഒരു ഭവനത്തിൽ ഒരാൾക്ക് എങ്കിലും കത്തോലിക്കാ കോൺഗ്രസ് മെമ്പർഷിപ്പ് നൽകുക, പുതിയ മെമ്പർഷിപ്പ് നൽകുക, മെമ്പർഷിപ്പ് പുതുക്കൽ തുടങ്ങിയവ ക്യാമ്പയിന്റെ ഭാഗമായി നടത്തുക. മെമ്പർഷിപ്പിന്റെ അടിസ്ഥാനത്തിൽ സംഘടനയുടെ തിരഞ്ഞെടുപ്പുകൾ ആരംഭിക്കുന്നു. ജൂൺ, ജൂലൈ മാസങ്ങളിൽ യൂണിറ്റ് തിരഞ്ഞെടുപ്പുകൾ ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ഫൊറോന തിരഞ്ഞെടുപ്പുകൾ, ഒക്ടോബർ മാസത്തിൽ അതിരൂപതാ തിരഞ്ഞെടുപ്പ്, നവംബർ മാസത്തിൽ കേന്ദ്രസമിതി തിരഞ്ഞെടുപ്പ്. കത്തോലിക്കാ കോൺഗ്രസ് സമിതി തിരഞ്ഞെടുപ്പു ചട്ടങ്ങൾ പ്രസിദ്ധീകരിച്ച് തീയതികൾ നിശ്ചയിക്കുന്നതിനനുസരിച്ച് രൂപതയിലും റിട്ടേണിംഗ് ഓഫീസർമാരെ നിശ്ചയിച്ച് സംഘടനാതിരഞ്ഞെടുപ്പ് നടത്തുന്നതാണ്. ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിന്റെ മുന്നോടിയായി വനിതാ യൂണിറ്റ് ഭാരവാഹികളെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചാക്ലാസ്സുകൾ, പ്രതിനിധി സമ്മേളനം എന്നിവ നടത്തുന്നതിന് തീരുമാനിച്ചു. കത്തോലിക്കാ കോൺഗ്രസ് ദിനാചരണവും വാർഷികവും ഏപ്രിൽ അവസാന വാരത്തിൽ നടത്തുന്നതാണ്.

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽസമിതി, മികച്ച സംഘാടകൻ എന്ന നിലയിൽ കത്തോലിക്കാ കോൺഗ്രസ് അതിരൂപത ഡയറക്ടർ റവ. ഫാ. മാത്യു ആശാരിപറമ്പിലിനെ യോഗത്തിൽ ആദരിച്ച് പൊന്നാടയണിയിച്ചു. വർഷങ്ങൾക്കുമുമ്പ് കെട്ടിടം നിർമ്മിച്ച കർഷകർ, കെട്ടിടനിർമ്മാണ ക്ഷേമനിധിയിലേക്ക് പതിനായിരക്കണക്കിന് രൂപ അടക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാർ നോട്ടീസ് അയ്ക്കുന്ന കർഷകദ്രോഹനടപടി അവസാനിപ്പിക്കണമെന്നും ഉത്തരവ് പിൻവലിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

## കേന്ദ്രസമിതിയോഗം

കത്തോലിക്കാ കോൺഗ്രസ് കേന്ദ്രവർക്കിംഗ് കമ്മിറ്റിയോഗം ജനുവരി 19ന് ഞായറാഴ്ച എറണാകുളം പി.ഒ.സിയിൽ നടന്നു. ഗ്ലോബൽ ജനറൽ സെക്രട്ടറി അഡ്വ. ടോണി പുഞ്ചക്കുന്നേൽ, അതിരൂപത ട്രഷറർ ബെന്നി പുതിയാംപുറം എന്നിവർ അതിരൂപതയിൽനിന്നും പങ്കെടുത്തു. പഞ്ചായത്ത്തല ഹെൽപ്ഡസ്ക്കുകൾ എല്ലാ രൂപതകളിലും ഉടൻ ആരംഭിക്കുന്നതിന് തീരുമാനിച്ചു. ന്യൂനപക്ഷ ആനുകൂല്യങ്ങൾ, സർക്കാർ സേവനങ്ങൾ, സ്കോളർഷിപ്പുകൾ, കൃഷിഭവൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള ആനുകൂല്യങ്ങൾ ജനങ്ങൾക്ക് എത്തിച്ച് കൊടുക്കുകയാണ് ഹെൽപ്ഡസ്ക്കിന്റെ ലക്ഷ്യം. ലൗ ജിഹാദിനെതിരെ പ്രതികരിക്കൽ, ന്യൂനപക്ഷ അവകാശങ്ങളും ആനുകൂല്യങ്ങളും നേടിയെടുക്കുന്നതിനുള്ള സമരപരിപാടികൾ, കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്കു പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ കാസർഗോഡ് നിന്നും തിരുവനന്തപുരത്തേക്ക് കർഷക മോചനയാത്ര, പൗരത്വ ഭേദഗതി നിയമത്തിലെ അപാകതകൾ പരിഹരിക്കുക തുടങ്ങിയ വിഷയങ്ങൾ യോഗത്തിൽ ചർച്ച ചെയ്ത് പ്രാവർത്തികമാക്കുന്നതിന് തീരുമാനിച്ചു.

ലൗ ജിഹാദ്, ക്രൈസ്തവർക്കു നേരെയുള്ള ആസൂത്രിത നീക്കങ്ങൾ, ക്രൈസ്തവപീഢനങ്ങൾ, ന്യൂനപക്ഷഅവകാശങ്ങളിലും ആനുകൂല്യങ്ങളിലുമുള്ള തരംതിരിവ് കാർഷിക മേഖലകളിലെ പ്രതിസന്ധി മുതലായ പ്രതിസന്ധികളിലൂടെ സഭയും സമുദായവും കടന്നുപോകുന്ന ഈ കാലഘട്ടത്തിൽ സഭയ്ക്കും സമുദായത്തിനും സമൂഹത്തിനും വേണ്ടി പ്രവർത്തിക്കാൻ അത്മായ സംഘടനയായ കത്തോലിക്കാ കോൺഗ്രസിനെ ശക്തിപ്പെടുത്താം. കത്തോലിക്കാ കോൺഗ്രസ് കേന്ദ്ര സമിതിയും അതിരൂപതാസമിതിയും നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങൾക്ക് എല്ലാവരുടെയും സഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊണ്ട്

സ്നേഹപൂർവ്വം,

**ദേവസ്യ കൊങ്ങോല**
അതിരൂപതാപ്രസിഡന്റ്

**ഫാ. മാത്യു ആശാരിപറമ്പിൽ**
ഡയറക്ടർ

# വിമൽ ജ്യോതി വാർത്തകൾ

പ്ലസ് ടു പഠനം കഴിഞ്ഞ് എൻജിനീയറിംഗ് അഡ്മിഷൻ ആഗ്രഹിക്കുന്ന കുട്ടികൾ പ്രവേശന പരീക്ഷാ കമ്മീഷണനേറ്റ് നടത്തുന്ന പ്രവേശന പരീക്ഷ - KEAM എഴുതി യോഗ്യത നേടിയിരിക്കണം. അതിന് ഓൺലൈൻ രജിസ്ട്രേഷൻ നടത്തേണ്ട സമയമാണിത്. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റും, വരുമാന സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഫീസ് ആനുകൂല്യങ്ങളും സ്കോളർഷിപ്പുകളും ലഭിക്കാൻ ഇത് അത്യാവശ്യമാണ്.

NRI ക്വാട്ടയിൽ അഡ്മിഷൻ ആഗ്രഹിക്കുന്നവർക്ക് ഇപ്പോൾതന്നെ കോളേജിൽ നേരിട്ട് ബന്ധപ്പെടാവുന്നതാണ്. നിങ്ങൾക്ക് ഇഷ്ടപ്പെട്ട ബ്രാഞ്ചിൽ മുൻകൂട്ടി സീറ്റ് ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യമുണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് കോളേജിൽ നേരിട്ട് വരികയോ താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പരിൽ വിളിക്കുകയോ ചെയ്യുക : 9645408161, 8943615547, 9447683082, 0460 2212240, 2213399

## എൻജിനീയറിംഗ് & മെഡിക്കൽ എൻട്രൻസ് ക്രാഷ് കോഴ്സ്

നേരത്തെ അറിയിച്ചിരുന്നതുപോലെ 2020 മാർച്ച് 27 മുതൽ ഏപ്രിൽ 18 വരെ വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ വച്ച് റെസിഡൻഷ്യൽ ക്രാഷ് കോഴ്സ് നടത്തുന്നു. 2020 ഏപ്രിൽ 20,21 തീയതികളിൽ നടത്തപ്പെടുന്ന KEAM പരീക്ഷയ്ക്കും, മെയ് ആദ്യവാരത്തിൽ നടത്തപ്പെടുന്ന NEET പരീക്ഷയ്ക്കും രജിസ്റ്റർ ചെയ്തിട്ടുള്ള കുട്ടികളെ പ്രസ്തുത പരീക്ഷയ്ക്ക് ഒരുക്കുന്നതിനുവേണ്ടിയാണ് ക്രാഷ് കോഴ്സ് നടത്തുന്നത്. ഒരേസമയം രണ്ട് പ്രവേശന പരീക്ഷയ്ക്കും പരിശീലനം ലഭിക്കുന്ന ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് ഓർമ്മിപ്പിക്കുന്നു. പങ്കെടുക്കാനാഗ്രഹിക്കുന്ന കുട്ടികൾക്ക് കോളേജ് ഓഫീസിൽ നേരിട്ടോ, ഫോൺ മുഖേനയോ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും : 0460 2212240, 9645408161, 9447683082, 9846423448

## പ്ലേസ്മെന്റ് വാർത്തകൾ

- പ്രമുഖ ഐ.റ്റി കമ്പനിയായ MITSOGO INC. 2019 നവംബർ 26, 27 തീയതികളിൽ CAPE തൃക്കരിപ്പൂരിൽ സംഘടിപ്പിച്ച പൂൾ കാമ്പസ് റിക്രൂട്ട്മെന്റിൽ വിമൽ ജ്യോതിയിൽ നിന്നും 48 വിദ്യാർത്ഥികൾ പങ്കെടുത്തു. ഏതാനും വിദ്യാർത്ഥികൾ ഫൈനൽ ഇന്റർവ്യൂവിനായി തിരഞ്ഞെടുക്കപ്പെട്ടു.
- ബഹുരാഷ്ട്ര കമ്പനിയായ INFOSYS ൽ ജോലി നേടുന്നതിന് കുട്ടികളെ സഹായിക്കുന്നതിന് മുന്നോടിയായി INFYTQ Training Session കമ്പ്യൂട്ടർ സയൻസ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നു.
- 2020 ജനുവരി 21ന് വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിലെയും എം.ബി.എ കോളേജിലെയും കുട്ടികൾക്കുവേണ്ടി ജോബ് ഫെയർ സംഘടിപ്പിച്ചു. 8 പ്രമുഖ കമ്പനികൾ പങ്കെടുക്കുന്നു. 100-ലധികം കുട്ടികൾക്ക് ജോലി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## വിമൽ ജ്യോതി സിവിൽ സർവ്വീസ് അക്കാദമി

വിമൽ ജ്യോതി സിവിൽ സർവ്വീസ് അക്കാദമിയിൽ നാഷണൽ ടാലന്റ് ഹണ്ട് എക്സാം 2020 ജനുവരി 25ന് നടന്നു. ഡൽഹിയിലെ പ്രശസ്ത IAS,UPSC പരിശീലന കേന്ദ്രമായ AL S IAS ന്റെ സഹകരണത്തോടെയാണ് എക്സാം നടത്തപ്പെടുന്നത്. ഇന്ത്യയിലെ 90 ലധികം ALS IAS ലേണിംഗ് സെന്ററുകളാണ് പരീക്ഷാ കേന്ദ്രങ്ങൾ. NCERT Text Books VI-XII, കറന്റ് അഫയേഴ്സ്, ജനറൽ നോളഡ്ജ് എന്നിവയിൽ നിന്ന് 100 മൾട്ടിപ്പിൾ ചോയ്സ് ക്വസ്റ്റ്യൻസ് ആണ് ഉണ്ടാവുക. നെഗറ്റീവ് മാർക്ക് ഉണ്ടാകും.

സിവിൽ സർവ്വീസ് പരീക്ഷ 2021ൽ എഴുതാൻ തയ്യാറെടുക്കുന്നവർക്കായി വിമൽ ജ്യോതി സിവിൽ സർവ്വീസ് അക്കാദമിയിൽ ആരംഭിക്കുന്ന ജനറൽ സ്റ്റഡീസ് എക്സറ്റൻസീവ് 2021 ബാച്ചിൽ ഈ സ്കോളർഷിപ്പ് പരീക്ഷയുടെ അടിസ്ഥാനത്തിൽ 26% വരെ ട്യൂഷൻ ഫീസിൽ ഇളവ് നല്കുന്നു. രജിസട്രേഷൻ ഫീസില്ല. ഏതെങ്കിലും വിഷയത്തിൽ ഡിഗ്രിയാണ് യോഗ്യത. അവസാന വർഷ വിദ്യാർത്ഥികൾക്കും എഴുതാവുന്നതാണ്. അപേക്ഷകർ ഐ.ഡി പ്രൂഫും പാസ്പോർട്ട് സൈസ് ഫോട്ടോയും കരുതണം.
ഡൽഹിയിൽ ലഭിക്കുന്ന അതേ പരിശീലനം നമ്മുടെ നാട്ടിൽ ലഭിക്കുന്ന ഈ അവസരം നമ്മുടെ ഇടവകകളിലെ സമർത്ഥരായ യുവതീ യുവാക്കളെ അറിയിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

## NSS - സപ്തദിന സഹവാസ ക്യാമ്പ്

NSSന്റെ നേതൃത്വത്തിൽ ജനുവരി 9 മുതൽ 15 വരെ സ്നേഹത്തണൽ എന്ന പേരിൽ അരീക്കമല സെന്റ് ജോസഫ്സ് എൽ.പി. സ്കൂളിൽ വച്ച് നടത്തപ്പെട്ടു. ഏരുവേശ്ശി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ജോസഫ് ഐസക് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. അരീക്കമല സ്കൂൾ മാനേജർ റവ. ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു. ക്യാമ്പിനോടനുബന്ധിച്ച് റോഡ് നവീകരണം, സ്കൂൾ പരിസര ശുചീകരണം, ലഹരിവിരുദ്ധ സന്ദേശയാത്ര എന്നിവ നടത്തി. കേരളാ ശുചിത്വ മിഷനുമായി സഹകരിച്ച് കൊട്ടിയൂരിനടുത്തുള്ള ബാവലി പുഴ ശുചീകരണ പരിപാടിയിൽ പങ്കാളികളായി. പ്രവർത്തി ഉദ്ഘാടനം ബഹു. മന്ത്രി ശ്രീ. ഇ. പി. ജയരാജൻ നിർവ്വഹിച്ചു. ഇരിക്കൂർ എം.എൽ.എ ശ്രീ. കെ. സി. ജോസഫ് ക്യാമ്പ് സന്ദർശിക്കുകയും, വിദ്യാർത്ഥികളുമായി സംവദിക്കുകയും അവരോടൊപ്പം ഉച്ചഭക്ഷണം കഴിക്കുകയും ചെയ്തു. വിവിധ അക്കാദമിക് സെഷനുകളും, നാടക പഠനകളരി, ബോധവത്കരണ ക്ലാസ്സ് എന്നിവയ്ക്ക് ഡോ.ടി.ഡി ജോൺ, ഡോ.ദിജേഷ്, ഷാന പത്മം, എക്സൈസ് പ്രിവന്റീവ് ഓഫീസർ ഷാജി, സിവിൽ പോലീസ് ഓഫീസർ ശ്രീ.ഹബീബ് എന്നിവർ നേതൃത്വം നൽകി. സമാപനസമ്മേളനത്തിൽവച്ച് 2 മുതിർന്ന പൗരന്മാരെ ആദരിച്ചു. കോളേജ് മാനേജർ റവ. ഫാ. ജെയിംസ് ചെല്ലങ്കോട്ട്, റവ. ഫാ. ജോർജ് ആശാരികുന്നേൽ, റവ. ഫാ. ബിബിൻ വരമ്പകത്ത്, പ്രിൻസിപ്പാൾ ഡോ. ബെന്നി ജോസഫ് എന്നിവർ ആശംസകൾ നേർന്നു. എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർമാരായ പ്രൊഫ. വാസുദേവൻ നായർ, പ്രൊഫ. ജെറിൻ യോമസ് എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

## IEEE അവാർഡ് വിമൽ ജ്യോതിയിൽ

ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എൻജിനീയേഴ്സിന്റെ അന്താരാഷ്ട്ര സംഘടനയായ IEEE യുടെ കേരളാ ചാപ്റ്ററിന്റെ ഔട്ട്സ്റ്റാന്റിംഗ് ബ്രാഞ്ച് കൗൺസിലർ അവാർഡ് വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ വിഭാഗം മേധാവി പ്രൊഫ. ലാലി ജെയിംസിന് ലഭിച്ചു. ഇലക്ട്രിക്കൽ അവസാനവർഷ വിദ്യാർത്ഥിയായ കുമാരി മേഘ്ന സുധീപിന് Special Student WIE Volunteer അവാർഡും ലഭിച്ചു. രണ്ടുപേർക്കും വിമൽ ജ്യോതിയുടെ അഭിനന്ദനങ്ങൾ.

## വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & റിസർച്ച് - മാനേജ്മെന്റ് ഫെസ്റ്റ്

വിമൽജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & റിസർച്ചിൽ മാനേജ്മെന്റ് ഫെസ്റ്റ് - കർമ്മാന്ത 2020 വൈവിധ്യമാർന്ന പരിപാടികളോടെ നടത്തപ്പെട്ടു. റെയിൻബോ ഗ്രൂപ്പ് ജനറൽ മാനേജർ ശ്രീ. മനോജ് തോമസ് ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു. വിമൽജ്യോതി സ്ഥാപനങ്ങളുടെ മാനേജർ വെരി. റവ. ഫാ. ജെയിംസ് ചെല്ലങ്കോട്ടിന്റെ അധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടന സമ്മേളനത്തിൽ പ്രിൻസിപ്പാൾ ഡോ. തോമസ് മൈക്കിൾ, റവ. ഫാ. ജോർജ് ആശാരികുന്നേൽ, അഡ്മിനിസ്ട്രേറ്റർ റവ. ഫാ. സുബിൻ റാത്തപ്പിള്ളിൽ, ഫാക്കൽറ്റി കോർഡിനേറ്റർ ശ്രീ. അനൂപ് സ്കറിയ, സ്റ്റുഡന്റ് കോർഡിനേറ്റർ അലൻ റെജി എന്നിവർ പ്രസംഗിച്ചു. ഫെസ്റ്റിനോടനുബന്ധിച്ച് നടത്തപ്പെട്ട വിവിധ മത്സര ഇനങ്ങളിൽ വിജയിച്ചവർക്ക് ക്യാഷ് പ്രൈസും മെമന്റോയും സർട്ടിഫിക്കറ്റുകളും നൽകി. കേരളത്തിനകത്തും പുറത്തുനിന്നുമായി 25ഓളം കോളജുകളിൽ നിന്നായി 200 ഓളം പ്രതിനിധികൾ പങ്കെടുത്തു.

## പ്രീ-പ്ലെയിസ്മെന്റ് ട്രെയിനിംഗ്

രണ്ടാം വർഷ എം.ബി.എ വിദ്യാർത്ഥികൾക്ക് പ്രീ പ്ലെയിസ്മെന്റ് ട്രെയിനിംഗ് പ്രോഗ്രാം നടത്തി. ബംഗളൂരു ആസ്ഥാനമായി പ്രവർത്തിക്കുന്ന Seventh Sense Talent Solutions ആണ് ജനുവരി 17 മുതൽ 19 വരെ പ്രസ്തുത ട്രെയിനിംഗ് പ്രോഗ്രാമിന് നേതൃത്വം കൊടുത്തത്.

## കാമ്പസ് പ്ലെയിസ്മെന്റ് ഡ്രൈവ്

ESAF ബാങ്ക് എം.ബി.എ കോളേജിൽ വച്ച് നടത്തിയ കാമ്പസ് പ്ലേസ്മെന്റ് ഡ്രൈവിൽ 15 വിദ്യാർത്ഥികൾ ഫൈനൽ ഇന്റർവ്യൂവിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

**അഡ്മിഷൻ 2020 :** വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & റിസേർച്ചിൽ അഡ്മിഷൻ ആഗ്രഹിക്കുന്നവർ നേരിട്ട് കോളേജ് ഓഫീസുമായി ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്ക് : 8943615547

സ്നേഹാശംസകളോടെ,

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
മാനേജർ

# ഫ്രാൻസിസ്കൻ അൽമായസഭ
## (എസ്.എഫ്.ഒ.)

### ഏവർക്കും സമാധാനവും സൗഭാഗ്യവും!!!

ഫ്രാൻസിസ്കൻ അൽമായ സഭ തലശ്ശേരി അതിരൂപത വാർഷികം 2020 ജനുവരി 10,11 തീയതികളിലായി പട്ടാരം വിമലഗിരി ധ്യാനകേന്ദ്രത്തിൽ വെച്ച് സമുചിതമായി നടത്തപ്പെട്ടു. സഭയുടെ ഔദ്യോഗിക പ്രാർത്ഥ നയോടെ ആരംഭിക്കുകയും തുടർന്ന് ദിവ്യകാരണ്യ സാന്നിധ്യത്തിൽ ജപമാല പ്രാർത്ഥനയും, തൈലാഭിഷേക പ്രാർത്ഥനയും നടത്തി. റവ. ഫാ. സ്കറിയ കല്ലൂർ കപ്പൂച്ചിൻ ദിവ്യബലി അർപ്പിക്കുകയും, ആത്മീയ സന്ദേശം നൽകുകയും ചെയ്തു. റവ. ഫാ. ബോസ്കോ കപ്പൂച്ചിൻ പുതുതായി ചേർന്ന അംഗങ്ങളെ സഭയിലേക്ക് സ്വാഗതം ചെയ്തു. നിരവധി അംഗങ്ങൾക്ക് സഭാപ്രവേശനം നൽകി. രൂപതാ മിനിസ്റ്റർ ബ്ര. ജോയിമുങ്ങമാക്കൽ അവരെ ഔദ്യോഗികമായി സഭയിലേക്ക് സ്വീകരിച്ചു. നിരവധി അംഗങ്ങൾ ഇതോടനുബന്ധിച്ച് നിത്യവ്രത വാഗ്ദാനം നടത്തി. ബ്ര. ജോസ് ആലപ്പാട്ട് പ്രതിജ്ഞാ വാചകം ചൊല്ലികൊടുത്തു. റവ. ഫാ. സ്കറിയ കല്ലൂർ മുഖ്യകാർമ്മികനായിരുന്നു.

തുടർന്ന് നടന്ന വാർഷിക സമ്മേളനത്തിൽ ബ്ര. ജോയി മൂങ്ങമാക്കൽ സ്വാഗതം ആശംസിച്ചു. റവ. ഫാ. ജോൺ ബോസ്കോ അധ്യക്ഷത വഹിച്ച പ്രസ്തുത സമ്മേളനത്തിന്റെ ഉദ്ഘാടന കർമ്മം ബ്ര. മാർട്ടീനിയൻ കപ്പൂച്ചിൻ തിരി തെളിച്ച് നിർവഹിക്കുകയും സന്ദേശം നൽകുകയും ചെയ്തു. എസ്.എഫ്.ഒ.യുടെ ആദ്യമുഖപത്രമായ ഫ്രാൻസിസ്കൻ അൽമായ സഭയുടെ പ്രകാശന കർമ്മം റവ. ഫാ. മനോജ് കപ്പൂച്ചിൻ നിർവഹിച്ചു. ഇരിട്ടി റീജിയൻ ആത്മീയസഹായി റവ. ഫാ. വിൻസെന്റ് മറ്റത്തിൽകുന്നേൽ ആത്മീയ സന്ദേശം നൽകി. ബഹു. റീജിയൺ മിനിസ്റ്റേഴ്സ് ആശംസകളർപ്പിച്ച് സംസാരിച്ചു. തുടർന്ന് റീജിയൺ പ്രതിനിധികൾപ്രവർത്തന റിപ്പോർട്ടുകൾ അവതരിപ്പിച്ചു. തുടർന്ന് അംഗങ്ങൾ പരസ്പരം പരിചയപ്പെടുത്തി.

11.01.2020 രാവിലെ 6 മുതൽ 7 വരെ ദിവ്യകാരുണ്യ ആരാധനയിൽ അംഗ ങ്ങൾപ്രാർത്ഥനാപൂർവ്വം പങ്കെടുത്തു. ബ്രദർ അപ്പച്ചൻ പഴുക്കാക്കുളം പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. മുൻ രൂപതാ ഡയറക്ടർ റവ. ഫാ. ബിജു ഇളംമ്പച്ചംവീട്ടിൽ ഫ്രാൻസിസ്കൻ ആത്മീയതയെപ്പറ്റി, പുണ്യശ്ലോകനായ ആർമണ്ടച്ചന്റെ ജീവിതത്തെ ആസ്പദമാക്കി ഏറ്റവും ഹൃദ്യവും മനോഹരവുമായ ഒരു പ്രഭാഷണം നടത്തി. ബ്രദർ എബി കാരാമയിൽ നന്ദി പറഞ്ഞു. ഇരിട്ടി, ചെമ്പേരി, ചെറുപുഴ, പേരാമ്പ്ര, കരുവാരക്കുണ്ട് എന്നീ റീജിയണനുകളിൽ നിന്നുമായി ഇരുന്നൂറ്റമ്പതോളം അംഗങ്ങൾ സംബന്ധിച്ചു.

## ന്യൂ മിഷൻ

എസ്.എഫ്.ഒ. ഇരിട്ടി റീജിയണിൽ കേളകം, മഞ്ഞളാംപുറം, കല്ലുമുതിരക്കുന്ന് എന്നീ ഇടവകകളിൽ പുതിയ ഭ്രാതൃത്വങ്ങ ൾ സ്ഥാപിക്കുകയും അഖണ്ഡ ജപമാല നടത്തുകയും ചെയ്തു. റവ. ഫാ. ജോൺ ബോസ്കോയോടൊപ്പം ബ്രദർ ജോസഫ് കല്ലുവയൽ, ബ്രദർ എബി കാരാമായിൽ, ബ്രദർ ജോസ് ആലപ്പാട്ട്, സി. എൽസമ്മ മാരാപറമ്പിൽ, സി. ലിസി വരിക്കാനിക്കൽ, ബ്രദർ ജോണി കൂട്ടമല, ബ്രദർ സോജൻ കൊച്ചുമലയിൽ എന്നിവർ നേതൃത്വം നൽകി.

ചെമ്പേരി റീജിയണിൽ ഉദയഗിരി, കാർത്തികപുരം ഒറ്റത്തൈ എന്നീ ഇടവകകളിൽ പുതിയ യൂണിറ്റുകൾ സ്ഥാപിക്കുകയും അഖണ്ഡ ജപമാല നടത്തുകയും ചെയ്തു. ബഹു. ഡയറക്ടച്ചന്റെ നേതൃത്വത്തിൽ സി. മേരി അഴകത്ത്, ബ്രദർ സെബാസ്റ്റ്യൻ കൊടകനാടി, സി. ഗ്രേസി കുന്നേൽ, സി. ഏലിക്കുട്ടി എന്നിവർ പങ്കെടുത്തു.

ചെറുപുഴ റീജിയണിൽ വെള്ളരിക്കുണ്ട്, പറമ്പ, മാലോം, പുന്നക്കുന്ന്, പരപ്പ, അട്ടേങ്ങാനം, ഭീമനടി, കടുമേനി എന്നീ ഇടവകകളിൽ റവ. ഫാ. ജോൺ ബോസ്കോയുടെ നേതൃത്വത്തിൽ സി. മോളി മൂലെമുറിയിൽ, സി. ലൂസി, സി. വത്സമ്മ കരീക്കുന്നേൽ, ബ്രദർ സെബാസ്റ്റ്യൻ കൊടകനാടി എന്നിവർ ബഹു. ഇടവകാ വികാരിയച്ചന്മാരെ സന്ദർശിക്കുകയും ഭ്രാതൃത്വങ്ങൾ ആരംഭിക്കുവാനും അഖണ്ഡ ജപമാല നടത്തുവാനുമുള്ള അനുവാദം വാങ്ങുകയും ചെയ്തു. പുതിയ ഭ്രാതൃത്വ ങ്ങൾ സ്ഥാപിക്കുവാൻ എല്ലാ സഹായ സഹകരണങ്ങളും ചെയ്തു തന്ന ബഹു. വികാരിയച്ചന്മാരെ വളരെ നന്ദിയോടെ ഓർക്കുന്നു. എല്ലാവർക്കും സമാധാനവും സൗഭാഗ്യവും നേർന്നുകൊണ്ട്,

**ഫാ. ജോൺ ബോസ്കോ താന്നിക്കപ്പാറ, കപ്പൂച്ചിൻ**
അതിരൂപതാ ആത്മീയ സഹായി

# പ്രതീക്ഷ ലഹരിമോചന കേന്ദ്രം

## ലഹരി വിമുക്ത കുടുംബ സംഗമം

പ്രതീക്ഷ കേന്ദ്രത്തിൽവച്ച് രണ്ടുവർഷത്തിനുള്ളിൽ ചികിത്സ പൂർത്തീകരിച്ച് ലഹരിരഹിതരായി നില്ക്കുന്നവരുടെ സംഗമം നടത്തപ്പെട്ടു. ഡയറക്ടർ അദ്ധ്യക്ഷത വഹിച്ച സംഗമം ഫാ. ജോസഫ് പൊട്ടനാനിയിൽ ഉദ്ഘാടനം ചെയ്തു. ടോം അഗസ്റ്റ്യൻ കുന്നുമ്മേൽ ക്ലാസ്സ് എടുത്തു. ജോയി മണ്ഡപത്തിക്കുന്നേൽ സ്വാഗതവും മനു നന്ദിയും പറഞ്ഞു.

**സ്നേഹസ്പർശം:** പടന്നക്കാട് പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ വച്ച് കാഞ്ഞങ്ങാട് റീജിയണിലുള്ള ക്യാൻസർ രോഗികൾ, കൗൺസിലർമാർ, കുടുംബാംഗങ്ങൾ എന്നിവർക്കായി ഫാ. ഡയറക്ടർ-സെമിനാർ നയിച്ചു.

**പുതുവർഷ സൗഹൃദ സംഗമം ;** ചികിത്സാകേന്ദ്രത്തിൽ വച്ച് പുതുവർഷദിനസംഗമം നടത്തപ്പെട്ടു. ആർച്ച്ബിഷപ്പ് എമിരിറ്റസ് മാർ ജോർജ് വലിയമറ്റം പുതുവർഷാചരണ സമ്മേളനം ചെയ്തു. കണ്ണൂർ ജില്ല ജനമൈത്രിപോലീസ് കോ-ഓർഡിനേറ്റർ ശ്രീനിവാസൻ, പഞ്ചായത്ത് പ്രസിഡണ്ട് എ.കെ. രമ്യ, ഫാ. ഡോ. സെബാൻ ചെരിപുറം, ഫാ. വർഗ്ഗീസ് വി.സി, എരഞ്ഞോളി ഗ്രാമപഞ്ചായത്ത് മെമ്പർമാർ, നാട്ടുകാർ തുടങ്ങിയവർ സംബന്ധിച്ചു. ഫാ. ഡയറക്ടർ സ്വാഗതവും സിസ്റ്റർ തെരേസ് നന്ദിയും പറഞ്ഞു.

**പുതുവത്സരാഘോഷം പിണറായിയിൽ:** പിണറായി പോലീസ് സ്റ്റേഷൻ പരിസരത്തുവച്ച് നടത്തപ്പെട്ട ജനകീയ പുതുവർഷ പരിപാടിയിൽ ഫാ. ഡയറക്ടർ ലഹരിവിമുക്ത നവകേരളനിർമ്മിതിയിൽ വ്യക്തികളുടെ പങ്ക് എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി.

**എ.എ. സമ്മേളനം :** ജനുവരി അഞ്ചിന് ചികിത്സാകേന്ദ്രത്തിൽവച്ച് നടത്തപ്പെട്ട എ,എ. സമ്മേളനം എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ പെറ്റിറ്റ് ട്രീസ ഉദ്ഘാടനം ചെയ്തു. പ്രതീക്ഷാ മാനേജിംഗ് കമ്മിറ്റി അംഗം മാത്യു എം. കണ്ടത്തിൽ സാറിന്റെ വിവാഹത്തിന്റെ സുവർണ്ണ ജൂബിലിയും പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ പെറ്റിറ്റ്ട്രീസയുടെ സമർപ്പിതജീവിതത്തിന്റെ സുവർണ്ണജൂബിലിയും സംയുക്തമായി ആഘോഷിച്ചു. അഡ്വ. ഷീല കുടുംബങ്ങളിലെ നിയമ വ്യവസ്ഥകളെക്കുറിച്ച് ക്ലാസ്സെടുത്തു. ഫാ. ഡയറക്ടർ അദ്ധ്യക്ഷത വഹിച്ചു. മനു മാത്യു, സിസ്റ്റർ ഷാന്റി, സുഷുംന തുടങ്ങിയവർ പ്രസംഗിച്ചു.

**മാനേജിംഗ് കമ്മിറ്റി ചേർന്നു:** പ്രതീക്ഷാ സൊസൈറ്റി അംഗങ്ങളായ മാനേജിംഗ് കമ്മിറ്റിയുടെ യോഗം ചേർന്ന് വിവിധ വിഷയങ്ങളെക്കുറിച്ച് ചർച്ചചെയ്തു. മാത്യു. എം. കണ്ടത്തിൽ, അബ്രാഹം പാരിക്കാപ്പള്ളിൽ, സണ്ണി പുത്തേട്ട്, റോസിലി കാരിക്കക്കുന്നേൽ, സിസ്റ്റർ എമലി, സണ്ണി പായ്ക്കാട്ട്, കെ.സി.ജോൺ കാഞ്ഞിരക്കാട്ടുതൊട്ടിയിൽ, സെബാസ്റ്റ്യൻ പെരുമ്പുഴ എന്നിവർ സംബന്ധിച്ചു.

**അർധദിനസെമിനാർ :**ചികിത്സാർത്ഥികൾക്കായി റിട്ട. അധ്യാപകൻ ഗോപിനാഥൻ മാസ്റ്റർ അർധദിനസെമിനാർ നയിച്ചു. സിസ്റ്റർ തെരേസ് സ്വാഗതവും ഫാ. ഡയറക്ടർ നന്ദിയും പറഞ്ഞു.

**ഫാ. ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ

# എ. ഡി. എസ്. യു.

## സ്കൂൾ സന്ദർശനം

ചെമ്പന്തൊട്ടി ചെറുപുഷ്പം യു.പി. സ്കൂളിൽ എ.ഡി.എസ്.യു അംഗങ്ങളെ സന്ദർശിച്ച് ലഹരി വിമുക്ത വിദ്യാർത്ഥിലോകത്തിന്റെ നിർമ്മിതിയിൽ എ.ഡി. എസ്.യു അംഗങ്ങളുടെ നേതൃത്വത്തെക്കുറിച്ച് ഫാ. ജോൺസൺ അന്ത്യാംകുളം സംസാരിച്ചു. സിസ്റ്റർ ജെസി ജോസ് എഫ്.സി.സി സ്വാഗതവും സിസ്റ്റർ ജൂലി ജോർജ്ജ് നന്ദിയും പറഞ്ഞു. സി.സിസിലി എഫ്.സി.സി. കുടിയാന്മല ഹൈസ്കൂൾ, കോഴിച്ചാൽ എന്നീ സ്കൂളുകൾ സന്ദർശിക്കുകയും ലഹരിവിരുദ്ധ ബോധവത്ക്കരണ ക്ലാസ്സ് എടുക്കുകയും ചെയ്തു.

## ബോധവത്ക്കരണ ക്ലാസ്സുകൾ

ജനുവരി ഒന്നിന് കോഴിച്ചാൽ സെന്റ് അഗസ്റ്റ്യൻ എൽ.പി. സ്കൂളിൽ വിദ്യാർത്ഥികൾക്കായി നടത്തപ്പെട്ട ബോധവത്ക്കരണ സമ്മേളനത്തിൽ ഹെഡ്മാസ്റ്റർ മാർട്ടിൻ ജോസഫ് അധ്യക്ഷത വഹിച്ചു. ഫാ. ഡയറക്ടർ ക്ലാസ്സുകൾ നയിച്ചു. ജോവാൻ ജിമ്മി ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. പി.ടി.എ. പ്രതിനിധി പ്രസാദ് വി.ജെ. സ്വാഗതവും എ.ഡി.എസ്.യു ആനിമേറ്റർ മേരി എം.എം.നന്ദിയും പറഞ്ഞു.

**പാലാവയൽ എൽ.പി.സ്കൂൾ :** എ.ഡി.എസ്.യു അംഗങ്ങൾക്കുവേണ്ടി നടത്തപ്പെട്ട ലഹരി വിരുദ്ധ ബോധവത്ക്കരണ ക്ലാസിന് ഫാ. ഡയറക്ടർ നേതൃത്വം നൽകി. ഹെഡ്മാസ്റ്റർ കെ.എ. ജോസഫ് സ്വാഗതവും ആന്റോ ഷിബിൻ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു, സിസ്റ്റർ ആൽഫി നന്ദിയും പറഞ്ഞു.

**തലശ്ശേരി കൊടുവള്ളി ഗവ. ഹൈസ്കൂൾ :** കുട്ടികളിൽ വളർന്നു വരുന്ന ലഹരി ആസക്തി, മൊബൈൽ പ്രണയം എന്നീ വിഷയങ്ങളെക്കുറിച്ച് ഡയറക്ടർ അർധദിന സെമിനാർ നടത്തി.

**ലഹരിവിരുദ്ധ ശില്പശാല തിരുവനന്തപുരത്ത് :** വിദ്യാർത്ഥികളുടെ ഇടയിലുള്ള ലഹരിവിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ച് സംസ്ഥാനതലത്തിൽ നടത്തപ്പെട്ട 'One day Workshop on the Imlimentation of NAPDDR' -ൽ കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളുടെ പ്രതിനിധിയായി ഫാ. ഡയറക്ടർ സംബന്ധിച്ചു.

**എ. ഡി. എസ്. യു എക്സിക്യൂട്ടീവ് :** 18-01-2020 ന് പ്രതീക്ഷയിൽവച്ച് ചേർന്ന എക്സിക്യൂട്ടീവ് യോഗത്തിൽ അഡ്വ. മനോജ് എം. കണ്ടത്തിൽ, ആൽബിൻ മണ്ടുംപാല, ജോർജ്ജ് പി.എ. പാരിക്കാപ്പള്ളി, സി. ലൂസീന എസ്. എച്ച്, സി. ഷൈല എസ്.കെ.സി, മഞ്ജുഷ കുര്യൻ, സബിൻ ജോസ്, റീന ചെറിയാൻ എന്നിവർ സംബന്ധിച്ചു. പുതുതായി എക്സിക്യൂട്ടീവ് അംഗങ്ങളായി ചാർജ്ജ് എടുത്ത സെബിൻ ജോസ്, സി. ഷൈല എസ്.കെ.ഡി എന്നിവർക്ക് മനോജ് എം. കണ്ടത്തിൽ പ്രത്യേകം സ്വാഗതം ആശംസിച്ചു. സമ്മേളനത്തിൽ റവ. ഫാ. ജോൺസൺ അന്ത്യാംകുളം അദ്ധ്യക്ഷത വഹിച്ചു.

# കെ. സി. ബി. സി.
# മദ്യവിരുദ്ധ സമിതി, മുക്തിശ്രീ

## പ്രകാശിതമായ കുടുംബവും ഇടവകയും

ഡിസംബർ 16 മുതൽ 18 വരെ കോലുവള്ളി തിരുക്കുടുംബ ദൈവാലയത്തിലും ഡിസംബർ 20ന് ആലക്കോട് സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിലും ഡിസംബർ 22ന് ഉരുപ്പുംകുറ്റി സെന്റ് മേരീസ് ഇടവകയിലും ഡിസംബർ 31ന് കുന്നോത്ത് സെന്റ് തോമസ് ഫൊറോന ഇടവകയിലും നടത്തി.

കൺവെൻഷന് എല്ലാ ക്രമീകരണങ്ങളും നടത്തിയ വികാരിമാരായ ബഹു. ഫാ. ജോസഫ് കരിനാട്ട്, ബഹു. ഫാ. സിബി ആനക്കല്ലിൽ, ബഹു. ഫാ. അഗസ്റ്റിൻ പാണ്ട്യാംമാക്കൽ, ബഹു. ഫാ. ടോമി നടുവിലേക്കൂറ്റ് എന്നിവരെ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.

## ലോകജനതയുടെ സുവിശേഷജീവിതത്തിനായ് ജാഗരണങ്ങൾ

ഡിസംബർ 28ന് നെല്ലിക്കാംപൊയിൽവച്ച് സി.എം.സി. പ്രൊവിൻഷ്യൽ ഹൗസ് ചാപ്പലിൽ വച്ചും ജനുവരി 3-ന് പേരാവൂർ ഫൊറോനാപ്പള്ളിയിൽ വച്ചും ലഹരിമുക്ത ജീവിതത്തിലൂടെ സുവിശേഷവെളിച്ചത്തിലേക്ക് ലോകജനത വളരുവാൻ ജാഗരണശുശ്രൂഷ നടത്തി.

വൈകുന്നേരം 6.00ന് വി. കുർബാന, തുടർന്ന് വചനസന്ദേശം, ദിവ്യകാരുണ്യാരാധാന, സൗഖ്യശുശ്രൂഷ എന്നീ ശുശ്രൂഷകളും ഉണ്ടായിരുന്നു. ഡയറക്ടറച്ചൻ നേതൃത്വം നൽകി. സി.എം.സി. പ്രൊവിൻഷ്യൽ സിസ്റ്റർ സിനോബിയും ബഹു. തോമസ് കൊച്ചുകരോട്ട് അച്ചനും അസിസ്റ്റന്റ് വികാരിമാരായ ഫാ. ജോബിൻ കൊട്ടാരത്തിൽ, ഫാ. ലിബിൻ ഏഴുപറയിൽ എന്നിവർക്ക് കൃതജ്ഞത നേരുന്നു.

---

**ചർച്ചകളും തീരുമാനങ്ങളും:** എ.ഡി.എസ്.യുവിന്റെ വാർഷിക റിപ്പോർട്ട് ഫെബ്രുവരി 10 നകം ഓഫീസിൽ എത്തിക്കുമല്ലോ. 10ന് ശേഷം തരുന്ന റിപ്പോർട്ടുകൾ സ്വീകരിക്കുന്നതല്ല. നവദർശൻ ക്യാമ്പ് ഈസ്റ്റർ കഴിഞ്ഞുവരുന്ന ദിവസങ്ങളിൽ നടത്തുന്നതായിരിക്കും. സ്ഥലവും തീയതിയും പിന്നീട് അറിയിക്കുന്നതായിരിക്കും.

ചീഫ് ആനിമേറ്റർ ആൽബിൻ മണ്ടുംപാല എല്ലാവർക്കും നന്ദിയർപ്പിച്ചു.

സ്നേഹാദരങ്ങളോടെ,

**ഫാ. ജോൺസൺ അന്ത്യാംകുളം**
**ഡയറക്ടർ**

## ഞായർ സന്ദർശനവും ലഹരിമുക്ത സന്ദേശവും

ഡിസംബർ 22ന് പയ്യാവൂർ ഉണ്ണിമിശിഹാ ദൈവാലയത്തിലും, 22ന് ലൈകുന്നേരം ഉരുപ്പുംകുറ്റി സെന്റ് മേരീസ് ദൈവാലയത്തിലും ജനുവരി 5ന് നടുവിൽ സെന്റ് മേരീസ് ഇടവകയിലും, ജനുവരി 12ന് കച്ചേരിക്കടവ് സെന്റ് ജോർജ് ഇടവകയിലും 19ന് പേരട്ട സെന്റ് ആന്റണീസ് ദൈവാലയത്തിലും ഡയറക്ടറച്ചൻ വി. കുർബാനയർപ്പിച്ച് ലഹരി മുക്ത സന്ദേശം നല്കി.

വികാരിമാരായ ബഹു. ഫാ. ജെയ്സൺ കോലക്കുന്നേൽ, ബഹു. ഫാ. ടോമി നടുവിലേക്കൂറ്റ്, ബഹു. ഫാ. സതീഷ് നരിക്കുഴി, ബഹു. ഫാ. മനോജ് കിടാരത്തിൽ എന്നിവർക്ക് നന്ദിയർപ്പിക്കുന്നു.

**പുതുവർഷം ജാരഗണത്തോടെ കുന്നോത്ത് :** വർഷാരംഭത്തിനൊരുക്കമായി ലോകത്തെ സമർപ്പിച്ചുകൊണ്ടും ലഹരി ഉപയോഗം നിലയ്ക്കുന്ന വർഷമാകണമേ എന്ന പ്രാർത്ഥനയോടും കൂടെ കുന്നോത്ത് സെന്റ് തോമസ് ഫൊറോനപള്ളിയിൽ ആരാധനയും വചനശുശ്രൂഷയും പരിശുദ്ധ കുർബാനയും ഡയറക്ടർ അച്ചൻ അർപ്പിച്ചു. റവ. ഫാ. അഗസ്റ്റിൻ പാണ്ട്യാംമാക്കൽ, അസിസ്റ്റന്റ് വികാരി തോമസ് മേനാട്ടുപടിക്കൽ എന്നിവർക്ക് നന്ദി.

**ആദ്യവെള്ളി ജാഗരണം പേരാവൂർ :** മദ്യത്തിനും ലഹരി ഉപയോഗത്തിനും എതിരായി മുക്തിശ്രീയുടെ നേതൃത്വത്തിൽ വൈകുന്നേരം 6.00ന് വി. കുർബാന, 7.30ന് വചനശുശ്രൂഷ, 8.30 മുതൽ 10.30 വരെ ആരാധന, മദ്ധ്യസ്ഥ പ്രാർത്ഥന എന്നീ ശുശ്രൂഷകൾ നടത്തി ഡയറക്ടർ അച്ചൻ നേതൃത്വം നൽകി. ഫൊറോന വികാരിയച്ചനും കൊച്ചച്ചന്മാർക്കും നന്ദി.

**ജനുവരി 17. അതിരൂപതാ സ്റ്റിയറിംങ്ങ് കമ്മിറ്റി :** ജനുവരി 17ന് സന്ദേശഭവനിൽവച്ച് അതിരൂപതാ സ്റ്റിയറിംങ്ങ് കമ്മിറ്റി സമ്മേളിച്ചു. സമ്മേളനം ഡയറക്ടറച്ചൻ ഉദ്ഘാടനം ചെയ്തു. മദ്യവിരുദ്ധ സമിതി പ്രസിഡന്റ് പ്രൊഫ. ജോസ്ലറ്റ് മാത്യു അദ്ധ്യക്ഷത വഹിച്ചു. മുക്തിശ്രീ പ്രസിഡണ്ട് ശ്രീമതി മാർഗ്ഗരറ്റ് മാത്യു പ്രമേയം അവതരിപ്പിച്ചു. ജനറൽ സെക്രട്ടറി ആന്റണി മേൽവെട്ടം സ്വാഗതം ആശംസിച്ചു. റവ. സി. ലൂസീന എസ്.എച്ച്, ഐ.സി മേരി, മേരി ആലയ്ക്കാമറ്റം, ഷിനോ സജി പാറയ്ക്കൽ, തങ്കച്ചൻ കൊല്ലക്കൊമ്പിൽ, വിൻസെന്റ് മുണ്ടാട്ടുചുണ്ടയിൽ, ചിന്നമ്മ എളംബ്ലാശ്ശേരിയിൽ, തോമസ് പാലത്തിനാടിയിൽ എന്നിവർ പ്രസംഗിച്ചു.

**ശ്രദ്ധിക്കുക :** ഫെബ്രുവരി 10 തിങ്കളാഴ്ച രാവിലെ 10.30 മുതൽ 1 മണി വരെ മേഖലാ പ്രസിഡണ്ടുമാരുടെ സമ്മേളനം സന്ദേശഭവനിൽവച്ച് നടക്കുന്നു. മദ്യവിരുദ്ധസമിതി, മുക്തിശ്രീ പ്രസിഡണ്ടുമാരെ മേഖലാ ഡയറക്ടർമാർ പറഞ്ഞയയ്ക്കുമല്ലോ. മാർ ജോർജ് ഞറളക്കാട്ട് പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്യും. 2020 ലെ മാർഗ്ഗരേഖ പുറത്തിറക്കുന്നതായിരിക്കും.

സ്നേഹാദരങ്ങളോടെ,

**ഫാ. ചാക്കോ കുടിപ്പറമ്പിൽ**
ഡയറക്ടർ

# സാമൂഹ്യസേവനവേദി

**തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി**
**(ടി.എസ്.എസ്.എസ്.)**

## 1. യാത്രയയപ്പ്

ടി.എസ്.എസ്.എസിന്റെ വിവിധ പ്രൊജക്ടുകളിൽ സേവനമനുഷ്ഠിച്ച സാന്റി ഓലിക്കൽ, നെല്ലിക്കാംപൊയിൽ ടി.എസ്.എസ്.എസ്. റീജനൽ ഓഫീസിൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ച സി. ഇമാക്കുലേറ്റ് സി.എം.സി, സെന്റർ ഓഫീസ് സ്റ്റാഫ് ജുവൽ മരിയ ടോം എന്നിവർ ടി.എസ്.എസ്.എസിന് നൽകിയ സേവനങ്ങളെ നന്ദിയോടെ ഓർക്കുന്നു. ഔദ്യോഗികമായി ടി.എസ്.എസ്.എസിൽ നിന്ന് വിരമിച്ച ഇവർക്ക് പുതിയ സ്ഥലങ്ങളിൽ എല്ലാവിധ നന്മകളും ടി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ആശംസിച്ചു.

## 2. Eshakti - NABARD

ശ്രീപുരം മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽവച്ച് ജനുവരി 9-ാം തീയതി NABARD ന്റെ Eshakti പ്രൊജക്ടിന്റെ പുരോഗതിയെക്കുറിച്ചും ഭാവി പദ്ധതികളെക്കുറിച്ചും ചർച്ചചെയ്തു. NABARD കണ്ണൂർ DDM Mr. മനോജ് കുമാർ ചർച്ചയിൽ പങ്കെടുത്തു. കണ്ണൂർ ജില്ലയിലെ ആറ് NGO കളിലെ ആനിമേറ്റേഴ്സും പ്രോഗ്രാം കോഡിനേറ്റേഴ്സും പങ്കെടുത്തു. ടി.എസ്.എസ്.എസ്. പ്രൊജക്ട് കോഡിനേറ്റർ Ms. ടിക്കു ജെയിംസ് ഈ മീറ്റിംഗിൽ പങ്കെടുക്കുകയും ടി.എസ്.എസ്.എസിന്റെ പ്രവർത്തനങ്ങൾ അവതരിപ്പിക്കുകയും ചെയ്തു.

## 3. സേവ് എ ഫാമിലി പ്ലാൻ

ജനുവരി 9,10,11 തീയതികളിൽ എറണാകുളം സേവ് എ ഫാമിലി പ്ലാനിന്റെ റീജനൽ ഓഫീസിൽനിന്നും Mr. ആൾട്ടോ ആന്റണി പ്രോഗ്രാം മാനേജർ, ചെമ്പേരി, നെല്ലിക്കാംപൊയിൽ മേഖലകളിൽ ഫീൽഡ് സന്ദർശനം നടത്തുകയും അവരുടെ സ്വയം തൊഴിൽ പദ്ധതികൾ എപ്രകാരം മുന്നോട്ടുപോകുന്നു എന്ന് വിലയിരുത്തുകയും ചെയ്തു. സേവ് എ ഫാമിലി പ്ലാൻ കോഡിനേറ്റർ സി. ആഷ ജോർജ് എം.എം.എം, ആനിമേറ്റർമാരായ മേഴ്സി ജേക്കബ്, ബീന ബേബി, ലിസി ജിജി എന്നിവർക്ക് സേവ് എ ഫാമിലി പ്ലാൻ വിജയകരമായി നടത്തുന്നതിന് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ അഭിനന്ദനങ്ങൾ അറിയിച്ചു.

എറണാകുളത്ത്വച്ച് ജനുവരി 28 മുതൽ 30വരെ നടത്തിയ സേവ് എ ഫാമിലിയുടെ ആനിമേറ്റർമാരുടെ ട്രെയിനിംഗിൽ മേഴ്സി ജേക്കബ്, ബീന ബേബി എന്നിവർ പങ്കെടുത്തു.

## 3. ക്യാമ്പ്

12-01-2020 മുതൽ 17-01-2020 വരെ കരിക്കോട്ടക്കരി സെന്റ് തോമസ് പള്ളിയിൽവെച്ച് നെതർലാന്റിലെ Maastricht യൂണിവേഴ്സിറ്റിയിലെ പത്ത് എം.ബി.ബി.എസ് വിദ്യാർത്ഥികളും മണിപാൽ യൂണിവേഴ്സിറ്റിയിലെ 30 MSW വിദ്യാർത്ഥികളും പഠന ആവശ്യത്തിനായി ക്യാമ്പ് നടത്തി. ക്യാമ്പിലെ അവരുടെ പ്രധാന വിഷയങ്ങൾ ആദിവാസി കോളനികൾ സന്ദർശിക്കൽ, PHC പഞ്ചായത്ത് ഓഫീസ് സന്ദർശിക്കൽ, പ്രളയ ബാധിത പ്രദേശം സന്ദർശിച്ച് അതിനെക്കുറിച്ച് ഹ്രസ്വപഠനം നടത്തി, ശ്രമധാൻ എന്നിവയാണ്. ക്യാമ്പിന്റെ ഉദ്ഘാടനം ശ്രീ. സണ്ണി ജോസഫ് എം.എൽ.എ നിർവ്വഹിച്ചു. ടി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ശ്രീമതി. ഷീബ സെബാസ്റ്റ്യൻ പഞ്ചായത്ത് പ്രസിഡന്റ് എന്നിവർ ആശംസകൾ അറിയിച്ചു. ക്യാമ്പ് വിജയകരമായി നയിച്ച ടി.എസ്.എസ്.എസിന്റെ അസിസ്റ്റന്റ് ഡയറക്ടർ ഫാ. പ്രിയേഷ് കളരിമുറിയിൽ, മിസ്റ്റർ തോമസ് ജോൺ, മിസ്റ്റർ ജോസ് പ്രകാശ്, കരിക്കോട്ടക്കരി വികാരി ഫാ. ആന്റണി പുന്നൂർ, ക്രെഡിറ്റ് യൂണിയൻ ഭാരവാഹികൾ എല്ലാവർക്കും അഭിനന്ദനങ്ങൾ!

## 5. ഫാമിലി കൗൺസിലിംഗ് സെന്റർ

ജനുവരി 14-ാം തീയതി കേന്ദ്രസംസ്ഥാന സോഷ്യൽ വെൽഫെയർ ബോർഡിൽനിന്നും ഫാമിലി കൗൺസിലിംഗ് സെന്റർ ഇൻസ്പെക്ഷനായി ശ്രീ. ജോൺ ഡി വർഗ്ഗീസ് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി നടത്തിവരുന്ന ഫാമിലി കൗൺസിലിംഗ് സെന്ററിൽ ആറുമാസത്തിന്റെ കേസുകളുടെ വിലയിരുത്തലും ഫഡിംഗ് വിഷയവും ചർച്ചചെയ്തു.

## 6. മീറ്റിംഗിൽ പങ്കെടുത്തു

കണ്ണൂർ ജില്ലയിലെ ദുരന്തലഘൂകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി കണ്ണൂർ ജില്ലാ കളക്ടർ രൂപീകരിച്ച കണ്ണൂർ ജില്ലാ ഇന്റർ ഏജൻസി ഗ്രൂപ്പിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയോഗം ജനുവരി 15-ാം തീയതി ഡി.എം. ഡെപ്യൂട്ടി കളക്ടറുടെ അധ്യക്ഷതയിൽ കണ്ണൂർ കളക്ടറേറ്റിൽവച്ച് നടത്തിയ മീറ്റിംഗിൽ ടി.എസ്.എസ്.എസിന്റെ സ്റ്റാഫ് സി. ആഷ ജോർജ് എം.എം.എം പങ്കെടുത്തു.

## 7. ഹോട്ടൽ മാനേജ്മെന്റ്

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി നടത്തി വരുന്ന താജ് ഹോട്ടലുമായുള്ള കോഴ്സുകളിലേക്കുള്ള മൂന്നാമത്തെ ബാച്ച് ഇന്റർവ്യൂ ജനുവരി 17-ാം തീയതി നടത്തി. ആൺകുട്ടികളും പെൺകുട്ടികളുമായി പതിനേഴോളം പേർ ഇന്റർവ്യൂവിൽ പങ്കെടുത്തു. ഇവരെ പറഞ്ഞയച്ച മാതാപിതാക്കന്മാർക്കും ടി.എസ്.എസ്.എസിന്റെ എല്ലാ പ്രവർത്തകർക്കും നന്ദി. കഴിഞ്ഞ രണ്ട് ബാച്ചിലെ എല്ലാ വിദ്യാർത്ഥികളും പരിശീലനം പൂർത്തിയാക്കിയ 66 വിദ്യാർത്ഥികളും ഫൈവ് സ്റ്റാർ ഹോട്ടലുകളിൽ ജോലിയിൽ പ്രവേശിച്ചു. എല്ലാവർക്കും അഭിനന്ദനങ്ങൾ.

**8. ക്യാൻസർ സുരക്ഷ ഇൻഷൂറൻസ് പോളിസി**

കൊന്നക്കാട് ഡി.യു അംഗങ്ങൾക്കായി 04-01-2020ൽ ക്യാൻസർ സുരക്ഷാ പോളിസിയെക്കുറിച്ച് LIC ഓഫീസർ ശ്രീ. അഗസ്റ്റിനും ടി.എസ്.എസ്.എസ് സ്റ്റാഫ് ശ്രീ. ജോജോ ജോസും ക്ലാസ്സുകൾ നടത്തി. ഇതിൽ കവറേജുകളെക്കുറിച്ചും തവണകളെക്കുറിച്ചും ഈ പോളിസി എടുക്കുന്നതിലൂടെ ഗുണങ്ങളെ കുറിച്ചും ചർച്ചകൾ നടത്തി. 23-ാം തീയതി വരക്കാടും 24-ാം തീയതി പേരട്ടയിലും 25-ാം തീയതി മണിക്കടവും 30-ാം തീയതി ബെടൂരും ക്യാൻസർ സുരക്ഷാ പോളിസിയെക്കുറിച്ച് ക്ലാസ്സുകൾ നടത്തി.ക്ലാസ്സുകൾ വേണ്ട ഇടവകകൾ ടി.എസ്.എസ്.എസ്.ഭാരവാഹികളെ അറിയിക്കണം എന്ന് ഓർമ്മിപ്പിക്കുന്നു.

**9. CHAI - MIVA**

CHAI - LF ഉം ടി.എസ്.എസ്.എസും ചേർന്ന് ഭിന്നശേഷിക്കാരായ കുട്ടികൾക്കായി വിദ്യാഭ്യാസത്തിനും ചികിത്സയ്ക്കുമായി സഹായം ചെയ്തുവരുന്നു. ഈ പദ്ധതിയിൽ കണ്ണൂർ, കാസർഗോഡ് ജില്ലയിൽ നിന്നുള്ള 156 ഓളം കുട്ടികൾ ഉൾപ്പെട്ടിട്ടുണ്ട്. ഇവരുടെ വിവിധ ആവശ്യങ്ങൾക്കായും ടി.എസ്.എസ്.എസിന്റെ ഹെൽത്ത് പ്രോഗ്രാമിന്റെ മികച്ച പ്രവർത്തനങ്ങൾക്കായും ടി.എസ്.എസ്.എസിന് MIVA യുടെ സഹായത്തോടെ ആംബുലൻസ് സ്വന്തമായി ലഭിച്ചിട്ടുണ്ട്. നിർധനരായ കുടുംബങ്ങളുടെ മെഡിക്കൽ ആവശ്യത്തിനായി ഇതിന്റെ സൗകര്യം ലഭ്യമായിരിക്കുമെന്ന് സ്നേഹത്തോടെ അറിയിക്കുന്നു. ആംബുലൻസ് സ്വന്തമാക്കാൻ സഹായിച്ച CHAI യ്ക്കും MIVA യ്ക്കും നന്ദി അറിയിക്കുന്നു.

**10. ഭവന നിർമ്മാണ പദ്ധതി :** "സഹൃദയ" എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റി വെള്ളപ്പൊക്ക കെടുതിയിൽ ഭവനം നഷ്ടപ്പെട്ട രണ്ട് കുടുംബങ്ങൾക്ക് ഭവനം നിർമ്മിക്കുന്ന പദ്ധതിയിൽ നമ്മുടെ രൂപതയിലെ 2 ഭവനങ്ങൾ അംഗീകരിച്ചു. പേരട്ടയിലും വായാട്ടുപറമ്പിലും ആണ് ഭവനങ്ങൾ നിർമ്മിക്കുന്നത്. വീടിന്റെ പണി പുരോഗമിക്കുന്നു. ഈ രണ്ട് ഇടവകയിലെയും വികാരി അച്ചന്മാർക്കും ടി.എസ്.എസ്.എസ് അംഗങ്ങൾക്കും അർഹരായ കുടുംബങ്ങളെ കണ്ടെത്തിയതിന് അഭിനന്ദനങ്ങൾ!

**11. മീറ്റിംഗിൽ പങ്കെടുത്തു :** ജനുവരി 18-ാം തീയതി കോഴിക്കോട്വച്ച് NGO കൾക്ക് കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ നൽകുന്ന പദ്ധതികളെ സംബന്ധിച്ചുള്ള ഒരു ദിവസത്തെ ട്രെയിനിംഗ് ക്ലാസ് നടത്തപ്പെട്ടു. പ്രൊഫ. ഡോ. പ്രമീള ദേവി, ഡോ. ശിവൻ അമ്പാട്ട് എന്നിവർ ക്ലാസ്സുകൾ നയിച്ചു. ടി.എസ്.എസ്.എസ് സ്റ്റാഫ് തോമസ് ജോൺ ട്രെയിനിംഗ് ക്ലാസ്സിൽ പങ്കെടുത്തു.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കളരിമുറിയിൽ**
അസി. ഡയറക്ടർ

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ

# ACCOMPAINYING DEAF AND AWAKINING MISSION (ADAM)

- ജനുവരി 5-ാം തീയതി ആലക്കോട് ബധിര ബൈബിൾ കൂട്ടായ്മയിൽ ബലി യർപ്പിച്ച്, വേദോപദേശം നല്കി.
- 12-01-2020ന് ബാംഗ്ലൂർ ലാറ്റിൻ അതിരൂപതയുടെ ആഭിമുഖ്യത്തിൽ സെന്റ് ഫ്രാൻസീസ് കത്തീഡ്രൽ ദൈവാലയത്തിൽവച്ച് നടത്തപ്പെട്ട Inclusive Awareness Sunday (Towards an Inclusive Church) എന്ന വികലാം ഗർക്കായുള്ള ബലിയർപ്പണത്തിലും യോഗത്തിലും പങ്കുചേർന്നു. അതിരൂപ താദ്ധ്യക്ഷൻ മാർ പീറ്റർ മച്ചാഡോ (Machado) മുഖ്യകാർമ്മികത്വം വഹിച്ചു.

## ആലക്കോട് ബധിര ബൈബിൾ കൂട്ടായ്മ 16-ാം വാർഷിക ആഘോഷം ഫെബ്രുവരി 16

ആലക്കോട് സെന്റ് മേരീസ് ദൈവാലയത്തിൽവച്ച് ഫെബ്രുവരി 16-ാം തീയതി രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 മണിവരെ തലശ്ശേരി അതിരൂപതാ ആദം മിനിസ്ട്രിയുടെയും ആഭിമുഖ്യത്തിൽ ബധിര ബൈബിൾ കൂട്ടായ്മ വാർഷികം നടത്തപ്പെടുന്നു. 11.30ന് ആഘോഷമായ വി. ബലിക്ക് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം മുഖ്യ കാർമ്മികത്വം വഹിക്കുന്നു. വാർഷിക റിപ്പോർട്ടവതരണം, ആൽബം റിലീസിംഗ്, മുതിർന്നവരെ ആദരിക്കൽ, സ്നേഹവിരുന്ന് എന്നിവ യോടെ പരിപാടികൾ സമാപിക്കുന്നു.

NB: ബഹു. വികാരിയച്ചന്മാർ ബധിരരായവരെ ഈ വാർഷികാഘോഷത്തി ലേക്ക് പറഞ്ഞുവിടണമെന്ന് അഭ്യർത്ഥിക്കുന്നു.

## പ്രോഗ്രാം ഫെബ്രുവരി

02-02-2020 - വയനാട്, പൂമല - വി. കുർബാന, ക്ലാസ്സ്

08-02-2020 - തൃശൂർ, ആൽഫ ക്ലാസ്സ്

09-02-2020 - ബാംഗ്ലൂർ

15-02-2020 - കോഴിക്കോട്, എം.ജി.സി (KCBC ഫാമിലി കമ്മീഷൻ)

16-02-2020 - ആലക്കോട് ബധിര ബൈബിൾ കൂട്ടായ്മ വാർഷികം

**ഫാ. ജോർജ് കളരിമുറിയിൽ**

ഡയറക്ടർ

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2020 ഫെബ്രുവരി & മാർച്ച്

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

| | | |
|---|---|---|
| **ഫെബ്രു.** 2-7 | : | ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം |
| 8 | : | വചനാഗ്നി ബൈബിൾ കൺവെൻഷൻ |
| 16-20 | : | ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം |
| 21-23 | : | പരീക്ഷ ഒരുക്ക ധ്യാനം(എസ്.എസ്.എൽ.സി, പ്ലസ് ടു വിദ്യാർത്ഥികൾക്ക്) |
| **മാർച്ച്** 1-6 | : | ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം |
| 6-8 | : | തപസ്സ് ധ്യാനം |
| 14 | : | വചനാഗ്നി ബൈബിൾ കൺവെൻഷൻ |
| 15-20 | : | ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി**

**ഫോൺ: 0490-2493491, 9745017131, 0490 2491941**

| | | |
|---|---|---|
| **ഫെബ്രുവരി**01 | : | ഏകദിനധ്യാനം |
| 2-6 | : | ആന്തരിക സൗഖ്യ ധ്യാനം |
| 07 | : | ജാഗരണപ്രാർത്ഥന |
| 08 | : | കുട്ടികളുടെ ഏകദിനധ്യാനം |
| 15 | : | ഏകദിനധ്യാനം |
| 16-20 | : | ആന്തരിക സൗഖ്യ ധ്യാനം |
| 22 | : | ഏകദിനധ്യാനം |
| 29 | : | ഏകദിനധ്യാനം |
| **മാർച്ച്** | | |
| 1-5 | : | ആന്തരിക സൗഖ്യ ധ്യാനം |
| 7 | : | ഏകദിനധ്യാനം |
| 13 | : | ജാഗരണപ്രാർത്ഥന |
| 14 | : | കുട്ടികളുടെ ഏകദിനധ്യാനം |
| 15-19 | : | ആന്തരിക സൗഖ്യ ധ്യാനം |
| 21 | : | ഏകദിനധ്യാനം |
| 28 | : | ഏകദിനധ്യാനം |
| 29-ഏപ്രിൽ 2 | : | ആന്തരിക സൗഖ്യ ധ്യാനം |

**3. മൗണ്ട് കാർമ്മൽ പേരാവൂർ : ഫോൺ. 0490 2444595, 9446687556**

| | | |
|---|---|---|
| **ഫെബ്രു.**7-9 | : | ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം (വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ) |
| 21-23 | : | ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം |

**മാർച്ച്**

| | | |
|---|---|---|
| 6-8 | : | ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം (വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ) |
| 20-22 | : | ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം (വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ) |

**4. ദർശന ധ്യാന കേന്ദ്രം പുഷ്പഗിരി, തളിപ്പറമ്പ്**

**ഫോൺ :0460 2202613, 0460 2204556, 9447424076**

| | | |
|---|---|---|
| **ഫെബ്രു.**2-5 | : | പരിശുദ്ധാത്മാഭിഷേക ധ്യാനം(സി. സ്നേഹ & ടീം) |
| 14-16 | : | കുടുംബദർശന ധ്യാനം |
| 16-19 | : | ആന്തരികസൗഖ്യധ്യാനം |
| 20-23 | : | വ്യാഴം- ഞായർ) ഹീലിംഗ് & ഡെലിവറൻസ് ധ്യാനം- ഫാ. ജോസഫ് വയലിൽ |
| 23-28 | : | ദിവ്യകാരുണ്യാഭിഷേക ധ്യാനം (സന്യസ്തർക്ക്) |
| 1-4 | : | പരിശുദ്ധാത്മാഭിഷേക ധ്യാനം(സി. സ്നേഹ & ടീം) |
| 15-18 | : | ആന്തരികസൗഖ്യധ്യാനം |
| 20-22 | : | കുടുംബദർശന ധ്യാനം (ദമ്പതികൾക്കും യുവജനങ്ങൾക്കും) |
| 26-29 | : | ഹീലിംഗ് & ഡെലിവറൻസ് ധ്യാനം-ഫാ. ജോസഫ് വയലിൽ & ടീം |

**5. കൃപാലയം ധ്യാനകേന്ദ്രം, കാക്കേഞ്ചാൽ – ചെറുപുഴ,**

**ഫോൺ : 9526609050, 9447481643, 9496253756**

| | | |
|---|---|---|
| **ഫെബ്രു.** 6-21 | : | ആന്തരിക സൗഖ്യ ധ്യാനം |
| 4,11,18,25 | : | ഏകദിന കൺവെൻഷൻ |

**6. IMS ധ്യാന കേന്ദ്രം – കൂട്ടുപുഴ ഫോൺ: 9605907813, 9745292602**

| | | |
|---|---|---|
| **ഫെബ്രു.** 06 | : | ജാഗരണപ്രാർത്ഥന |
| 10-14 | : | ആന്തരിക ശാരീരിക സൗഖ്യ ധ്യാനം |
| 14-17 | : | വചനാഭിഷേക ധ്യാനം |
| 21-23 | : | മരിയൻ ധ്യാനം |
| 23 -26 | : | പരിശുദ്ധാത്മാഭിഷേക ധ്യാനം |

**7. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ: 0460-2264451**

| | | |
|---|---|---|
| **ഫെബ്രുവരി**01 | : | ഏകദിന കൺവൻഷൻ (കൗൺസിലിംഗിന് സൗകര്യം ഉണ്ടായിരിക്കും) |
| 09-13 | : | മരിയൻ ആന്തരീക സൗഖ്യ ധ്യാനം |
| 14 | : | ജാഗരണ പ്രാർത്ഥന |
| 23-27 | : | ആന്തരീകസൗഖ്യ ധ്യാനം |

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### ഡിസംബർ 2019

23 രാവിലെ കൊട്ടോടി ഇടവകയിൽ ഡീക്കന്മാരായ ജേക്കബ് വട്ടുകുളത്തിനും ജേക്കബ് പഞ്ഞിക്കുന്നേലിനും തിരുപ്പട്ടം നൽകി. തുടർന്ന് വെള്ളരിക്കുണ്ട് ഇടവകയിൽ കൊട്ടുകാപ്പള്ളി ജോസഫ്-മേരി ദമ്പതികളുടെ അറുപതാം വിവാഹവാർഷികത്തിൽ ആശംസകളറിയിച്ച് സംസാരിച്ചു. തുടർന്ന് കോടോത്ത് ഇടവക സന്ദർശിച്ചു. വൈകുന്നേരം മുളപ്ര ഇടവകയിൽ നാലു കുട്ടികൾക്ക് മാമ്മോദീസ നൽകി.

27 എടൂർ ഇടവകയിൽ ഡീക്കൻ തറപ്പിൽ തോമസ് ഒ.എഫ്.എം. ക്യാപിന് തിരുപ്പട്ടം നല്കി. ഉച്ചകഴിഞ്ഞ് അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു.

28 രാവിലെ ചായോത്ത് ഇടവകയിൽ ഡീക്കൻ തോമസ് വെള്ളൂർ പുത്തൻപുരയ്ക്ക് തിരുപ്പട്ടം നല്കി. ഉച്ചകഴിഞ്ഞ് ചെമ്പന്തൊട്ടി ഇടവകയിൽ ബഹു. തോമസ് തയ്യിലച്ചന്റെ ജൂബിലിയാഘോഷത്തിൽ ആശംസകളറിയിച്ച് സംസാരിച്ചു. തുടർന്ന് കണ്ണൂർ തെക്കിബസാർ ഹോളി ഫാമിലി ദൈവാലയത്തിൽ പടിഞ്ഞാറത്ത് ജേക്കബ് മകൾ റോസ്മേരിയും പാലാ രൂപത മണ്ണാറപ്പാറ ഇടവകാംഗം മാക്കീൽ സഞ്ജു സൈമൺന്റെയും മനസമ്മത ചടങ്ങിൽ പ്രാർത്ഥനാശംസകൾ നേർന്നു.

29 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന മതബോധന കമ്മീഷന്റെ പ്രതിഭാസംഗമത്തിൽ പങ്കെടുത്തു.

30 അതിരൂപതാകാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു.

31 തിരുമേനി ഇടവകയിൽ ഡീക്കൻ തൈമുറിയിൽ വർഗ്ഗീസ് സി.എം.ന് തിരുപ്പട്ടം നൽകി. തുടർന്ന് മാർ വള്ളോപ്പിള്ളി ഭവനനിർമ്മാണ പദ്ധതിയിൽ തിരുമേനി ഇടവക നിർമ്മിച്ചുനൽകിയ ഭവനം വെഞ്ചരിച്ചു. വൈകുന്നേരം നടവയൽ ഇടവകയിൽ തിരുനാൾ ആഘോഷത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

## ജനുവരി 2020

01 രാവിലെ മക്കിയാട് ബനഡിക്ടൻ ആശ്രമം സന്ദർശിച്ചു. തുടർന്ന് വഞ്ചോട് ഇടവകയിൽ ഡീക്കൻ മാത്യു കാരിക്കുന്നേൽ വി.സി.ക്ക് തിരുപ്പട്ടം നൽകി.

02 രാവിലെ മണിപ്പാറ ഇടവകയിൽ ഡീക്കൻ ജിനിൽ വടക്കേമുറി എം.സി.ബി.എസ്. ന് തിരുപ്പട്ടം നല്കി. തുടർന്ന് ഉളിക്കൽ ഇടവകയിൽ സജീവ് ജോസഫിന്റെ ഭവനം വെഞ്ചരിച്ചു. വൈകുന്നേരം മഞ്ഞളാംപുറം യു.പി. സ്കൂളിന്റെ വാർഷികാഘോഷത്തൽ അധ്യക്ഷത വഹിച്ചു.

3 ഉച്ചകഴിഞ്ഞ് വെളിമാനം ഇടവകയിൽ വി. ബലിയർപ്പിക്കുകയും നവീകരിച്ച പള്ളിമുറി വെഞ്ചരിക്കുകയും ചെയ്തു. അതിരൂപതാ കാര്യാലയത്തിൽ നടന്ന കൂരിയ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

4 രാവിലെ മാമ്പോയിൽ ഇടവകയിൽ ഓസ്ട്രേലിയായിലെ സെയ്ൽ രൂപതാംഗമായ ഡീക്കൻ സ്റ്റാൻലി കിഴക്കേലിന് തിരുപ്പട്ടം നല്കി. തുടർന്ന് തളിപ്പറമ്പ് ഇടവകയിൽ മാർ വള്ളോപ്പിള്ളി ഭവനനിർമ്മാണ പദ്ധതിയിൽ നിർമ്മിച്ച ഭവനം വെഞ്ചരിച്ചു.

5 രാവിലെ ബാലേശുഗിരി ഇടവകയുടെ സുവർണ്ണ ജൂബിലിയാഘോഷത്തിൽ വി.ബലിയർപ്പിച്ച് സന്ദേശം നല്കി.

6 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന സ്ഥിരം സിനഡിൽ പങ്കെടുത്തു.

7-11 കാക്കനാട് നടന്ന സീറോ മലബാർ സിനഡിൽ പങ്കെടുത്തു.

12 ചെമ്മലമറ്റം ഇടവകയിൽ ബഹു. നരിപ്പാറ ജോർജച്ചന്റെ മാതാവ് പരേതയായ അന്നമ്മ നരിപ്പാറയുടെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

13-15 സീറോ മലബാർ സിനഡിൽ പങ്കെടുത്തു.

16 രാവിലെ അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് ചെമ്പന്തൊട്ടി ഇടവകയിൽ നിര്യാതരായ മേച്ചരിൽ മാത്യു-ലില്ലി ദമ്പതികളുടെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം അതിരൂപത കാര്യാലയത്തിൽ വൈദികരുടെ മാസധ്യാനത്തോടനുബന്ധിച്ചുള്ള ചർച്ചകൾക്ക് നേതൃത്വം കൊടുത്തു.

17 രാവിലെ അതിരൂപത കാര്യാലയത്തിൽ സന്ദർശകരായെത്തിയ വൈദികരോടും സന്യസ്തരോടുമൊപ്പം സമയം ചിലവഴിച്ചു. ഉച്ചകഴിഞ്ഞ് മാനന്തവാടി രൂപതയിലെ കേണിച്ചിറ ഇടവകയുടെ സുവർണ്ണ ജൂബിലിയാഘോഷത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

18 രാവിലെ കാർത്തികപുരം ഇടവകയിൽ ബഹു. ജോഷി നിരപ്പേലച്ചന്റെ

പൗരോഹിത്യ രജത ജൂബിലിയാഘോഷത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി. ഉച്ചകഴിഞ്ഞ് കരുവഞ്ചാൽ ഇടവകയിൽ നടന്ന കുടുംബകൂട്ടായ്മ ഭാരവാഹികളുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു. വൈകുന്നേരം രത്നഗിരി ഇടവകയിൽ സുവർണ്ണജൂബിലി സമാപനത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

19 വൈകുന്നേരം ധർമ്മശാലയിലുള്ള ലക്സോട്ടിക്ക കൺവെൻഷൻ സെന്ററിൽ നടന്ന ദീപിക കണ്ണൂർ യൂണിറ്റ് രജത ജൂബിലി സമാപനാഘോഷത്തിൽ അധ്യക്ഷത വഹിച്ചു.

20 രാവിലെ വിളക്കന്നൂർ ഇടവകയിൽ വടക്കുംമുറിയിൽ സുനിലിന്റെ മകൻ മാത്യുവിന് മാമ്മോദീസ നല്കി. തുടർന്ന് മണക്കടവ് ഇടവകയിൽ പൂവത്തിങ്കൽ ബൈജു-ലിൻഡ ദമ്പതികളുടെ മകൻ റോഹന്റെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് ആലക്കോട് സെന്റ് മേരീസ് ഫൊറോന ദൈവാലയം കൂദാശ ചെയ്തു. തുടർന്ന് കരുവഞ്ചാൽ ഹോസ്പിറ്റലിൽ രോഗബാധിതനായ കട്ടയ്ക്കൽ സക്കറിയാസച്ചനെ സന്ദർശിച്ചു.

21 രാവിലെ പേരട്ട ഇടവകയിൽ പുതിയതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെയും സ്കൂളിന്റെയും ശിലാസ്ഥാപനം നടത്തി. തുടർന്ന് കിളിയന്തറ എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ സന്യാസിനികളുടെ രജത ജൂബിലിയാഘോഷത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി. ഉച്ചക്ക് കുന്നോത്ത് ഗുഡ് ഷെപ്പേർഡ് സെമിനാരിയും നസ്രത്ത് ജനറലേറ്റും സന്ദർശിച്ചു. വൈകുന്നേരം എടത്തൊട്ടി നവജ്യോതി സീനിയർ സെക്കന്ററി സ്കൂൾ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു.

22 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു.

23. അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരായെത്തിയ വൈദികരോടും സിസ്റ്റേഴ്സിനോടുമൊപ്പം സമയം ചിലവഴിച്ചു. ഉച്ചകഴിഞ്ഞ് മണ്ടളം ഇടവകയുടെ രജത ജൂബിലിയാഘോഷത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

24. രാവിലെ പിലാത്തറയിൽ നടന്ന കണ്ണൂർ രൂപത ബൈബിൾ കൺവെൻഷനിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി. ഉച്ചകഴിഞ്ഞ് ചെറുപുഴ കൃപാലയത്തിൽ നടന്ന കുടുംബകൂട്ടായ്മ ഭാരവാഹികളുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു. വൈകുന്നേരം മണ്ഡപം ഇടവകയുടെ സുവർണ്ണജൂബിലിയാഘോഷത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കുകയും തുടർന്ന് നടന്ന സാംസ്കാരിക സമ്മേളനത്തിൽ അധ്യക്ഷം വഹിക്കുകയും ചെയ്തു. അവിടെ പുതിയതായി നിർമ്മിച്ച സ്കൂൾ ഓഫീസും സ്മാർട്ട് റൂം വെഞ്ചരിച്ചു.

25 രാവിലെ തലശ്ശേരി മൈനർ സെമിനാരിയിൽ നടന്ന മാർ വള്ളോപ്പിള്ളി സ്മാരക ഇന്റർ സെമിനാരി ബാസ്ക്കറ്റ്ബോൾ ടൂർണമെന്റ് ഉദ്ഘാടനം ചെയ്തു. തുടർന്ന് ചെമ്പേരി ഇടവകയിൽ കുളത്തറ അനീഷ് അച്ചന്റെ തറവാട് വീട് വെഞ്ചരിച്ചു.

11 മണിക്ക് ചെമ്പേരി മദർതെരേസ ഓഡിറ്റോറിയത്തിൽ നടന്ന ചെറുപുഴ്പ മിഷൻലീഗ് ഡയറക്ടേഴ്സ് - വൈസ് ഡയറക്ടേഴ്സ് മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് പാടാൻകവല ഇടവകയുടെ പുതിയദൈവാലയം കൂദാശചെയ്ത് വി. ബലിയർപ്പിച്ചു. വൈകുന്നേരം കരുണാലയം സന്ദർശിച്ചു.

26 പൂപ്പറമ്പ് ഇടവകയിൽ കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണത്തിൽ വി.ബലിയർപ്പിച്ച് സന്ദേശം നല്കി. തുടർന്ന് കരുവഞ്ചാൽ ശാന്തിഭവൻ സന്ദർശിച്ചു. വൈകുന്നേരം ഭീമനടി ഇടവകയുടെ സുവർണ്ണ ജൂബിലിയാഘോഷത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കുകയും തുടർന്ന് നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. തുടർന്ന് കോടോപ്പള്ളി ഇടവകയിൽ വാഹനാപകടത്തിൽ മരിച്ച ഇടവക കൈക്കാരൻ ശ്രീ സോവിച്ചൻ ചേപ്പുകാലായുടെ ഭവനംസന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് ചെറുപാറ ഇടവകയിൽ നിര്യാതനായ ജോൺ കോവൂർപുത്തൻപുരയുടെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

❖❖❖

# Programme of the Archbishop
## MAR GEORGE NJARALAKATT

## FEBRUARY 2020

| | | |
|---|---|---|
| 1-9 | - | Germany |
| 10 | - | Kunnoth Seminary Commission |
| 11 | - | Jadkal |
| 12-19 | - | CBCI - Bangalore |
| 20 | - | Visitors' day |
| 5.00 pm | - | Nellikkutty |
| 21 | - | Retirement of teachers - Sandesabhavan |
| 22 | - | Melmuringody – Church blessing |
| 23 | - | Champakkulam |
| 24 | - | Ash Monday - Cathedral |
| 25 | - | Presbyteral Council |
| 26 | - | Religious Superiors meeting-Sandhesabhavan |
| 27 | - | Visitors' day |
| 28 | - | Ernakulam |
| 29 | - | Pastoral Council |

## MARCH 2020

| | | |
|---|---|---|
| 01 | - | Pastoral Visit |
| 02 | - | Chemperi |
| 03 | - | Catechism Council - Sandesabhavan |
| 4-25 | - | Australia |

**Secretary to the Archbishop**

❖❖❖

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### 2019 ഡിസംബർ

28 9 മണിക്ക് നെല്ലിക്കാംപൊയിൽ ഇടവകയിൽ ഡീക്കൻ ഐഫൻസ് തറപ്പേൽ എം.എസ്.എസ്.സി.സി. ക്ക് തിരുപ്പട്ടം നല്കി. ഉച്ചകഴിഞ്ഞ് ചെമ്പന്തൊട്ടി ഇടവകയിൽ ബഹുമാനപ്പെട്ട തോമസ് തയ്യിലച്ചന്റെ പൗരോഹിത്യ രജതജൂബിലിയാഘോഷത്തിൽ വി. ബലിയർപ്പിച്ചു. തുടർന്ന് അനുമോദന സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

29 കരിക്കോട്ടക്കരി ഇടവകയിൽ ശ്രീ മാണി കണ്ടത്തിൽ സാറിന്റെ വിവാഹത്തിന്റെ സുവർണ്ണ ജൂബിലിയാഘോഷത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി. തുടർന്ന് നടന്ന അനുമോദന സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം കിളിയന്തറ എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു. തുടർന്ന് എടൂർ ഇടവകയിൽ ബഹു. കുടിലിൽ ജോർജച്ചന്റെ ചാച്ചനെ സന്ദർശിച്ചു.

30 കരിക്കോട്ടക്കരി ഇടവകയിൽ ഡീക്കൻ ജെസ്സൽ കണ്ടത്തിൽ എം.എസ്.എസ്.സി.സി. ക്ക് തിരുപ്പട്ടം നല്കി.

31 ചെറുപാറ ഇടവകയിൽ ഡീക്കൻ വള്ളിയിൽ തോമസിന് തിരുപ്പട്ടം നല്കി. തുടർന്ന് വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജ് സന്ദർശിച്ചു. വൈകുന്നേരം ഏറ്റുപാറ ഇടവകയിൽ മടുക്കകുഴി ജിമ്മിയുടെ പുതിയ ഭവനത്തിന് തറക്കല്ലിട്ടു.

### 2020 ജനുവരി

02 പാലാവയൽ ഇടവകയിൽ നിര്യാതനായ പെരിങ്ങല്ലൂർ ഏലിക്കുട്ടിയുടെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

03 ബാലേശുഗിരി ഇടവകയുടെ സുവർണ്ണജൂബിലിയാഘോഷത്തിൽ വി. കുർബ്ബാനയർപ്പിച്ച് സന്ദേശം നല്കി. തുടർന്നു നടന്ന സാംസ്കാരിക സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

04 ഇരിട്ടി ഇടവകയിൽ കുളത്തിങ്കൽ ലിസ്സി-ലൂക്കായുടെ മകൾ ടിന്റു ലൂക്കായുടെ മനസ്സമ്മതം നടത്തി.

05 മെഡിക്കൽ സിസ്റ്റേഴ്സ് സെന്റ് ജോസഫ് സന്യാസസമൂഹത്തിന്റെ കോഴിക്കോട് സെന്റ് തോമസ് പ്രൊവിൻസ് അംഗം പരേതയായ സി. എലിസബത്ത് കണ്ടത്തിനാട്ടിലിന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

7-11 കാക്കനാട് നടന്ന സീറോമലബാർ സിനഡിൽ പങ്കെടുത്തു.

12 മണിമല ഇടവകയിൽ നിര്യാതനായ തോമസ് മണ്ണാർകുളത്തിൽ അച്ചനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

12 ചെമ്മലമറ്റം ഇടവകയിൽ ബഹു. ജോർജ് നരിപ്പാറ അച്ചന്റെ അമ്മ പരേതയായ ശ്രീ അന്നമ്മ നരിപ്പാറയുടെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു.

13-15 സീറോമലബാർ സിനഡിൽ പങ്കെടുത്തു.

16 പാലാരൂപതയിൽ മുളങ്കുളം ഇടവകയിൽ കൂവപ്പാറ ജോണച്ചന്റെ സഹോദരൻ ജിബിൻ-ലെസ്‌ലി പുതിയിടത്ത് എന്നിവരുടെ വിവാഹം ആശീർവദിച്ചു.

18 ചരൾ ഇടവകയിൽ വാഴക്കാലായിൽ മാണി-മേരി ദമ്പതികളുടെ അറുപതാം വിവാഹവാർഷികത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി. ഉച്ചക്ക് തളിപ്പറമ്പ് ഇടവകയിൽ കുറ്റാത്ത് മെർലിന്റെയും ബത്തേരി ഇടവകാംഗമായ കൂവക്കൽ അബ്രാഹത്തിന്റെയും മനസ്സമതം നടത്തി.

19 അടയ്ക്കാത്തോട് ഇടവകയിൽ നെല്ലിക്കുന്നേൽ ആൽബിൻ ക്ലീറ്റസിന്റെയും പൈസക്കരി ഇടവകാംഗമായ താന്നിക്കൽ മെർലിന്റെയും വിവാഹം ആശീർവദിച്ചു.

20 പേരട്ട ഇടവകാംഗമായ പൊട്ടക്കുളം ജോസഫും ചെറുപാറ ഇടവകാംഗമായ നരിയാനിക്കൽ മേരിയുടെയും വിവാഹം ഇരിട്ടി ജോസഫ്സ് ദൈവാലയത്തിൽ ആശീർവദിച്ചു. ഉച്ചകഴിഞ്ഞ് ആലക്കോട് സെന്റ് മേരീസ് ഇടവകയുടെ കൂദാശകർമ്മത്തിൽ വി. ബലിയർപ്പിച്ചു. തുടർന്ന് കരുവഞ്ചാൽ ഹോസ്പിറ്റലിൽ രോഗബാധിതനായ ബഹു. കട്ടക്കൽ സഖറിയാസ് അച്ചനെ സന്ദർശിച്ചു.

21 രാവിലെ പാലാ ബിഷപ്സ്ഹൗസ് സന്ദർശിച്ചു. പാലാ കത്തീഡ്രൽ ദൈവാലയത്തിൽവച്ച് മറ്റം അബ്രാഹത്തിന്റെയും പുളിക്കൽ ജൂലിയറ്റിന്റെയും വിവാഹം ആശീർവദിച്ചു. തുടർന്ന് കാഞ്ഞിരപ്പള്ളി രൂപതാകാര്യാലയത്തിൽ പിതാക്കന്മാരെ സന്ദർശിച്ചു.

22 പുഞ്ചവയൽ ഇടവകയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് നല്ലത്തണ്ണി ആശ്രമത്തിൽ ബഹു. സേവ്യർ കൂടപ്പുഴ അച്ചനെ സന്ദർശിച്ചു.

25 പാദുവ പള്ളിയിൽ കൈതക്കാവിൽ അജി ജോസഫിന്റെയും ധന്യയുടെയും മകൻ ദാനിയേലിന് മാമ്മോദീസ നല്കി. തുടർന്ന് അവരുടെ വീട് വെഞ്ചരിച്ചു.

26 കോതമംഗലം രൂപതയിലെ ആനിക്കാട് പള്ളിയിൽ കൊച്ചുമുട്ടം പോളിന്റെയും ചങ്ങനാശ്ശേരി അതിരൂപതയിലെ വെട്ടിമുള ഇടവകാംഗം വട്ടമലയിൽ ത്രേസ്യാമ്മയുടെയും വിവാഹം ആശീർവദിച്ചു.

# Programme of the Archbishop Emeritus
# Mar George Valiamattam

## FEBRUARY 2020

| | | | |
|---|---|---|---|
| 01 | 10.00 am | - | Chempanthotty |
| | 2.00 pm | - | Kalluvayal |
| 02 | 4.00 pm | - | Malome |
| 03 | | - | Kanjirappally - Installation of Mar Jose Pulickal |
| 07 | | - | Changanacherry |
| 08 | | - | Kodencherry |
| 11 | | - | Engaged |
| 12 | | - | Randamkadavu |
| 13 | | - | Venappara |

**Secretary to the Archbishop Emeritus**

❖❖❖

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

## 2019 ഡിസംബർ

25 മണിക്കടവ് സെന്റ് തോമസ് ഇടവകയിൽ തിരുപ്പിറവിയാഘോഷത്തിൽ വി.ബലിയർപ്പിച്ച് സന്ദേശം നല്കി. തുടർന്ന് പുറവയൽ ഇടവകയിൽ പുതിയതായി നിർമ്മിച്ച കുരിശടിയും കൊടിമരവും വെഞ്ചരിച്ച് വി. ബലിയർപ്പിക്കുകയും ക്രിസ്മസ് സന്ദേശം നല്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് പുറവയൽ ഇടവകയിൽ നിര്യാതനായ വള്ളിപ്പറമ്പിൽ സന്ദീപിന്റെ ഭവനത്തിലെത്തി ഒപ്പീസ്ചൊല്ലി പ്രാർത്ഥിച്ചു.

26 ഉച്ചകഴിഞ്ഞ് കല്ല്യോട്ട് ശ്രീ ഭഗവതി ക്ഷേത്രത്തിൽ പെരുങ്കളിയാട്ട മഹോത്സവത്തോടനുബന്ധിച്ചുള്ള സാംസ്കാരികസമ്മേളനത്തിൽ മുഖ്യാഥിതിയായി പ്രസംഗിച്ചു. തുടർന്ന് പുളിങ്ങോം ഇടവകയിൽ നടന്ന കെ.സി.വൈ.എം. ന്റെ 'റൂട്ട്സ്' ആഘോഷം ഉദ്ഘാടനം ചെയ്തു.

27 കണ്ണൂർ രൂപത മരിയാപുരം നിത്യസഹായമാതാ ഇടവകയിൽ ഡീക്കൻ പ്രഭാത് നിരപ്പിൽ സി.എസ്.ടിക്ക് തിരുപ്പട്ടം നല്കി. വെള്ളരിക്കുണ്ട് ദൈവാലയത്തിൽ നടന്ന കാസർഗോഡ് കരിസ്മാറ്റിക് സോണിന്റെ കുടുംബകൂട്ടായ്മയിൽ പ്രസംഗിച്ചു. വൈകുന്നേരം പാണത്തൂർ ഇടവകയിൽ ബഹു. വള്ളിമല ജോർജച്ചന്റെ പൗരോഹിത്യ രജത ജൂബിലിയാഘോഷത്തിൽ ആശംസകളറിയിച്ച് സംസാരിച്ചു. തുടർന്ന് ബഹു. സോണി വടശ്ശേരിയച്ചന്റെ ഭവനം സന്ദർശിച്ചു. ശേഷം പടന്നക്കാട് റീജിയണൽ ബിഷപ്സ് ഹൗസിൽ ബഹു. മോൺ. ജോസഫ് ഒറ്റപ്ലാക്കലച്ചന്റെ ജന്മദിനാഘോഷത്തിൽ ആശംസകളർപ്പിച്ച് സംസാരിച്ചു.

28 പടന്നക്കാട് ഇടവകയിൽ ഡീക്കൻ ജോൺസൺ പടിഞ്ഞാറയിലിന് തിരുപ്പട്ടം നല്കി. തുടർന്ന് കാവുംതല ഇടവകയിൽ ബഹു. സി. ഡിഗ്ന എം.എസ്.എം.ഐയുടെ ജൂബിലിയാഘോഷത്തിൽ ആശംസകളറിയിച്ച് സംസാരിച്ചു.

ഉച്ചയ്ക്ക് കുട്ടാപറമ്പ് ഇടവകയിൽ ആദ്യകുർബ്ബാന സ്വീകരിച്ച റോൺ റിജോഫിന് ആശംസകളറിയിച്ചു. വൈകുന്നേരം ചെമ്പന്തൊട്ടി ഇടവകയിൽ ബഹു. സണ്ണി തയ്യിലച്ചന്റെ പൗരോഹിത്യ രജത ജൂബിലിയാഘോഷത്തോടനുബന്ധിച്ചുള്ള അനുമോദന സമ്മേളന ത്തിൽ ആശംസകളറിയിച്ച് സംസാരിച്ചു. തുടർന്ന് വൈകുന്നേരം ചെമ്പേരി

വിമൽജ്യോതി എൻഞ്ചിനിയറിംഗ് കോളേജിൽ നടന്ന ജീസസ് യൂത്ത് ക്യാമ്പിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി. ശേഷം പേരട്ട ഇടവകയിൽ ജൂബിലിയാഘോഷിക്കുന്ന സി. എൽസീന എസ്.എ.ബി.എസ്. ന്റെ ഭവനം സന്ദർശിച്ച് പ്രാർത്ഥിച്ചു.

29 ആനമഞ്ഞൾ ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നല്കി. ഉച്ചകഴിഞ്ഞ് ബെഡൂർ ഇടവകയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് പ്രളയ ബാധിതർക്കായി നിർമ്മിച്ചു നല്കിയ അഞ്ച് ഭവനങ്ങളുടെ താക്കോൽ ദാനം നിർവഹിച്ചു. വൈകുന്നേരം പടന്നക്കാട് ഗുഡ് ഷെപ്പേർഡ് പാസ്റ്ററൽ സെന്ററിൽ നടന്ന ബാച്ച് ഗാതറിംഗിൽ പങ്കെടുത്തു.

30 രാവിലെ പടന്നക്കാട് ഇടവകയിൽ പൗരോഹിത്യ സ്വീകരണത്തിന്റെ 23-ാം വാർഷികാഘോഷത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. തുടർന്ന് ചൂരപ്പടവ് ഇടവകയിൽ ഡീക്കൻ മൈക്കിൾ മഞ്ഞക്കുന്നേലിന് തിരുപ്പട്ടം നല്കി. ഉച്ചകഴിഞ്ഞ് വായാട്ടുപറമ്പ് ഇടവകയിൽ ബഹു. കളരിക്കൽ കുര്യാക്കോസ് അച്ചന്റെ പൗരോഹിത്യ രജതജൂബിലിയാഘോഷത്തിൽ സന്ദേശം നല്കി. വൈകുന്നേരം ചെമ്പേരി ഇടവകയിൽ കെ.സി.വൈ.എം- “സത്യമറിയാൻ” പരിപാടിയുടെ ഷൂട്ടിംഗിൽ പങ്കെടുത്തു.

31 രാവിലെ കുടിയാന്മല ഇടവകയിൽ ഡീക്കൻ അഖിൽ തട്ടാപറമ്പിൽ സി.എസ്.ടി.ക്ക് തിരുപ്പട്ടം നല്കി. ഉച്ചകഴിഞ്ഞ് വിളക്കന്നൂർ ഇടവകയിൽ ഡീക്കന്മാരായ നിതിൻ കവളമാക്കൽ OFM conv. തിരുപ്പട്ടം നല്കി. വൈകുന്നേരം ചേപ്പറമ്പ് ഇടവകയിൽ കെ.സി.വൈ.എം - സത്യമറിയാൻ പരിപാടിയുടെ ഷൂട്ടിംഗിൽ പങ്കെടുത്തു.

## 2020 ജനുവരി

01 രാവിലെ പുളിങ്ങോം ഇടവകയിൽ ഡീക്കന്മാരായ നൂറനാനിക്കൽ മനു എം.സി.ബി.എസ്., വെട്ടിക്കാട്ടിൽ പ്രിൻസ് എം.സി.ബി.എസ്. എന്നിവർക്ക് തിരുപ്പട്ടം നല്കി.

02 രാവിലെ കരുണാപുരം സെന്റ് ജൂഡ് ഇടവകയിൽ തിരുനാളാഘോഷത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നലകി. പയ്യന്നൂർ ഇടവകയിൽ നിര്യാതനായ മുറിഞ്ഞകല്ലേൽ മാത്യു സാറിന്റെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് നീലേശ്വരം ഇടവകയിൽ വട്ടംകുളം ഷീൻ-ലീന ദമ്പതികളുടെ മകൻ എഫ്രേമിന്റെ ആദ്യകുർബാന സ്വീകരണത്തിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. വൈകുന്നേരം മാവുങ്കാൽ സി.എം.ഐ. ആശ്രമത്തിൽ നടന്ന

ചാവറപിതാവിന്റെ തിരുനാൾ ആഘോഷത്തിൽ ആശംസകളറിയിച്ച് സംസാരിച്ചു.

03 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്റ്റാഫ് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

04 രാവിലെ ചരൾ ഇടവകയിൽ കൂറ്റനാൽ ബെന്നി എം.എസ്.എഫ്. എസിന്റെ രജതജൂബിലിയാഘോഷത്തിൽ വി.ബലിയർപ്പിച്ച് ആശംസ കളർപ്പിച്ച് സംസാരിച്ചു. ഉച്ചകഴിഞ്ഞ് ചുണ്ടപ്പറമ്പ് ഇടവകയിൽ അജപാലന സന്ദർശനത്തിനോടനുബന്ധിച്ച് കിടപ്പുരോഗികളുടെ ഭവനം സന്ദർശിച്ചു. തുടർന്ന് ബാലേശുഗിരി ഇടവകയിൽ സുവർണ്ണ ജൂബിലിയോഘഷ ത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

05 ചുണ്ടപ്പറമ്പ് ഇടവകയിൽ അജപാലനസന്ദർശനം നടത്തി. വൈകുന്നേരം ചുണ്ടപ്പറമ്പ് ഇടവക തേവർകുന്നേൽ ജിസ്ന ജോണിന്റെ മനസമ്മതത്തോടനുബന്ധിച്ച് ഭവനത്തിലെത്തി പ്രാർത്ഥിച്ചു.

06 ജോസ്ഗിരി ഹോസ്പിറ്റലിൽ എസ്.എ.ബി.എസ്. സന്യാസിനി സമൂത്തിലെ സിസ്റ്റേഴ്സിന്റെ ജൂബിലിയാഘോഷത്തിൽ വി.ബലിയർപ്പിച്ച് സന്ദേശം നല്കി. തുടർന്ന് അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് ചെമ്പേരി എൻജിനീയറിങ് കോളേജിൽ AIFL ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജർമ്മൻ ഭാഷ പുതിയ ബാച്ച് ഉദ്ഘാടനം ചെയ്തു.

7-15 കാക്കനാട് നടന്ന സീറോമലബാർ സിനഡിൽ പങ്കെടുത്തു.

16 രാവിലെ അതിരൂപത കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

17 ഇരിങ്ങാലക്കുട രൂപതയിൽ നടന്ന പ്രോലൈഫ് ഇന്റർ നാഷണൽ സെമിനാറിൽ പ്രബന്ധമവതരിപ്പിച്ചു.

18 അതിരൂപത കാര്യാലയത്തിൽ നടന്ന സി.എം.എൽ എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ പങ്കെടുത്തു. തുടർന്ന് സന്ദർശകരെ സ്വീകരിച്ചു. മാനന്തവാടി രൂപതയിലെ മരകാവ് ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നല്കി. വൈകുന്നേരം പടന്നക്കാട് റീജിയണൽ ബിഷപ്സ് ഹൗസിൽ വിശ്രമിച്ചു.

19 രാവിലെ പേരിയ ഇടവകയിൽ അജപാലന സന്ദർശനം നടത്തി. ഉച്ചകഴിഞ്ഞ് ഉദയപുരം ഇടവകയുടെ സുവർണ്ണജൂബിലി സമാപനാഘോഷത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

20 രാവിലെ  അതിരൂപതാകാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. തുടർന്ന് 12 മണിക്ക് ചെമ്പേരി ഇടവകയിൽ മുണ്ടക്കാട്ട് അഗസ്റ്റിൻ -

മേരി ദമ്പതികളുടെ നാലാമത്തെ കുട്ടിക്ക് മാമ്മോദീസ നല്കി. ഉച്ചകഴിഞ്ഞ് ആലക്കോട് സെന്റ് മേരീസ് ദൈവാലയത്തിന്റെ കൂദാശകർമ്മ തിരുക്കർമ്മങ്ങളിൽ സഹകാർമ്മികത്വം വഹിക്കുകയും സന്ദേശം നല്കുകയും ചെയ്തു. തുടർന്ന് കരുവഞ്ചാൽ ഹോസ്പിറ്റലിൽ രോഗബാധിതനായ ബഹു. കട്ടക്കലച്ചനെ സന്ദർശിച്ചു.

21 ചെമ്പേരി മദർതെരേസ ഓഡിറ്റോറിയത്തിൽ നടന്ന കുടുംബകൂട്ടായ്മ ഭാരവാഹികളുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് പേരിയ ഇടവകയിൽ പുതിയതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ ശിലാസ്ഥാപനം നടത്തി.

22 പാലാവയൽ ഇടവകയിൽ പരേതനായ ജോസഫ് പഞ്ഞിക്കുന്നേലിന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് പടന്നക്കാട് റീജിയണൽ ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീക രിച്ചു. ഉച്ചകഴിഞ്ഞ് ഗുഡ് ഷെപ്പേർഡ് പാസ്റ്ററൽ സെന്ററിൽ നടന്ന കാസർഗോഡ് റീജിയണൽ കുടുംബകൂട്ടായ്മ ഭാരവാഹികളുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു. തുടർന്ന് പറമ്പ ഇടവകയിൽ പുതിയതായി നിർമ്മിച്ച ബലിപീഠം കൂദാശചെയ്ത് വി. ബലിയർപ്പിക്കുകയും സന്ദേശം നല്കുകയും ചെയ്തു.

23 പത്തനംതിട്ട മലങ്കര രൂപത യുവജനകൺവൻഷൻ നയിച്ചു.

24 പത്തനംതിട്ട രൂപതയിലെ അച്ചന്മാർക്കും സിസ്റ്റേഴ്സിനും പാരീഷ്കൗൺസിൽ അംഗങ്ങൾക്കും ക്ലാസ്സെടുത്തു.

25 ബാംഗ്ലൂർ ധർമ്മാരാം സെന്റ് തോമസ് ഇടവകയിൽ മഠത്തിപ്പറമ്പിൽ അലൻ-ചൂനാട്ട് റിറ്റി ദമ്പതികളുടെ വിവാഹം ആശീർവദിച്ചു.

വൈകുന്നേരം ഹുളിമാവ് ഇടവകതിരുനാൾ ആഘോഷത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

26 രാവിലെ കരിക്കോട്ടക്കരി ഇടവകത്തിരുനാൾ ആഘോഷത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി. വൈകുന്നേരം ചുങ്കത്തറ വലിയ പള്ളിയിൽ നടന്ന മലങ്കര മാർതോമ സുറിയാനി സഭ കോഴിക്കോട് ഭദ്രാസന ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി.

❖❖❖

# Programme of the Auxiliary Bishop
## MAR JOSEPH PAMPLANY

**FEBRUARY 2020**

| | | | |
|---|---|---|---|
| 01 | 10. 00 am | - | Ernakulam |
| | 02.00 pm | - | Potta |
| 02 | 10.00 am | - | Mandalam |
| | 02.30 pm | - | Chemperi |
| | 06.00 pm | - | Nellickampoil |
| 03 | | - | Kanjirappally |
| 04 | | - | Padannakkad |
| 05 | | - | Padannakkad |
| | 04.00 pm | - | Malome |
| 06 | 04.00 pm | - | Sandhesabhavan |
| | 06.00 pm | - | Ponniam |
| 07 | 04.00 pm | - | Chedikulam |
| 08 | 10.00 am | - | Minor Seminary |
| | 04.30 pm | - | Peravoor |
| 09 | | - | Angadikadav |
| 10 | 10.00 am | - | Randamkadav |
| | 05.00 pm | - | Pullurampara |
| 11 | | - | Nirmalagiri College |
| 12 | 09.00 am | - | Kanyakumari |
| | 02.00 pm | - | Thuckalay |

| | | | |
|---|---|---|---|
| 13-19 | | - | CBCI - Bangalore |
| 20-21 | | - | Lucknow |
| 22 | 10.00 am | - | Alakode |
| | 04.00 pm | - | Mulapra |
| 23 | | - | Alappuzha |
| 25 | 10.00 am | - | Presbyteral Council |
| | 4.00 pm | - | Kottukapara |
| 26 | 10.00 am | - | Religious Superiors meeting Sandhesabhavan |
| | 05.00 pm | - | Parappa |
| 27 | | - | Padannakkad |
| 28 | 4.00 pm | - | Iritty Charismatic Convention |
| 29 | | - | Pastoral Council |

**Secretary to the Auxiliary Bishop**

❖❖❖